**പന്ത്രണ്ടാം കേരള നിയമസഭ**

രണ്ടാം സമ്മേളനം

**നിയമസഭാ നടപടികൾ–സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2006 ഒക്ടോബർ 18, ബുധൻ

നിയമസഭ രാവിലെ 8–30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**അടിയന്തിരപ്രമേയം**

സംസ്ഥാനത്തെ വിവിധ യൂണിവേഴ്സിറ്റികളുടെ സിൻഡിക്കേറ്റുകൾ പിരിച്ചുവിട്ട് ഭരണസ്തംഭനം ഉണ്ടാക്കാനുള്ള ശ്രമം

മി. സ്പീക്കർ: കാലടി, കണ്ണൂർ, മഹാത്മാഗാന്ധി, കൊച്ചി സർവ്വകലാശാലകളിലെ വൈസ്ചാൻസലർമാരെ ഒഴിവാക്കുവാനും ഭരണസ്തംഭനം സൃഷ്ടിച്ച് സിൻഡിക്കേറ്റുകൾ പിരിച്ചുവിട്ട് യൂണിവേഴ്സിറ്റി കളുടെ ആട്ടോണമി തകർക്കുവാനും നടത്തുന്ന ശ്രമങ്ങൾ രക്ഷകർത്താക്കളിലും വിദ്യാർത്ഥികളിലും വിദ്യാഭ്യാസ വിദഗ്ദ്ധരിലും ഉണ്ടാക്കിയ ചിന്താകുഴപ്പ ത്തേയും അതിൽനിന്നും ഉടലെടുത്ത ഗുരുതരമായ സ്ഥിതിവിശേഷത്തെയുംപ്പറ്റി സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ കെ.സി. ജോസഫ്, തോമസ്

ചാഴികാടൻ, കെ. കുട്ടി അഹമ്മദ് കുട്ടി എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ.എം.എ. ബേബി): ഉന്നത വിദ്യാഭ്യാസ രംഗത്ത് ഇന്ന് നിലനിൽക്കുന്ന സാഹചര്യത്തെ സംബന്ധിച്ച് തെറ്റിദ്ധാരണാജനകമായ ചില പ്രസ്താവനകളുടെ അടിസ്ഥാനത്തിലാണ് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാ വശ്യപ്പെട്ട് ബഹുമാനപ്പെട്ട അംഗങ്ങൾ നോട്ടീസ് നൽകിയിരിക്കുന്നത്. സംസ്ഥാനത്തെ അഫിലിയേറ്റഡ് കോളേജുകളുൾപ്പെടെ നിയന്ത്രിച്ച് പ്രവർത്തിക്കുന്ന യൂണിവേഴ്സിറ്റികളിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് യാതൊരു തരത്തിലുമുള്ള ഇടപെടലുകളും ഉണ്ടായിട്ടില്ല. സർവ്വകലാശാലകളിൽ അസാധാരണമായ ഒരു സാഹചര്യം നിലനിൽക്കുന്നില്ലായെന്നുള്ളത് പത്രമാധ്യമങ്ങളിലൂടെയും മറ്റു രീതിയിലും ജനങ്ങൾക്ക് മനസ്സിലാകുന്ന കാര്യമാണ്. കോഴിക്കോട് സർവ്വകലാശാലാ വൈസ് ചാൻസലറുടെ കാലാവധി കഴിഞ്ഞതിനാൽ സർവ്വകലാശാലാ ചട്ടങ്ങൾക്കനുസൃതമായി പുതിയ വൈസ്ചാൻസലറെ നിയമിക്കാനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. മറ്റൊരു തരത്തിലുമുള്ള അസാധാരണ സാഹചര്യം നിലവിലില്ലാത്തതിനാൽ ഈ വിഷയത്തെ സംബന്ധിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ശ്രീ.കെ.സി.ജോസഫ്: ഈ വിഷയത്തെ സംബന്ധിച്ച് സത്യസന്ധമായ ഒരു മറുപടിയല്ല വിദ്യാഭ്യാസ വകുപ്പുമന്ത്രി നൽകിയത്. ഗവൺമെന്റ് ഇടപെടൽ ഉണ്ടായിട്ടില്ല എന്ന് പറയുന്നുണ്ടെങ്കിലും അവിടെ ഗവൺമെന്റ് സ്പോൺസേർഡ് അജിറ്റേഷൻ ആണ് നടന്നുകൊണ്ടിരിക്കുന്നത്. യു.ഡി.എഫ്. നിയമിച്ച വൈസ്ചാൻസലർമാരെ പുറത്തു ചാടിച്ച്

സർവ്വകലാശാലകളുടെ ആട്ടോണമി തകർക്കാനുള്ള ബോധപൂർവ്വമായ ശ്രമങ്ങളാണ് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുന്നത്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് നിയമിച്ചു എന്നുള്ള കാരണത്താൽ വി.സി.മാരെ പീഡിപ്പിക്കുകയാണ്. യു.ഡി.എഫ്. അധികാരത്തിൽ വന്നപ്പോൾ എൽ.ഡി.എഫ്. നിയമിച്ച ഒരൊറ്റ വൈസ്ചാൻസലറെപ്പോലും മാറ്റിയില്ലായിരുന്നു. കാലടി സംസ്കൃത സർവ്വകലാശാലാ വൈസ്ചാൻസലറുടെ പേരിൽ അപകീർത്തി കേസ് കെട്ടിച്ചമയ്ക്കുകയും വനിതാ കമ്മിഷന്റെ അന്വേഷണത്തിൽ അദ്ദേഹം നിരപരാധിയാണെന്ന് തെളിയുകയും ചെയ്തതോടെ ഇസ്ലാമിക സാമുദായിക സംഘടനയുടെ പേരിലുള്ള ഒരു ഊമക്കത്ത് അദ്ദേഹത്തിന് ലഭിക്കുകയുണ്ടായി. അദ്ദേഹം അപകീർത്തിപ്പെടുത്തി എന്നു പറയപ്പെടുന്ന സഹോദരിയോട് പരസ്യമായി മാപ്പു ചോദിക്കുകയും ഈ വിഷയം മാധ്യമങ്ങളിലൂടെ ഒരു മാസത്തിനുള്ളിൽ തങ്ങൾ അറിയുകയും ചെയ്യാത്തപക്ഷം തന്റെ മകളെ ഓർത്ത് ജീവിതകാലം മുഴുവൻ വിലപിക്കേണ്ടി വരുമെന്നാണ് കത്തിൽ പ്രതിപാദിച്ചിരിക്കുന്നത്. വി.സി.യെ മാറ്റിനിർത്തി അന്വേഷിക്കണമെന്ന് സി.പി.ഐ.(എം) അനുകൂല പ്രസ്താവനയും ഇറക്കി. അതുപോലെ കണ്ണൂർ യൂണിവേഴ്സിറ്റി രജിസ്ട്രാർക്ക് എതിരെയും നീക്കം നടക്കുന്നുണ്ട്. അവിടെ സിൻഡിക്കേറ്റ് യോഗം നടക്കുമ്പോൾ ഒരു സംഘം ആളുകൾ അതിക്രമിച്ചുകയറുകയും അജണ്ടയിലില്ലാത്ത വിഷയത്തെ സംബന്ധിച്ച് ബലപ്രയോഗത്തിലൂടെ ചർച്ച ചെയ്യിക്കുകയും തീരുമാനമെടുപ്പിക്കുകയും ചെയ്തു. ഇന്നലെ എം.ജി. യൂണിവേഴ്സിറ്റിയിൽ നടന്ന സമരത്തിൽ പങ്കെടുത്തുകൊണ്ട് എൽ.ഡി.എഫ്. കൺവീനർ ശ്രീ. വൈക്കം വിശ്വൻ പറഞ്ഞത് സിൻഡിക്കേറ്റിനെ പുറത്താക്കുന്ന കാര്യം വൈകാതെ നടക്കും അക്കാര്യ

ത്തിൽ ആർക്കും പരിഭ്രാന്തി വേണ്ട എന്നാണ്. കേരളത്തിലെ നാല് യൂണിവേഴ്സിറ്റികളിലും ബോധപൂർവ്വം സമാനമായ സമരം നടത്തി വിദ്യാഭ്യാസ മേഖലയിൽ സംഘർഷം ഉണ്ടാക്കുന്ന അവസ്ഥയെ സംബന്ധിച്ച് സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി ( ശ്രീ. എം.എ. ബേബി): ഇവിടെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലുള്ള സംഭ്രമജനകമായ യാതൊരു സ്ഥിതിവിശേഷവും സർവ്വകലാശാലകളിൽ നിലനിൽക്കുന്നില്ല. അതിനാൽ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല. കാലടി സർവ്വകലാശാലയിലെ വൈസ്ചാൻസലർക്ക് ലഭിച്ച ഊമക്കത്തിനെ സംബന്ധിച്ചാണെങ്കിൽ, ഇത്തരത്തിൽ ഊമക്കത്ത് ലഭിക്കുന്നത് ഇതാദ്യമല്ല. എങ്കിലും ഈ വധഭീഷണിക്കത്തിനെ ഗൗരവമായി കാണുന്നുണ്ട്. സംഭ്രമജനകമായ ഒരു അന്തരീക്ഷം സൃഷ്ടിക്കാൻ ആരെങ്കിലും ഇത് എഴുതിയതാണോ ഇതിനു പിന്നിൽ ആരാണ് എന്നത് വിശദമായ ഒരന്വേഷണത്തിന് വിധേയമാക്കേണ്ടതുണ്ട്. ഇക്കാര്യത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി പരിശോധിക്കുമെന്ന് കരുതുന്നു. യു.ഡി.എഫ്. നിയോഗിച്ച വൈസ്ചാൻസലർമാർക്ക് യോഗ്യത ഇല്ലെന്നു കരുതുന്നില്ല. പക്ഷെ ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയിൽ അംഗമായിരിക്കുക എന്നത് അയോഗ്യതയല്ല. കഴിവുള്ളവരെയാണ് വൈസ് ചാൻസലർമാരായി കാലാകാലങ്ങളിൽ നിയോഗിക്കുന്നത്. 2004-05 കാലഘട്ടത്തിൽ സെനറ്റും സിൻഡിക്കേറ്റും രൂപീകരിക്കപ്പെടുന്ന പ്രക്രിയ നടക്കുമ്പോൾ ഓർഡിനൻസ് പുറപ്പെടുവിച്ച് ജനാധിപത്യപരമായ പ്രകിയയെ അട്ടിമറിക്കാൻ ശ്രമിച്ച അനുഭവം സമീപകാലത്ത് നടന്നിട്ടുണ്ട്. സംഘടനകൾ സമരം നടത്തുന്നതും അതിൽ നേതാക്കൾ പങ്കെടുത്ത്

പ്രശ്നങ്ങൾക്ക് പരിഹാരം കാണുമെന്നു പറയുന്നതും സ്വാഭാവികമാണ്. അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉന്നയിച്ച് നടത്തുന്ന സമരത്തിന്റെ പേരിൽ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല.

പ്രതിപക്ഷ നേതാവ് ശ്രീ.ഉമ്മൻ ചാണ്ടി): സംസ്കൃത സർവ്വകലാശാലാ വൈസ്ചാൻസലർക്ക് ലഭിച്ച ഭീഷണിക്കത്തിന്റെ കോപ്പി അദ്ദേഹം മുഖ്യമന്ത്രിക്കും ആഭ്യന്തര വകുപ്പുമന്ത്രിക്കും ഗവർണ്ണർക്കും അയച്ചു കൊടുത്തിട്ടുണ്ട്. അതിനെ സംബന്ധിച്ച് സ്വീകരിച്ച നടപടി എന്താണെന്ന് വിശദമാക്കണം. വൈസ്ചാൻസലർമാരെ ഡിസ്റ്റർബ് ചെയ്യില്ലെന്ന വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ പ്രസ്താവന സ്വാഗതാർഹമാണ്. ഇടതുപക്ഷ കൺവീനർ സമരവുമായി ബന്ധപ്പെട്ടു നൽകിയ വാഗ്ദാനത്തെ സംബന്ധിച്ചുള്ള മന്ത്രിയുടെ മറുപടിയും മുഖവിലയ്ക്കെടുക്കുന്നു. കണ്ണൂർ സിൻഡിക്കേറ്റ് യോഗം നടന്നുകൊണ്ടിരിക്കുമ്പോൾ പുറത്തു നിന്ന് ആളുകൾ തള്ളിക്കയറി ഭീഷണിപ്പെടുത്തി തീരുമാനമെടുപ്പിച്ചതിനെക്കുറിച്ച് അന്വേഷിക്കുകയും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുകയും വേണം. ഈ രണ്ട് കാര്യങ്ങളെ സംബന്ധിച്ച് ആഭ്യന്തര വകുപ്പുമന്ത്രി മറുപടി നൽകണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സംസ്കൃത സർവ്വകലാശാലയിലുണ്ടായ പ്രശ്നങ്ങളെ സംബന്ധിച്ച് ഗവൺമെന്റ് ഗൗരവമായി പരിശോധിക്കുന്നതും വൈസ് ചാൻസലർക്ക് എല്ലാവിധ സംരക്ഷണം നൽകുന്നതുമാണ്. അവിടെ ഉണ്ടായ ആക്ഷേപം സംബന്ധിച്ച് പരിശോധിച്ച് സമാധാനാന്തരീക്ഷം നിലനിർത്താനുള്ള എല്ലാ നടപടിയും സ്വീകരിക്കുന്നതാണ്. സർവ്വകലാ ശാലകൾക്ക് സിൻഡിക്കേറ്റ് മീറ്റിംഗ് നടത്തുന്നതിനും വൈസ് ചാൻസലർക്ക്

പ്രവർത്തിക്കുന്നതിനുള്ള അന്തരീക്ഷം ഉണ്ടാക്കുന്നതിനും നിയമാനുസൃത മായ എല്ലാ സംരക്ഷണവും കൊടുക്കാൻ തയ്യാറാണ്.

(അടിയന്തിരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു).

**ശ്രദ്ധക്ഷണിക്കൽ**

(1) ഹരിപ്പാട് നിയോജകമണ്ഡലത്തിലെ സുനാമി ബാധിതരുടെ ബുദ്ധിമുട്ടുകൾ

ശ്രീ. ബി. ബാബു പ്രസാദ് : 2004 ഡിസംബർ 26-ാം തീയതി കൊല്ലം ജില്ലയിലെ ആലപ്പാട്ടും ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴയിലുമുണ്ടായ സുനാമി ദുരന്തം അവിടത്തെ ജീവിതക്രമംതന്നെ ആകെ മാറ്റിമറിച്ചിരിക്കുകയാണ്. സുനാമി ബാധിതർക്കുവേണ്ടി പ്രഖ്യാപിച്ച പുനരധിവാസ പ്രവർത്തനങ്ങൾ മന്ദഗതിയിലാണ്. ഇനിയും അമ്പതോളം വീടുകൾ നിർമ്മിച്ച് നൽകാനുണ്ട്. നൽകിയ പകുതിയിലധികം വീടുകളിൽ വൈദ്യുതി, ശുദ്ധജല വിതരണം എന്നിവ ഇനിയും ലഭ്യമായിട്ടില്ല. സന്നദ്ധ സംഘടനകൾ പണിത 800 വീടുകളിൽ 716 വീടുകൾ കൊടുത്തു. അവശേഷിക്കുന്ന വീടുകൾ എത്രയുംപെട്ടെന്ന് പൂർത്തീകരിച്ച് കൊടു ക്കാനുള്ള മോണിറ്ററിംഗ് സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. വീടുകളുടെ ലിസ്റ്റിൽ അപാകതയുണ്ട്. അർഹരായവരെ ഉൾപ്പെടുത്തി ലിസ്റ്റ് വിപുലീകരിക്കണം. ആറാട്ടുപുഴ പഞ്ചായത്തിൽ കച്ചവടം നടത്തിയിരുന്ന 400-ഓളം പേരുടേയും തീരദേശത്ത് കച്ചവടം നടത്തിയിരുന്നവരുടെയും വാണിജ്യ സ്ഥാപനങ്ങൾ സുനാമിയിൽ ഒലിച്ചുപോയി. അതിന്റെ റിപ്പോർട്ട് തയ്യാറാക്കി റവന്യൂ അധികൃതർക്ക് കൊടുത്തിട്ടുണ്ടെങ്കിലും ഒരു രൂപപോലും നഷ്ടപരിഹാരം നൽകിയിട്ടില്ല. മഴക്കാലത്ത് ആറാട്ടുപുഴയിലുണ്ടായ രൂക്ഷമായ കടലാക്രമണത്തിൽ വള്ളവും വലയും നഷ്ടപ്പെട്ട പാവപ്പെട്ട

മത്സ്യത്തൊഴിലാളികൾ പട്ടിണിയിലുമാണ്. വള്ളവും വലയും നഷ്ടപ്പെട്ട 760 ആളുകൾക്ക് ഡിങ്കി വള്ളവും വലയും വിതരണം ചെയ്തുവെങ്കിലും പലർക്കും ഇനിയും ജീവനോപാധികൾ കിട്ടാനുണ്ട്. സുനാമി ബാധിതപ്രദേശമായ ആറാട്ടുപുഴയിൽ ഒരു ആശുപത്രി പോലുമില്ല. പണി പൂർത്തിയായ ഫിഷറീസ് വകുപ്പിന്റെ ആശുപത്രി കെട്ടിടം ഉദ്ഘാടനം നടത്തിയിട്ടില്ല. പി.എച്ച്. സെന്ററിന്റെ ഒരു സബ് സെന്റർ തുടങ്ങാനുള്ള ടി.എസ്. കൊടുക്കുന്നില്ല. പാലം നിർമ്മാണത്തിന് 15 കോടി രൂപ അനുവദിച്ചെങ്കിലും കാര്യമായ പണികളൊന്നും നടക്കുന്നില്ല. തൃക്കുന്നപ്പുഴ–വലിയഴീക്കൽ റോഡിന് രണ്ട്കോടിഇരുപത്തിയൊന്ന് ലക്ഷം രൂപയുടെ പണിക്ക് ടെൻഡർ ആയിട്ടുണ്ടെങ്കിലും എ.ഡി.ബി.യുടെ ഇൻവോൾവ്മെന്റ് കൊണ്ട് സാങ്കേതിക തടസ്സമുണ്ടായിട്ടുണ്ട്. കായം കുളം–തോട്ടപ്പള്ളി ഹാർബറുകൾക്ക് ഇടയ്ക്കാണ് ഈ പ്രദേശം എന്നുള്ളതുകൊണ്ട് പുലിമുട്ടുകളുടെ പ്രഹരവും സമ്മർദ്ദവുംകാരണം റോഡിന്റെ 10 കി.മീ. ദൂരം നഷ്ടപ്പെട്ടിരിക്കുകയാണ്. നിലവിലുണ്ടായിരുന്ന കടൽഭിത്തി ഇടിഞ്ഞുപോയിരിക്കുന്നു. 1650 മീറ്റർ കടൽഭിത്തിയിൽ 380 മീറ്റർ പണിത് ശേഷിച്ച പണി ഉപേക്ഷിച്ചുപോയ കോൺട്രാക്ടറോട് വിശദീകരണം ആവശ്യപ്പെടണം. പന്ത്രണ്ടാം ധനകാര്യ കമ്മിഷൻ ഏഴ് കോടിഎഴുപത്തിരണ്ട് ലക്ഷം രൂപ അനുവദിച്ചു എന്ന് ജലസേചന വകുപ്പുമന്ത്രി അറിയിച്ചിട്ടുണ്ടെങ്കിലും നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുന്നതിനെക്കുറിച്ച് യാതൊരു സൂചനയും ഇതുവരെ ലഭിച്ചിട്ടില്ല. പ്രകൃതിക്ഷോഭത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട 40 കുടുംബങ്ങൾ സുനാമി ടെന്റുകളിൽ കഴിയുകയാണ്. സുനാമിബാധിതർക്കും ടെന്റുകളിൽ കഴിയുന്നവർക്കും നൽകിവരുന്ന ധനസഹായം മാർച്ച് മാസംവരെയുള്ളതേ ലഭിച്ചിട്ടുള്ളു.

ജലസേചനം, ആരോഗ്യം, റവന്യൂ എന്നീ വകുപ്പുകളെ ഏകോപിപ്പിച്ചു കൊണ്ടും ജനപ്രതിനിധികളെക്കൂടി പങ്കെടുപ്പിച്ചുകൊണ്ടും ഒരു ഏകജാലക സംവിധാനമുണ്ടാക്കി പ്രശ്നങ്ങൾക്ക് പരിഹാരം കാണണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): ആലപ്പുഴ ജില്ലയിൽ കാർത്തികപ്പള്ളി, ചേർത്തല താലൂക്കുകളിലായി മൊത്തം 848 വീടുകൾ സുനാമിബാധിതർക്ക് നിർമ്മിച്ച് നൽകാൻ പദ്ധതി തയ്യാറാക്കിയിരുന്നു. സുനാമി ദുരന്തം അനുഭവപ്പെട്ട ഹരിപ്പാട് നിയോജകമണ്ഡലത്തിൽപ്പെട്ട വർക്കും പ്രത്യേകിച്ച് ആറാട്ടുപുഴയിലും പുനരധിവാസ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. വീട് നഷ്ടപ്പെട്ടവർക്ക് വിവിധ സർക്കാരിതര സ്ഥാപനങ്ങളുടെ സഹായത്തോടെ വീട് വച്ച് നൽകിവരുന്നു. ഹരിപ്പാട് മണ്ഡലത്തിൽ 766 വീടുകൾ വച്ചുനൽകുന്നതിന് സന്നദ്ധ സംഘടനകളെ ചുമതലപ്പെടുത്തിയിരുന്നതിൽ 634 വീടുകളുടെ നിർമ്മാണം പൂർത്തി യായിട്ടുള്ളതും 112 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലുമാണ്. അടിയന്തിരമായി അവയുടെ നിർമ്മാണം പൂർത്തിയാക്കു ന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ബാക്കിയുള്ള 20 വീടുകൾ നിർമ്മിച്ച് നൽകുന്ന ചുമതലയിൽനിന്നും സന്നദ്ധ സംഘടനകൾ പിൻമാറിയ സാഹചര്യത്തിൽ 20 വീടുകളും സർക്കാർ പിന്നീട് നിർദ്ദേശിച്ച 12 വീടുകളുമുൾപ്പെടെ 32 വീടുകളുടെ നിർമ്മാണം സർക്കാർ ചെലവിൽ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. നിർമ്മാണം പൂർത്തീകരിച്ചതിൽ 624 വീടുകൾ ഉപഭോക്താക്കൾക്ക് കൈമാറിക്കഴിഞ്ഞു. ചേർത്തല താലൂക്കിൽ 82 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ച് താക്കോൽ നൽകുന്നതുവരെ ആ കുടുംബങ്ങളെ സർക്കാർ ചെലവിൽ പണിത എല്ലാവിധ പ്രാഥമിക സൗകര്യങ്ങളുമുള്ള താൽക്കാലിക ഷെഡ്ഡിൽ പാർപ്പിച്ചിട്ടുണ്ട്. താക്കോൽദാനം ചെയ്യുന്നതുവരെ എല്ലാ

കുടുംബാംഗങ്ങൾക്കും പ്രതിമാസം 1000 രൂപ വീതം നൽകിവരുന്നു. 2006 മാർച്ച് മുതലുള്ള കുടിശ്ശിക വിതരണം ചെയ്യുന്നതിനുള്ള മുഴുവൻ തുകയും ആലപ്പുഴ ജില്ലാ കളക്ടർക്ക് അനുവദിച്ചിട്ടുണ്ട്. അതിനുപുറമേ ആലപ്പുഴ ജില്ലയിൽ വൈദ്യുത മേഖലയിൽ 14.37 കോടി രൂപ ചെലവഴിക്കുന്നു. ഫിഷറീസ് വകുപ്പ് 13.36 കോടി രൂപയുടെ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. കൂടാതെ പൊതുമരാമത്തും ജലസേചന വകുപ്പും നടത്തിവരുന്ന നിർമ്മാണ ജോലികൾ അതിവേഗത്തിൽ പൂർത്തിയാക്കാനുള്ള നിർദ്ദേശവും കൊടുത്തിട്ടുണ്ട്. 1401.75 കോടി രൂപയുടെ സുനാമി പുനരധിവാസ പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റിന്റെയും പ്ളാനിംഗ് കമ്മിഷന്റെയും അംഗീകാരം ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ മുഴുവൻ തീരപ്രദേശങ്ങളിലും ഈ പദ്ധതിയുടെ ഭാഗമായി ഒട്ടേറെ വികസന-ക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്നതാണ്. തൊഴിൽ സംരംഭങ്ങൾ, പാർപ്പിടം, കുടിവെള്ളം, വൈദ്യുതി, സാമൂഹ്യക്ഷേമം, തീരസംരക്ഷണം, തുറമുഖ ങ്ങളുടെ പുനരുദ്ധാരണം, റോഡുകൾ, പാലങ്ങൾ എന്നീ മേഖലകൾക്കാണ് പ്രാധാന്യം കൊടുത്തിട്ടുള്ളത്. നേരത്തെ നിർദ്ദേശിച്ച പണികൾക്കും പ്രവർത്തനങ്ങൾക്കും പുറമേ ഈ പറയുന്ന സ്കീമുകളിൽ ആറാട്ടുപുഴയ്ക്കും പരിസര പ്രദേശങ്ങൾക്കുംവേണ്ടി 40 കോടി രൂപയുടെ ഒരു പ്രത്യേക പദ്ധതി 3 വർഷംകൊണ്ട് നടപ്പിലാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. അതിനുള്ള അനുമതി പ്ളാനിംഗ് കമ്മിഷനിൽനിന്നും ലഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. കേന്ദ്ര പ്ളാനിംഗ് മന്ത്രി, പ്ളാനിംഗ് ഡിപ്പാർട്ടുമെന്റിലെ ഉന്നത ഉദ്യോഗസ്ഥർ എന്നിവരുമായി ധനകാര്യ വകുപ്പുമന്ത്രിയും റവന്യൂ മന്ത്രിയും ചീഫ് സെക്രട്ടറിയും തിരുവനന്ത പുരത്തുവച്ച് രണ്ടാഴ്ച മുമ്പ് നടത്തിയ ചർച്ചയിൽ ഇതിനായി ധാരണ

ഉണ്ടാക്കിയിട്ടുണ്ട്. ഒക്ടോബർ 19-ന് മുഖ്യമന്ത്രി ചെയർമാനായ സംസ്ഥാനതല സ്റ്റിയറിംഗ് കമ്മിറ്റി യോഗം ചേരുന്നുണ്ട്. അതിനുശേഷം ആറാട്ടുപുഴ പദ്ധതിയുടെ വിശദാംശങ്ങൾ ചർച്ചചെയ്ത് തീരുമാനമെടു ക്കുന്നതിനായി മറ്റൊരു ഉന്നതതല യോഗം വിളിച്ചു ചേർക്കുന്നുണ്ട്. 3 വർഷംകൊണ്ട് പൂർത്തിയാക്കുന്ന പദ്ധതിയാണ്. ഈ പദ്ധതി നടപ്പിലാക്കുന്നതിലൂടെ തീരദേശ മേഖലയിൽ പ്രത്യേകിച്ച് ആറാട്ടുപുഴ ഉൾപ്പെടെ സംസ്ഥാനത്ത് ഒട്ടേറെ കാര്യങ്ങൾ ചെയ്തുതീർക്കാൻ കഴിയും. ഈ പ്രത്യേക പദ്ധതിക്കുവേണ്ടി ഒരു ഐ.എ.എസ്. ഉദ്യോഗസ്ഥന്റെ മേൽനോട്ടത്തിൽ ഡിസാസ്റ്റർ മാനേജ്മെന്റ് വകുപ്പിന്റെ കീഴിൽ ഒരു സെൽ രൂപീകരിക്കുന്നുണ്ട്. അതിന് എല്ലാവരുടെയും സഹകരണമുണ്ടാകണം.

(2) തലശ്ശേരി-മൈസൂർ റെയിൽപ്പാത നവീകരിക്കണമെന്ന ആവശ്യം

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: നിരവധി തവണ ഒരു ജനത ഒരേ മനസ്സോടുകൂടി ആവശ്യപ്പെട്ടിട്ടും കേന്ദ്ര ഭരണാധികാരികളുടെ കണ്ണ് തുറക്കാത്തതുമൂലം തലശ്ശേരി-മൈസൂർ റെയിൽപ്പാത സംസ്ഥാനത്തിന് നഷ്ടപ്പെട്ടു. വടക്കൻ കേരളത്തെ കർണ്ണാടകയിലെ കാർഷിക മേഖലയുമായി ബന്ധിപ്പിക്കുന്ന ഈ പാത നിലവിൽ വന്നാൽ ചരക്ക് ഗതാഗതം സൗകര്യപ്രദമാകും. ജോലി, വിദ്യാഭ്യാസം തുടങ്ങിയ കാര്യങ്ങൾക്കായി 100 കണക്കിനാളുകൾ റോഡ് മാർഗ്ഗം സഞ്ചരിക്കുന്ന സ്ഥിതിക്ക് മാറ്റമുണ്ടാകും. കണ്ണൂർ വിമാനത്താവളം യാഥാർത്ഥ്യമാകുന്നതോടുകൂടി തലശ്ശേരി-ഇരിട്ടി വഴിയുള്ള മൈസൂർ റെയിൽവേയുടെ പ്രാധാന്യം ഏറെ വർദ്ധിക്കുകയാണ്. ഈ പാത വന്നാൽ ബാംഗ്ലൂർ-കണ്ണൂർ, മംഗലാപുരം-ചെന്നൈ യാത്രയുടെ ദൈർഘ്യം കുറയും. ടൂറിസം മേഖലയിൽ ഈ പാത പ്രധാനപ്പെട്ടതാണ്. ബേക്കൽ, തലശ്ശേരി, പൈതൽമല, പഴശ്ശി റിസർവോയർ, പറശ്ശിനിക്കടവ്

മുത്തപ്പൻ ക്ഷേത്രം, ആറളം, കുടക് വൈൽഡ് ലൈഫ് സാങ്ചറി, പഴശ്ശി രാജാവിന്റെ കോവിലകം തുടങ്ങി നിരവധി പ്രദേശങ്ങൾ ഈ പാതയുടെ പരിസരത്ത് വരുന്നതാണ്. മഴക്കാലമായാൽ കൊങ്കൺ പാതയ്ക്ക് പകരമായി ഉപയോഗിക്കാനും ഹൈദ്രാബാദ്, തിരുപ്പതി, ഹൗറ തുടങ്ങിയ സ്ഥലങ്ങളിലേയ്ക്ക് കണ്ണൂരിൽനിന്നും നേരിട്ട് സർവ്വീസ് ആരംഭിക്കാനും ഈ പാത വരുന്നതോടുകൂടി സാധിക്കും. വനത്തിനും വന്യജീവി സങ്കേതത്തിനും ബുദ്ധിമുട്ടുണ്ടാക്കാതെയും വലിയ പാലങ്ങളുടെയും ടണലുകളുടെയും ആവശ്യമില്ലാതെയും കുറഞ്ഞ ചെലവിൽ ഈ പാത നിർമ്മിക്കാൻ സാധിക്കും. ഇതിനാവശ്യമായ നിർമ്മാണ വസ്തുക്കൾ ഈ പ്രദേശത്തുനിന്നും ലഭ്യമാകും. അതുകൊണ്ട് കേരളത്തിന്റെ സ്വപ്നമായ തലശ്ശേരി–മൈസൂർ റെയിൽപ്പാത യാഥാർത്ഥ്യമാക്കാനുള്ള നടപടി സ്വീകരിക്കണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ.എം.വിജയകുമാർ): നിർദ്ദിഷ്ട തലശ്ശേരി–മൈസൂർ റെയിൽപ്പാതയ്ക്ക് ഒരു വലിയ ചരിത്രമുണ്ട്. സ്വാതന്ത്ര്യലബ്ധിക്ക് മുൻപ്, ബ്രിട്ടീഷ് ഭരണകാലത്ത് ആരംഭിച്ച ഇതിന്റെ പ്രാഥമിക പരിപാടികൾ ഇന്നും ഒരു സ്വപ്നമായി നിലനിൽക്കുകയാണ്. മലബാർ മേഖലയുടെ സമഗ്ര വികസനത്തിന് ഉതകുന്ന പ്രസ്തുത റെയിൽപ്പാതയ്ക്ക് ഇപ്പോഴും റെയിൽവേ മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചിട്ടില്ല. തലശ്ശേരിയിലെ നിയമസഭാ സാമാജികനായ ബഹുമാനപ്പെട്ട ആഭ്യന്തരവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി ശ്രീ. കോടിയേരി ബാലകൃഷ്ണൻ തലശ്ശേരി–മൈസൂർ റെയിൽപ്പാതയ്ക്ക് വേണ്ടിയുള്ള നിവേദനം കഴിഞ്ഞ മാസം കേന്ദ്ര റെയിൽവേ മന്ത്രിക്ക് നൽകുകയും അത് നേടിയെടുക്കുന്നതിന് വേണ്ടിയുള്ള

എല്ലാ പരിശ്രമങ്ങളും നടത്തുകയും ചെയ്തു. എന്നാൽ ഇതിന്റെ വികസനത്തിനാവശ്യമായ തുകയുടെ പകുതി സംസ്ഥാന സർക്കാർ വഹിക്കണമെന്ന നിർദ്ദേശമാണ് കേന്ദ്ര റെയിൽവേ മന്ത്രി വച്ചത്. 2007–08–ലെ കേന്ദ്ര റെയിൽവേ ബഡ്ജറ്റിൽ തലശ്ശേരി–മൈസൂർ റെയിൽവേ ലൈനിന്റെ പണി ആരംഭിക്കുന്നതിനാവശ്യമായ അനുമതി ലഭ്യമാക്കുന്നതിനും അതിനാവശ്യമായ തുക വകയിരുത്തുന്നതിനും കേന്ദ്ര റെയിൽവേ മന്ത്രാലയത്തോട് അഭ്യർത്ഥിക്കുക മാത്രമല്ല അതിനുവേണ്ടിയുള്ള പരിശ്രമങ്ങളും സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകും. കേരളത്തിന്റെ സമഗ്ര വികസനം ലക്ഷ്യം വച്ചുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാനത്തെ എല്ലാ എം.പി.മാരുടെയും ബന്ധപ്പെട്ട മന്ത്രിമാരുടെയും ദക്ഷിണ റെയിൽവേയുടെ ജനറൽ മാനേജരുൾപ്പെടെയുള്ളവരുടെയും ഒരു ഉന്നതതല യോഗം വിളിച്ചു ച്ചേർക്കാൻ സർക്കാർ തീരുമാനിച്ചിരിക്കുകയാണ്. ആ യോഗത്തിൽ കേരളത്തിലെ റെയിൽവേ വികസനത്തെ സംബന്ധിച്ച് ചർച്ച നടത്തി ഒരു പദ്ധതി ആവിഷ്ക്കരിക്കും. ആ പദ്ധതിയുടെ മുൻഗണനാ ലിസ്റ്റിൽ തലശ്ശേരി–മൈസൂർ റെയിൽപ്പാത ഉൾപ്പെടുത്തുന്നതാണ്. കേരളത്തിലെ റെയിൽവേ വികസനം ഇന്ന് ഒരു അടുക്കും ചിട്ടയുമില്ലാതെ നടന്നുകൊണ്ടിരിക്കുകയാണ്. സമഗ്രമായ റെയിൽവേ വികസനം സമയബന്ധിതമായി നടത്തുന്നതിന് കേരളത്തിലെ എം.പി.മാരുൾപ്പടെയുള്ളവരുടെ ഒരു മോണിറ്ററിംഗ് സെൽ രൂപീകരിക്കാൻ സംസ്ഥാന ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. അതുംകൂടി നടപ്പിൽ വന്നുകഴിഞ്ഞാൽ കാര്യങ്ങൾ ശക്തമായി മുന്നോട്ട് കൊണ്ടുപോകാൻ കഴിയും.

**സബ്മിഷൻ**

(1) മൊഹസീൻ എന്ന വിദ്യാർത്ഥിയെ അന്യായമായി പോലീസ് കസ്റ്റഡിയിൽ വച്ചത് സംബന്ധിച്ച്

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): തിരുവനന്തപുരം മണക്കാട് സ്വദേശി മൊഹസീൻ എന്ന വിദ്യാർത്ഥിയെ സെപ്റ്റംബർ 23 മുതൽ ഒക്ടോബർ 3 വരെ പോലീസ് കസ്റ്റഡിയിലും ജയിലിലുമായി പാർപ്പി ക്കുകയും മൊഹസീന്റെ പിതാവിനെയും സഹോദരനെയും പോലീസ് കസ്റ്റഡിയിലെടുത്ത് ദിവസങ്ങളോളം ചോദ്യം ചെയ്യുകയും. ഫോർട്ട് പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തു. ബി.എസ്.എഫ്-ലുള്ള ഒരു സുഹൃത്ത് മൊഹസീന് കൗതുക വസ്തുവായി കൊടുത്തതും എല്ലാവരും കാണത്തക്കവിധത്തിൽ വീട്ടിൽ സൂക്ഷിച്ചുവച്ചിരു ന്നതുമായ ഉപയോഗിച്ച ഒരു വെടിയുണ്ട കണ്ടെടുത്തതിന്റെ പേരിലാണ് കേസെടുത്തത്. പക്ഷേ അടുത്ത ദിവസം തപാൽ ബോംബ് പൊട്ടിയത് സംബന്ധിച്ച് ഫോർട്ട് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിരുന്ന കേസിന്റെ അന്വേഷണത്തിനുവേണ്ടി ബ്രെയിൻ മാപ്പിംഗും പോളിഗ്രാഫ് ടെസ്റ്റും നടത്തുന്നതിന് മൊഹസീനെ വിട്ടുതരണമെന്ന് പോലീസ് കോടതിയോട് ആവശ്യപ്പെട്ടെങ്കിലും വെടിയുണ്ടയുമായി ബന്ധപ്പെട്ട കേസിന്റെ തെളിവെടുപ്പിലേയ്ക്ക് കുട്ടിയെ പോലീസ് കസ്റ്റഡിയിൽ വിട്ടുകൊടുക്കുക യാണുണ്ടായത്. അതിനുശേഷം പതിനൊന്നു ദിവസം മൊഹസീൻ പോലീസ് കസ്റ്റഡിയിലിരുന്ന അവസരത്തിൽ തപാൽ ബോംബിന്റെ യഥാർത്ഥ പ്രതിയെ പോലീസിന് കിട്ടുകയും ഈ വിദ്യാർത്ഥിയെ മോചിപ്പി ക്കുകയും ചെയ്തു. ഫയർ ആന്റ് സേഫ്റ്റി കോഴ്സിന്റെ ഫൈനൽ ഇയർ എക്സാമിനേഷൻ എഴുതാൻ ഈ വിദ്യാർത്ഥിയെ പോലീസ് സമ്മതിച്ചില്ല.

ആ വിദ്യാർത്ഥിക്ക് ഒരു വർഷം നഷ്ടപ്പെട്ടു. ഒരു സമുദായത്തിനെതിരായി കേസന്വേഷണം തിരിച്ചുവിടുന്നതിന് ബോധപൂർവ്വമായ ശ്രമമാണ് നടന്നത്. ആ കുടുംബത്തിനുണ്ടായ നഷ്ടത്തിനും മാനസിക പീഡനത്തിനും ആവശ്യമായ പരിഹാരമുണ്ടാക്കണം. സാമുദായികമായ ചേരിതിരിവ് ആവർത്തിക്കാതിരിക്കാൻ പോലീസിന് വ്യക്തമായ നിർദ്ദേശം കൊടുക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ.കോടിയേരി ബാലകൃഷ്ണൻ):</u> സംസ്ഥാനത്ത് വളരെ ഭീതി പടർത്തിയ ലെറ്റർ ബോംബ് സൃഷ്ടിച്ച സംഭവത്തെ സംബന്ധിച്ച് വളരെ ഗൗരവമായി കേരള പോലീസ് അന്വേഷിക്കുകയാണ്. ഇതിന്റെ ഭാഗമായി പല ആളുകളേയും വിളിച്ച് ചോദ്യം ചെയ്യുകയും സ്റ്റേഷനിൽ വരുത്തി കാര്യങ്ങൾ മനസ്സിലാക്കുകയും ചെയ്തു. ആ കൂട്ടത്തിലാണ് മണക്കാട് ഐരാണിമുട്ടം ഷാമൻസിലിൽ മാഹിനേയും മക്കളായ മൊഹസീൻ, മുനീർ എന്നിവരെയും ചോദ്യം ചെയ്തത്. പരസ്പരവിരുദ്ധമായ മൊഴികൾ പല പ്രാവശ്യം ആവർത്തിച്ചു കൊണ്ടിരുന്ന സന്ദർഭത്തിൽ മൊഹസീന്റെ വീട് പോലീസ് പരിശോധിക്കുകയും റൈഫിളിലും മറ്റും ഉപയോഗിക്കുന്ന ബെൽജിയം മെയിഡ് വെടിയുണ്ട അവിടെനിന്ന് കണ്ടെടുക്കുകയും ചെയ്തു ഇത് Ordnance factory-ൽ നിന്ന് സപ്ളൈ ചെയ്ത ബുള്ളറ്റല്ല. ഇത് ഈ വിദ്യാർത്ഥിക്ക് എങ്ങനെ ലഭിച്ചു എന്നത് സംബന്ധിച്ച് അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. ഇത് അനധികൃതമായി സൂക്ഷിക്കുന്നത് ആയുധ നിയമ പ്രകാരം കുറ്റകരമാണ്. അത് ആര് കൈവശം വച്ചാലും അവരുടെ പേരിൽ കേസ്സെടുക്കേണ്ടതാണ്. അത്തരത്തിലൊരു കേസ്സാണ് ഫോർട്ട് പോലീസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ആ കേസിന്റെ പേരിലാണ്

അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കിയത്. കോടതിയാണ് റിമാന്റ് ചെയ്തത്. പിന്നീട് കോടതിയിൽ നിന്ന് ജാമ്യമെടുത്തു. പരീക്ഷയുള്ള കാര്യം മൊഹസീൻ കോടതിയെ അറിയിച്ചിട്ടില്ല. കസ്റ്റഡിയിൽ കിടക്കുന്ന സമയത്താണ് പരീക്ഷയെങ്കിൽ കോടതിയിൽ ഒരു പെറ്റിഷൻ എഴുതി ക്കൊടുക്കാമായിരുന്നു. ഇത് സംബന്ധിച്ച് ഒരു പരാതിയും ആ ഘട്ടത്തിൽ ആരും ഉന്നയിച്ചിട്ടില്ല. ഇത് സംബന്ധിച്ച് പരാതിയുണ്ടെങ്കിൽ പരിശോധി ക്കുന്നതാണ്.

(2) <u>ശ്രീ.അബ്ദുൾ നാസർ മ്അദനിക്ക് പരോളും ചികിത്സയും ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത</u>

<u>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്:</u> കോയമ്പത്തൂർ സെൻട്രൽ ജയിലിൽ വിചാരണത്തടവുകാരനായി കഴിയുന്ന ശ്രീ. അബ്ദുൾ നാസർ മ്അദനിയുടെ ആരോഗ്യ സ്ഥിതി അനുദിനം വഷളായിക്കൊണ്ടിരിക്കുകയാണ്. പരോൾ അനുവദിക്കുക, ആവശ്യമായ ചികിത്സയ്ക്കും കൃത്രിമ കാൽ വയ്ക്കാനു മുള്ള സൗകര്യം ലഭ്യമാക്കുക തുടങ്ങിയ പ്രശ്നങ്ങൾ സംബന്ധിച്ച് പല ഘട്ടങ്ങളിൽ ചർച്ച ചെയ്യപ്പെടുകയും 2006 മാർച്ച് 15–ന് നിയമസഭ ഏകകണ്ഠമായി പ്രമേയം പാസ്സാക്കുകയും ചെയ്തിട്ടുള്ളതാണ്. ഇന്നത്തെ മാറിയ രാഷ്ട്രീയ സാഹചര്യവും പരിശുദ്ധ റംസാൻ മാസവും കണക്കിലെ ടുത്ത് അദ്ദേഹത്തിന് പരോൾ അനുവദിക്കുന്നതിനും കൃത്രിമ കാൽ മാറ്റിവയ്ക്കുന്നതിന് ചെന്നൈയിലോ തിരുവനന്തപുരത്തോ വരുന്നതിനുള്ള സൗകര്യം ചെയ്തുകൊടുക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (<u>ശ്രീ. വി.എസ്. അച്ചുതാനന്ദൻ):</u> കോയമ്പത്തൂർ സെൻട്രൽ ജയിലിൽ വിചാരണത്തടവുകാരനായി കഴിയുന്ന ശ്രീ. അബ്ദുൾ നാസർ മ്അദനിയുടെ ആരോഗ്യനില മോശമാണെന്നും വിദഗ്ദ്ധ ചികിത്സ

ലഭ്യമാക്കണമെന്നും 7–06–2006–ൽ തമിഴ്നാട് മുഖ്യമന്ത്രിക്ക് കത്തെഴുതുകയും നേരിട്ടുകണ്ട് അർഹമായ മാനുഷിക പരിഗണന ലഭ്യമാക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ വിദഗ്ദ്ധരായ ഡോക്ടർമാരുടെ മേൽനോട്ടത്തിൽ അലോപ്പതി ചികിത്സയും കോയമ്പത്തൂർ ആര്യവൈദ്യശാലയിൽ ആയുർവ്വേദ ചികിത്സയും നൽകുന്നതിന് നടപടി സ്വീകരിക്കുകയും ശുശ്രൂഷാ സഹായിയായി അദ്ദേഹത്തിന്റെ ഭാര്യയെ കൂടെ നിർത്താൻ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ചികിത്സയും മറ്റ് സൗകര്യങ്ങളും ലഭ്യമാക്കുന്നതിന് നിയമപരമായി സാദ്ധ്യമായ എല്ലാ കാര്യങ്ങളും തുടർന്നും ചെയ്യുന്നതാണ്. റംസാൻ പോലെയുള്ള അവസരങ്ങളിൽ പരോൾ ലഭിക്കുന്നതിന് നടത്തിക്കൊണ്ടിരിക്കുന്ന പരിശ്രമങ്ങൾക്ക് സർക്കാർ എല്ലാ സഹായവും നൽകുന്നതാണ്.

(3) <u>ധീവര സമുദായത്തിലെ ഉദ്യോഗാർത്ഥികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ</u>

<u>ശ്രീ.ടി.എൻ. പ്രതാപൻ:</u> 23–9–2005–ലെ പി.എസ്.സി. ഉത്തരവിന്റെ അടിസ്ഥാനത്തിൽ ധീവര, ലാറ്റിൻ മുക്കുവ, ലാറ്റിൻ അഞ്ഞൂറ്റിക്കാർ തുടങ്ങിയ മത്സ്യത്തൊഴിലാളി സമുദായങ്ങൾക്ക് പി.എസ്.സി. നിയമനങ്ങളിൽ ക്രീമീലെയർ സർട്ടിഫിക്കറ്റോ പരമ്പരാഗത തൊഴിലുമായി ബന്ധപ്പെട്ട സർട്ടിഫിക്കറ്റോ സമർപ്പിക്കേണ്ട ആവശ്യമില്ല. എന്നാൽ അടുത്ത കാലത്തുനടന്ന പി.എസ്.സി. ഇന്റർവ്യൂകളിലും സർട്ടിഫിക്കറ്റ് പരിശോധനകളിലും ചില ഉദ്യോഗസ്ഥർ സർക്കാർ ഉത്തരവിനും പി.എസ്.സി.യുടെ നിലവിലുള്ള സ്റ്റാൻഡിംഗ് ഓർഡറിനും വിരുദ്ധമായി പരമ്പരാഗത മത്സ്യത്തൊഴിലാളികളാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മാത്രമേ നിയമനം അംഗീകരിക്കുകയുള്ളു എന്ന് പറഞ്ഞ് ഈ വിഭാഗം

ഉദ്യോഗാർത്ഥികളെ തിരിച്ചയയ്ക്കുകയുണ്ടായി. ഇത് നിരവധി പാവപ്പെട്ട മത്സ്യത്തൊഴിലാളി ഉദ്യോഗാർത്ഥികൾക്ക് ഉദ്യോഗം നഷ്ടപ്പെടുന്നതിനും ആശങ്കയ്ക്കും ഇടയാക്കിയിട്ടുണ്ട്. മുഖ്യമന്ത്രി ഇടപെട്ട് മത്സ്യത്തൊഴിലാളികളോട് കാണിക്കുന്ന ഈ വിവേചനത്തിനെതിരെ കർശന നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): 22–1–2002–ലെ സർക്കാർ ഉത്തരവ് പ്രകാരം ധീവര സമുദായത്തിൽപ്പെട്ടവർക്ക് നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതില്ല. ഈ സമുദായത്തിൽപ്പെട്ടവർക്ക് സംവരണാനുകൂല്യം ലഭ്യമാക്കുന്നതിനായി 'ധീവര' എന്ന് രേഖപ്പെടുത്തിയ ജാതി സർട്ടിഫിക്കറ്റ് മാത്രം ഹാജരാക്കിയാൽ മതി. അസിസ്റ്റന്റ് സർജൻ തസ്തികയുടെ സർട്ടിഫിക്കറ്റ് പരിശോധനയിൽ 'ധീവര' എന്ന് രേഖപ്പെടുത്തിയ ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കിയ എല്ലാ ഉദ്യോഗാർത്ഥികളുടേയും അപേക്ഷ സ്വീകരിച്ചിട്ടുണ്ട്. സർട്ടിഫിക്കറ്റ് പരിശോധനാ സമയത്ത് ഏതെങ്കിലും ഉദ്യോഗസ്ഥൻ പരമ്പരാഗത മത്സ്യത്തൊഴിലാളിയാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ടിട്ടുണ്ടോ എന്ന കാര്യം അന്വേഷിച്ച് യുക്തമായ.നടപടി സ്വീകരിക്കുന്നതാണെന്ന് പബ്ലിക് സർവ്വീസ് കമ്മീഷൻ അറിയിച്ചിട്ടുണ്ട്.

### (4) കർണ്ണാടകയിലെ മംഗലാപുരത്ത് മലയാളി വിദ്യാർത്ഥികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. തോമസ് ചാഴികാടൻ: മംഗലാപുരത്ത് ഒരാഴ്ച നീണ്ടുനിന്ന സംഘർഷത്തെത്തുടർന്ന് കർഫ്യൂ ഏർപ്പെടുത്തിയതുമൂലം അവിടെ പഠിക്കുന്ന മലയാളി വിദ്യാർത്ഥികൾക്ക് ഭക്ഷണം ലഭിക്കാതെയും പുറത്തിറങ്ങാൻ കഴിയാതെയും വന്ന സാഹചര്യത്തിൽ നാട്ടിലേയ്ക്ക്

പലായനം ചെയ്യേണ്ടി വന്നിട്ടുണ്ട്. അതിനിടയിൽ വിദ്യാർത്ഥികളിൽ പലർക്കും പോലീസിന്റെ മർദ്ദനമേൽക്കാനിടയായിട്ടുണ്ട്. കർഫ്യൂ പിൻവലിച്ചശേഷം തിരിച്ചുചെന്ന കുട്ടികളെ അനുവാദമില്ലാതെ പോയി എന്ന കാരണത്താൽ മാനേജ്മെന്റ് ഹോസ്റ്റലിൽ പ്രവേശിപ്പിക്കാൻ തയ്യാറായില്ല. 30,000 രൂപ മുതൽ ഒരു ലക്ഷം രൂപവരെ കൊടുത്താൽ മാത്രമേ ഹോസ്റ്റലിൽ പ്രവേശനം നൽകുകയുള്ളു എന്ന നിലപാടാണ് മാനേജുമെന്റുകൾ സ്വീകരിച്ചത്. ഇക്കാര്യത്തിൽ മുഖ്യമന്ത്രി ഇടപെട്ട് വിദ്യാർത്ഥികളെ സഹായിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): മംഗലാപുരത്ത് സംഘർഷ മുണ്ടായതിനെത്തുടർന്ന് കേരള സർക്കാർ ചീഫ് സെക്രട്ടറി, ഡി.ജി.പി. തുടങ്ങിയവരുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികളെ സുരക്ഷിതമായ നിലയിൽ ഓരോരുത്തരുടേയും ആവശ്യപ്രകാരം റെയിൽവേ സ്റ്റേഷനിലേയ്ക്കോ വീട്ടിലേയ്ക്കോ അയയ്ക്കാമെന്നുള്ള ഉറപ്പിന്മേലാണ് കുട്ടികൾ വീട്ടിലേയ്ക്ക് പോയിട്ടുള്ളത്. വിദ്യാർത്ഥികൾക്ക് മർദ്ദനമേറ്റ കാര്യത്തെക്കുറിച്ച് അന്വേഷി ക്കുന്നതാണ്. മംഗലാപുരത്ത് കഴിഞ്ഞ ആഴ്ച സംഘർഷമുണ്ടായ സാഹചര്യത്തിൽ ഹോസ്റ്റൽ വിട്ട് നാട്ടിലേയ്ക്ക് പോകാൻ നിർബന്ധിതരായ വിദ്യാർത്ഥികൾ സംഘർഷം മാറി തിരിച്ചു ചെന്നപ്പോൾ 30,000 രൂപ മുതൽ ഒരു ലക്ഷം രൂപ വരെ പിഴ കൊടുക്കാതെ ക്ലാസിൽ കയറാൻ അനുവദിക്കുകയില്ലെന്ന നിലപാട് ചില മാനേജുമെന്റുകൾ സ്വീകരിച്ചതായ പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംഘർഷ വിവരം അറിഞ്ഞ ഉടൻതന്നെ ചീഫ് സെക്രട്ടറി, ഡി.ജി.പി. ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്യുകയും കർണ്ണാടക പോലീസ് അധികാരികളുമായി ബന്ധപ്പെട്ട് മലയാളികളായ വിദ്യാർത്ഥികളുടെ

സുരക്ഷയ്ക്കും അവർ ആവശ്യപ്പെട്ടാൽ സുരക്ഷിതമായി നാട്ടിലെത്തിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചിരുന്നു. ഈ വിദ്യാർത്ഥികൾ ഇപ്പോൾ നേരിടുന്ന വിഷമങ്ങളും പ്രശ്നങ്ങളും സംബന്ധിച്ച് വ്യക്തമായ വിവരങ്ങൾ ശേഖരിച്ച് കർണ്ണാടക ഗവണ്മെന്റുമായി ബന്ധപ്പെട്ട് പ്രശ്ന പരിഹാരത്തിന് അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്.

(5) <u>സർവ്വീസിലിരിക്കെ മരണപ്പെടുന്ന സർക്കാർ ജീവനക്കാരുടെ ആശ്രിതർക്ക് ജോലി</u>

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി:</u> സർക്കാർ സർവ്വീസിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് കംപാഷണേറ്റ് ഗ്രൗണ്ടിൽ ലഭിച്ചുകൊണ്ടിരിക്കുന്ന നിയമനം സംബന്ധിച്ച് സുപ്രീംകോടതി ചില മാനദണ്ഡങ്ങൾ നിർദ്ദേശിച്ചതായി വന്ന പത്രവാർത്തയുടെ അടിസ്ഥാനത്തിൽ സർക്കാർ ജോലിക്കും പൊതുമേഖലാ സ്ഥാപനങ്ങളിലെ ജോലിക്കും സെലക്ഷൻ യോഗ്യത മാത്രമായിരിക്കണം മാനദണ്ഡമെന്നും ഇത് ഭരണഘടനയുടെ ആർട്ടിക്കിൾ 14-ന്റെ പരിധിയിൽ വരുന്നതാണെന്നുമാണ് പറഞ്ഞിട്ടുള്ളത്. ജീവനക്കാരന്റെ മരണംമൂലം കുടുംബം നിരാലംബമാകുന്ന സാഹചര്യം വന്നാൽ മാത്രമേ നിയമനത്തിൽ മാറ്റത്തിന്റെ കാര്യമുള്ളു എന്നും ആശ്രിത നിയമനം ഒരു അവകാശമായി കാണാൻ പാടില്ല എന്നും കംപാഷണേറ്റ് ഗ്രൗണ്ടിലുള്ള നിയമനം റിക്രൂട്ട്മെന്റിന്റെ രീതിയല്ല എന്നും ഇത്തരത്തിലുള്ള നിയമനത്തെ ഒരു ഇളവായി കണക്കാക്കുമെന്നും കോടതി വ്യക്തമാക്കിയിട്ടുണ്ട്. ഈ വിധി സംസ്ഥാന സർക്കാരുകൾക്ക് ബാധകമാകുമെന്നതിനാൽ ജീവനക്കാരുടെ ആശ്രിതർക്ക് വർഷങ്ങളായി ലഭിച്ചുകൊണ്ടിരുന്ന ആനുകൂല്യം നഷ്ടപ്പെടുമെന്ന ആശങ്കയ്ക്ക് അറുതി

വരുത്താനും നിലവിലുള്ള വ്യവസ്ഥ തുടരാനുമാവശ്യമായ നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): വ്യക്തിയുടെ മരണശേഷം സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി നൽകുക എന്നത് നിയമപരമായി നിർബന്ധമില്ല എന്നും അത്തരം ജോലി ഒരു അവകാശമല്ല എന്നും മരണപ്പെട്ട വ്യക്തിയുടെ കുടുംബം പെട്ടെന്ന് അനുഭവിക്കുന്ന പ്രയാസം തരണം ചെയ്യുന്നതിന് ഇപ്രകാരം കുടുംബത്തിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്തായിരിക്കണം ജോലി നൽകേണ്ടതെന്നുമാണ് കോടതി വ്യക്തമാക്കിയിട്ടുള്ളത്. സർവ്വീസിലിരിക്കെ മരണപ്പെടുന്ന സർക്കാർ ജീവനക്കാരുടെ ആശ്രിതർക്ക് ജോലി നൽകുന്നത് സംബന്ധിച്ച് നിലവിലുള്ള ഉത്തരവ് കോടതി വിധിയുടെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ചിട്ടുള്ളതാണ്. ആശ്രിത നിയമനത്തിന് പ്രതിവർഷം 3 ലക്ഷം രൂപയാണ് വരുമാന പരിധി നിശ്ചയിച്ചിട്ടുള്ളത്. ഈ കേസിൽ സംസ്ഥാന സർക്കാർ കക്ഷിയല്ല വിധി ന്യായം ഔദ്യോഗികമായി സർക്കാരിന് ലഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നിയമ വകുപ്പിന്റെ ഉപദേശം തേടി സർവ്വീസ് സംഘടനകളുമായി കൂടിയാലോചിച്ച് തീരുമാനമെടുക്കുന്നതാണ്.

(6) അയിലം പാലത്തിന്റെ പ്രവൃത്തി

ശ്രീ. എൻ. രാജൻ: സ്ഥലം അക്വയർ ചെയ്ത് അതിന്റെ വിലയും കൊടുത്ത് രണ്ട് വർഷത്തിനു മുമ്പ് ഗവൺമെന്റ് ഭരണാനുമതി നൽകി നബാർഡ് ഏറ്റെടുത്ത് ചെയ്യുന്നതിന് നടപടിക്രമങ്ങൾ പൂർത്തിയാക്കിയ കിളിമാനൂർ മണ്ഡലത്തിലെ അയിലം പാലത്തിന്റെ പണി ഈ വർഷമെങ്കിലും പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. റ്റി.യു. കുരുവിള): അയിലം പാലത്തിന്റെ നിർമ്മാണത്തിന് ഭരണാനുമതി നൽകിയെങ്കിലും ടെൻഡർ അംഗീകരിക്കാതെ പരിശോധനയുടെ ഇടയിൽ പുതിയ ഷെഡ്യൂൾ റേറ്റ് വന്നതിനാൽ എസ്റ്റിമേറ്റ് പുതുക്കുകയും നേരത്തെ വിളിച്ച ടെൻഡർ റദ്ദാക്കുകയും ചെയ്തു. അപ്രോച്ച് റോഡിനുള്ള സ്ഥലം ലഭിച്ചിരുന്നില്ല. നബാർഡിന്റെ സാമ്പത്തിക സഹായം ലഭിക്കുന്നതിനുവേണ്ടി 573 ലക്ഷം രൂപ സമാഹരിച്ചുവെങ്കിലും സ്ഥലം ലഭിക്കാത്തതിനാൽ അനുമതി ലഭിച്ചിരുന്നില്ല. അപ്രോച്ച് റോഡിനുള്ള സ്ഥലവും നബാർഡിന്റെ സഹായവും ലഭിക്കുന്ന മുറയ്ക്ക് പാലം പണി ആരംഭിക്കുന്നതാണ്.

(7) ബാലുശ്ശേരിയിലെ ഭക്ഷ്യ-പഴ സംസ്ക്കരണ യൂണിറ്റിന്റെ ശോച്യാവസ്ഥ

ശ്രീ. എ.കെ. ശശീന്ദ്രൻ: ഗ്രാമ വികസന മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്നതും ട്രൈസം പദ്ധതിയിൽ ഉൾപ്പെടുത്തി വനിതകൾക്ക് പരിശീലന പരിപാടി നടത്തുന്നതുമായ ബാലുശ്ശേരിയിലെ ഭക്ഷ്യ സംസ്ക്കരണ പരിശീലനകേന്ദ്രം കെടുകാര്യസ്ഥതയും സർക്കാരിന്റെ അനാസ്ഥയുംമൂലം ഇപ്പോൾ അനാഥാവസ്ഥയിലാണ്. ആധുനിക വൽക്കരണവും കാര്യക്ഷമമായ മാനേജ്മെന്റും പ്രത്യേക പരിഗണനയും നൽകി ഈ സ്ഥാപനത്തെ നല്ല നിലയിൽ പ്രവർത്തിപ്പിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ പാലോളി മുഹമ്മദ് കുട്ടി): കേന്ദ്ര ഭക്ഷ്യവകുപ്പിന്റെ സഹായത്തോടെ ഭക്ഷ്യ വസ്തുക്കളിൽനിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും വിപണനം നടത്തുന്നതിനുംവേണ്ടി ബാലുശ്ശേരിയിൽ സ്ഥാപിച്ചിട്ടുള്ള ഭക്ഷ്യ സംസ്ക്കരണ പോഷകാഹാര കേന്ദ്രത്തിലെ എണ്ണയാട്ട്, നെല്ലുകുത്ത്,

ബേക്കറി പലഹാര നിർമ്മാണം, പഴ സംസ്ക്കരണം എന്നിവയ്ക്കുള്ള യന്ത്രസാമഗ്രികൾ കാലപ്പഴക്കം കാരണം പ്രവർത്തനരഹിതമാണ്. ജാം, സ്ക്വാഷ്, അച്ചാർ എന്നിവയുടെ നിർമ്മാണം മാത്രമാണ് ഇപ്പോൾ നടക്കുന്നത്. ഈ സ്ഥാപനത്തിൽ ഒഴിഞ്ഞു കിടന്നിരുന്ന ഡയറക്ടറുടെ തസ്തിക നികത്തിയിട്ടുണ്ട്. ഈ കേന്ദ്രത്തിന്റെ പുനരുദ്ധാരണത്തിനായി നടപ്പുവർഷം 10 ലക്ഷം രൂപ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്. സമഗ്ര പരിശോധനയ്ക്കുശേഷം തുടർ നടപടി സ്വീകരിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

(8) സംസ്ഥാന സ്കൂൾ യുവജനോത്സവ മാന്വൽ പുതുക്കണമെന്ന ആവശ്യം

ശ്രീ എം. മുരളി: മാന്വൽപ്രകാരം 12 വിഭാഗങ്ങളിലായി നടക്കുന്ന സംസ്ഥാന സ്കൂൾ യുവജനോത്സവ മത്സരങ്ങളിൽ സബ് ജില്ലാതലം മുതൽ ഓരോ വിഭാഗത്തിൽ നിന്നും 2 ഇനങ്ങളിൽ മാത്രമേ മത്സരാർത്ഥികൾക്ക് പങ്കെടുക്കാൻ കഴിയുകയുള്ളൂവെന്നതിനാൽ പലർക്കും അവസരങ്ങൾ നഷ്ടപ്പെടുകയാണ്. സബ് ജില്ലാതലത്തിൽ എല്ലാ ഇനങ്ങളിലും വിദ്യാർത്ഥി കൾക്ക് പങ്കെടുക്കാൻ അവസരം കിട്ടത്തക്കവിധം സംസ്ഥാന സ്കൂൾ യുവജനോൽസവ മാന്വൽ പരിഷ്ക്കരിക്കണം. സംസ്കൃത യുവജനോ ത്സവവും അറബിക് യുവജനോത്സവവും പോലെ രാഷ്ട്രഭാഷയായ ഹിന്ദിക്ക് യുവജനോത്സവം സംഘടിപ്പിക്കാൻ സംസ്ഥാന സർക്കാർ നടപടി സ്വീകരിക്കണം. മാജിക്, ഫോട്ടോഗ്രാഫി തുടങ്ങിയ മത്സര ഇനങ്ങൾകൂടി സ്കൂൾ യുവജനോത്സവത്തിൽ ഉൾപ്പെടുത്തണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി):. സ്കൂൾ യുവജനോത്സവത്തിൽ വ്യത്യസ്ത വിഭാഗങ്ങളിൽ 2

ഇനങ്ങളിൽ മാത്രമേ വിദ്യാർത്ഥികൾക്ക് പങ്കെടുക്കാൻ സാധിക്കുകയുള്ളു എന്ന 1998–ൽ പ്രസിദ്ധീകരിച്ച മാന്വൽ സംബന്ധിച്ച വിമർശനങ്ങളും പരാതികളും ഉണ്ടായതിനെത്തുടർന്ന് വിദഗ്ദ്ധരെ ഉൾപ്പെടുത്തി എറണാകുളത്ത് ഒരു പ്രത്യേക ശിൽപ്പശാല നടത്തി. 2005–2006 മുതൽ കുറെ ഭേദഗതികൾകൂടി വരുത്തിക്കൊണ്ടാണ് യുവജനോത്സവങ്ങൾ നടത്തി വരുന്നത്. യുവജനോത്സവം ആരംഭിക്കുവാനുള്ള തയ്യാറെടുപ്പുകൾ തുടങ്ങിക്കഴിഞ്ഞ സാഹചര്യത്തിൽ ഹിന്ദിയും മാജിക് പോലുള്ള കലാരൂപങ്ങളും മത്സര ഇനങ്ങളായി ഈ വർഷം ഉൾക്കൊള്ളിക്കാൻ കഴിയുമോ എന്നുള്ളത് പരിശോധിക്കാം. അടുത്ത വർഷമാണെങ്കിൽ കുറച്ചുകൂടി സാവകാശം ലഭിക്കുകയും മാറ്റങ്ങൾ വരുത്താൻ കഴിയുകയും ചെയ്യുമായിരുന്നു. ഇക്കാര്യങ്ങൾ അനുഭാവപൂർവ്വം പരിഗണിക്കുന്നതാണ്.

(9) <u>കെ.യു.ഡി.എഫ്.സി. ഓഫീസ് തിരുവനന്തപുരത്തേയ്ക്ക് മാറ്റാനുള്ള ശ്രമം തടയണമെന്ന ആവശ്യം</u>

<u>ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി</u>: മലബാറിന്റെ ആസ്ഥാനമായ കോഴിക്കോട് ദീർഘകാലമായി പ്രവർത്തിച്ചുവരുന്ന കെ.യു.ഡി..എഫ്.സി.–യുടെ ആസ്ഥാനം കോഴിക്കോട് നിന്നും തിരുവനന്തപുരത്തേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത് അവിടത്തെ ജനങ്ങളോട് ചെയ്യുന്ന അനീതിയാണ്. ഈ ഓഫീസ് തിരുവനന്തപുരത്തേയ്ക്ക് മാറ്റാതിരിക്കാനുള്ള നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി <u>(ശ്രീ.പാലോളി മുഹമ്മദ് കുട്ടി)</u>: കോഴിക്കോട് കെ.യു.ഡി.എഫ്.സി. ഓഫീസ് തിരുവനന്തപുരത്തേയ്ക്ക് മാറ്റുന്നതിനെതിരെ കോഴിക്കോട് മേയറും കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റും അവിടത്തെ രണ്ട് എം.എൽ.എ.–മാരും നിവേദനം

തന്നിട്ടുണ്ട്. കോഴിക്കോട് ജില്ലയോട് ഒരവഗണനയും കാണിക്കുന്നില്ല. പഞ്ചായത്തുകളുടെ വികസന പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് വായ്പാ ധനസഹായം നല്കുന്നതിനുവേണ്ടി സംസ്ഥാന ഗ്രാമ വികസന ബോർഡ് നഗരസഭകൾക്ക് വായ്പാ ധനസഹായം നല്കുന്നതിനായി കോഴിക്കോട് നഗര വികസന ധനകാര്യ കോർപ്പറേഷൻ രൂപീകരിച്ചിരുന്നു. ഗ്രാമവികസന ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമല്ലാത്തതിനാൽ ബോർഡ് പിരിച്ചുവിടുകയും പഞ്ചായത്തുകൾക്കുകൂടി വായ്പ ലഭ്യമാക്കുന്നതിന് നഗര വികസന ധനകാര്യ കോർപ്പറേഷന്റെ പ്രവർത്തനം വ്യാപിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു. എന്നാൽ ഈ സംവിധാനത്തിന്റെ പ്രവർത്തനത്തിലും പുരോഗതിയുണ്ടായിട്ടില്ല. സർക്കാരിന് 51 ശതമാനം ഓഹരി മൂലധനമുള്ള കമ്പനി നഷ്ടത്തിൽ പോകുന്നതിനാൽ ഈ കമ്പനിയുടെ പ്രവർത്തനം പുന:സംഘടിപ്പിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. നഗരകാര്യ ഡയറക്ടറുടെ ഓഫീസ്, പഞ്ചായത്ത് ഡയറക്ടറുടെ ഓഫീസ്, നഗരഗ്രാമാസൂത്രണ ഓഫീസ് എന്നിവ തിരുവനന്തപുരത്താണ് പ്രവർത്തിക്കുന്നത്. അതിനാൽ കമ്പനിയുടെ ഹെഡ് ഓഫീസ് തലസ്ഥാനത്ത് ആക്കുന്നതാണ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഗുണകരം. ഔദ്യോഗിക കാര്യനിർവ്വഹണത്തിന് വരുന്നവർക്ക് ഇത് കൂടുതൽ സൗകര്യപ്രദമായിരിക്കുന്നതാണ്. 7–8–2006–ൽ കൂടിയ കമ്പനിയുടെ ഡയറക്ടർ ബോർഡാണ് കമ്പനിയുടെ രജിസ്റ്റേർഡ് ഓഫീസ് കോഴിക്കോട് നിന്ന് തിരുവനന്തപുരത്തേയ്ക്കു മാറ്റാനും കമ്പനിയുടെ ഒരു മേഖലാ ഓഫീസ് അവിടെ തുടങ്ങാനും തീരുമാനിച്ചത്. കമ്പനിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വായ്പകൾ യഥാസമയം

ലഭ്യമാക്കുന്നതിനും ഈ തീരുമാനം പ്രയോജനപ്രദമായതിനാൽ ഡയറക്ടർ ബോർഡിന്റെ തീരുമാനം ഗവൺമെന്റ് അംഗീകരിക്കുകയുണ്ടായി.

(10) <u>തൃശ്ശൂർ ജില്ലയിലെ കോൾ നിലങ്ങളുടെ രണ്ടാം ഘട്ട വികസനം</u>

<u>ശ്രീ. മുരളി പെരുനെല്ലി</u>: തൃശൂർ ജില്ലയിലെ 5 നിയോജക മണ്ഡലങ്ങൾ ഉൾപ്പെടുന്ന 30,000 ഏക്കർ കോൾ നിലങ്ങളിൽ ഉല്പാദനവും ഉല്പാദന ക്ഷമതയും വർദ്ധിപ്പിക്കുന്നതിന് 1978–ൽ കോൾ വികസന പദ്ധതി കൊണ്ടു വരികയും അതിന്റെ ഒന്നാം ഘട്ടം പണി പൂർത്തീകരിക്കുകയും ചെയ്തു വെങ്കിലും 75 ലക്ഷം രൂപയുടെ പണികൾ ബാക്കിയുണ്ട്. കോൾ കാർഷിക മേഖല വളരെയേറെ മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്നതിനാൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും കോൾ കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായി 2001–ൽ ഭൂവികസന കോർപ്പറേഷൻ 51 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന രണ്ടാം ഘട്ട പ്രോജക്ട് തയ്യാറാക്കി ട്ടുണ്ട്. ഒന്നാം ഘട്ട പ്രോജക്ടിന്റെ പൂർണ്ണമായ ഫലം കർഷകർക്ക് ലഭിക്കണമെങ്കിൽ രണ്ടാം ഘട്ട പ്രോജക്ട് പ്രാവർത്തികമാക്കണം. കനാലുകൾ, സൈഡ് പ്രൊട്ടക്ഷൻ, കനാൽ ബ്രിഡ്ജ്, ഫാം റോഡ് തുടങ്ങിയവ ഇതിന്റെ ഭാഗമായി പൂർത്തീകരിക്കാനുണ്ട്. നബാർഡിന്റെ സഹായത്തോടുകൂടി അടിയന്തിരമായി ഇത് നടപ്പിലാക്കുകയും കോൾ കർഷ കരുടെ യോഗം വിളിച്ചുകൂട്ടി ഈ വിഷയം ചർച്ച ചെയ്യുകയും ചെയ്യുന്ന തിനുള്ള നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി <u>(ശ്രീ. മുല്ലക്കര രത്നാകരൻ):</u> തൃശൂർ ജില്ലയിലെ കോൾ മേഖലയുടെ വികസനത്തിനായി നബാർഡിന്റെ സാമ്പത്തിക സഹായ ത്തോടുകൂടി 62.636 കോടി രൂപയുടെ ഒന്നാം ഘട്ട പദ്ധതി നടപ്പിലാക്കി യിട്ടുണ്ട്. അതിനിടയിൽ 75 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കാത്തതു കൊണ്ട് ബുദ്ധിമുട്ടുണ്ടായിട്ടുണ്ട്. അത് പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾ

നടത്തുന്നുണ്ട്. അതിന്റെ പുരോഗതി വിലയിരുത്തിയതിനുശേഷം രണ്ടാം ഘട്ട പ്രോജക്ടിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

(11) ക്യാൻസർ രോഗികളുടെ പെൻഷൻ

ശ്രീ. സാജു പോൾ: കേരളീയ സമൂഹത്തിൽ ഏറ്റവും ദുരിതമനുഭവിക്കുന്ന ക്യാൻസർ രോഗികളുടെ പെൻഷൻ തുകയും പെൻഷൻ ലഭിക്കുന്നതിന് 1984-ലെ ജി.ഒ. പ്രകാരം നിശ്ചയിച്ചിട്ടുള്ള വരുമാനപരിധിയും ഉയർത്തുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): സമൂഹത്തിൽ നിർദ്ധനരായ ക്യാൻസർ രോഗികൾക്ക് ചികിത്സാ ധനസഹായമായി പ്രതിമാസം 200 രൂപ നല്കുന്ന പദ്ധതിയാണ് ഇപ്പോൾ നിലവിലുള്ളത്. 8-10-1984-ലെ ജി.ഒ. പ്രകാരം ചികിത്സാ ധനസഹായ പദ്ധതിക്കുള്ള ആനുകൂല്യം ലഭിക്കുന്നതിന് അപേക്ഷകന്റെയും കുടുംബത്തിന്റെയും മൊത്തത്തിലുള്ള വരുമാനം പ്രതിമാസം 200 രൂപയിൽ താഴെ ആയിരിക്കണമെന്നാണ്. ആരോഗ്യ വകുപ്പിന്റെ ഫണ്ടിൽ നിന്നാണ് ഈ ധനസഹായം അനുവദിക്കുന്നത്. പ്രസ്തുത ധനസഹായം വിതരണം ചെയ്യുന്നതും വരുമാന പരിധി നിശ്ചയിക്കുന്നതും റവന്യൂ വകുപ്പാണ്. അതുകൊണ്ട് റവന്യൂ, ആരോഗ്യം, ധനകാര്യം എന്നീ വകുപ്പുകൾ സംയുക്തമായി ആലോചിച്ച് വരുമാന പരിധി കാലോചിതമായി ഉയർത്തുന്നതാണ്. ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിനെ സംബന്ധിച്ച് റവന്യൂ വകുപ്പ് ധനകാര്യ വകുപ്പിന് നല്കിയ പ്രൊപ്പോസൽ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. അക്കൂട്ടത്തിൽ ഇതും ഉൾപ്പെടുത്തുന്നതാണ്. പ്രതിമാസ പെൻഷൻ 200 രൂപ എന്നത് വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതാണ്.

(12) പത്തനംതിട്ട ജില്ലയിലെ മലയോര കർഷകർക്ക് പട്ടയം

ശ്രീ.രാജു എബ്രഹാം: പത്തനംതിട്ട ജില്ലയിൽ ഏകദേശം 6000-ത്തോളം വരുന്ന മലയോര കർഷകരുടെ കൈവശ ഭൂമിക്ക് ജോയിന്റ് വെരിഫിക്കേഷൻ പൂർത്തിയാക്കിയെങ്കിലും ഇതുവരെയും പട്ടയം ലഭിച്ചിട്ടില്ല. വനം വകുപ്പിന് റവന്യൂ ഭൂമി നല്കണമെന്നുള്ളതാണ് ഇവിടത്തെ പ്രശ്നം. കമ്പക്കല്ലിൽ 8,000-ത്തോളം ഏക്കർ റവന്യൂ ഭൂമി വനം വകുപ്പിന് സൗജന്യമായി നല്കാൻ ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്ന സാഹചര്യത്തിൽ ഈ ഭൂമിക്ക് പകരമായി ഭൂമി കൊടുക്കുന്നുവെന്നുള്ള രേഖാപരമായ നടപടികൾ സ്വീകരിക്കുന്നതിന് വകുപ്പുമന്ത്രി മുൻകൈയെടുത്ത് കോൺഫറൻസ് വിളിച്ചുകൂട്ടി പട്ടയം നല്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ) :1-1-1977-ന് മുമ്പുള്ള വനഭൂമി കൈവശക്കാരുടെ പ്രശ്നങ്ങളെ സംബന്ധിച്ച് സംയുക്ത പരിശോധന പൂർത്തിയാക്കിയപ്രകാരം മല്ലപ്പള്ളി താലൂക്കിൽ 1414 പേർക്ക് 104.15 ഹെക്ടർ ഭൂമിയും റാന്നിയിൽ 5154 പേർക്ക് 1586 ഹെക്ടർ ഭൂമിയും കോഴഞ്ചേരിയിൽ 581 പേർക്ക് 216.93 ഹെക്ടർ ഭൂമിയും ഉണ്ട്. അതിൽ മല്ലപ്പള്ളി താലൂക്കിൽ 376 കൈവശക്കാർക്ക് 82 ഹെക്ടർ 4 ആർ ചതുരശ്രമീറ്റർ സ്ഥലത്തിന് കൈവശരേഖ നല്കിയിട്ടുണ്ട്. ജോയിന്റ് വെരിഫിക്കേഷൻ കഴിഞ്ഞ് റവന്യൂ വകുപ്പിന്റെ സംയുക്ത പരിശോധനയിൽ പരിഹാര വനവൽക്കരണത്തിനുള്ള ഭൂമി പത്തനംതിട്ടയിൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. മറ്റേതെങ്കിലും ഭൂമി അതിനായി നല്കാൻ കഴിയുമോ എന്ന് പരിശോധിച്ചുവരുന്നു. മല്ലപ്പള്ളി താലൂക്കിൽ പെരുമ്പട്ടി വില്ലേജിൽ കൈവശക്കാർക്ക് പരിഹാരവനവൽക്കരണത്തിനായി 250 ഹെക്ടർ ഭൂമി ലഭ്യമാക്കണമെന്ന് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. ഭൂമി വനവൽക്കരണ

ത്തിന് അനുയോജ്യമാണെന്ന് പരിശോധന നടത്തി അന്തിമ തീരുമാനം കൈക്കൊള്ളുന്നതാണ്. ഇടുക്കി ജില്ലയിൽ കമ്പക്കല്ലിലെ പ്രസ്തുത ഭൂമി ജോയിന്റ് വെരിഫിക്കേഷൻ നടത്തി ഒരു മാസത്തിനുള്ളിൽ റിപ്പോർട്ട് നൽകാൻ റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിയേയും വനം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ചാലുടൻ അതുംകൂടി കണക്കിലെടുത്ത് റാന്നി, മല്ലപ്പള്ളി, കോഴഞ്ചേരി എന്നീ പ്രദേശങ്ങളിൽ കൊടുക്കുന്ന ഭൂമിക്ക് പകരം റവന്യൂ ഭൂമി കൊടുക്കുന്നതിനെക്കുറിച്ച് ചർച്ച നടത്തി നിയമാനുസൃതമായി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(13) <u>പറവൂർ, വടക്കേക്കര മണ്ഡലങ്ങളിലെ ചെറു ദ്വീപുകളിൽ അജ്ഞാതർ സ്ഥലം വാങ്ങുന്നതു സംബന്ധിച്ച്</u>

<u>ശ്രീ. വി. ഡി. സതീശൻ</u>: പറവൂർ, വടക്കേക്കര നിയോജകമണ്ഡലങ്ങളിലെ ചെറുദ്വീപുകളിൽനിന്നും നിലവിലുള്ള വിലയുടെ 20 ഇരട്ടി വിലയ്ക്കുവരെ അജ്ഞാതരായ ആളുകൾ സ്ഥലം വാങ്ങുകയാണ്. സ്ഥലം വാങ്ങുന്നവർ രജിസ്ട്രാർ ഓഫീസിൽ പോകാതെ തന്നെ സ്ഥലം വാങ്ങാവുന്ന അവസ്ഥ ഇന്ന് നിലവിലുണ്ട്. ഇതുസംബന്ധിച്ച് ആ ദേശത്തിനു ക്ഷീണം സംഭവിക്കാതെയും ജനുവിൻ ബയേഴ്സിനും റിയൽ എസ്റ്റേറ്റുകാർക്കും ഒരു തകരാറും ഉണ്ടാകാത്ത രീതിയിലും ഉള്ള ഒരു അന്വേഷണം നടത്തണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ)</u>: ഈ സബ്മിഷൻ കിട്ടിയപ്പോൾത്തന്നെ ഇതുസംബന്ധിച്ച് ഒരന്വേഷണം നടത്തുകയുണ്ടായി. പറവൂർ, വടക്കേക്കര നിയോജകമണ്ഡലങ്ങളിൽപ്പെട്ട വലിയപണിക്കൽ തുരുത്ത്, ഗോതുരുത്ത്, പഴംപള്ളി തുരുത്ത്,

തുടങ്ങിയ സ്ഥലങ്ങളിൽ ഉയർന്ന വിലയ്ക്ക് അജ്ഞാതരായ ആളുകൾ സ്ഥലം വാങ്ങി കൂട്ടുന്നു എന്നതുസംബന്ധിച്ച് അന്വേഷിച്ചു. അജ്ഞാതരല്ല സ്ഥലം വാങ്ങുന്നത് എന്നാണ് കിട്ടിയ റിപ്പോർട്ട്. ഇതുമായി ബന്ധപ്പെട്ട് പറവൂർ, ചേന്ദമംഗലം, രജിസ്ട്രാർ ഓഫീസുകളിൽ നടത്തിയ അന്വേഷണത്തിൽ അമിതമായ വിലയ്ക്ക് ഭൂമി രജിസ്ട്രേഷൻ നടന്നതായി കാണുന്നില്ല. ഗോശ്രീ പാലം, വല്ലാർപാടം പദ്ധതി, ഹഡ്കോ കുടിവെള്ള പദ്ധതി ഇത്തരത്തിൽ കൊച്ചി കേന്ദ്രമായി അടുത്തകാലത്ത് ധാരാളം വികസന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇത് കണക്കിലെടുത്ത് ഊഹക്കച്ചവടക്കാർ അമിതവില കാണിച്ച് എഗ്രിമെന്റുകൾ ഉണ്ടാക്കുന്നുണ്ട്. എറണാകുളം കേന്ദ്രീകരിച്ച് ഇപ്പോൾ നടക്കുന്ന സ്മാർട്ട് സിറ്റിയും മറ്റ് വികസന സംരംഭങ്ങളുമൊക്കെ മുൻകൂട്ടി മനസ്സിലാക്കി അവിടെ സ്ഥലം വാങ്ങി മറിച്ചു വിൽക്കുന്ന ഒരു സ്ഥിതിയുമുണ്ട്. ഭാവിയിൽ കൂടുതൽ വിലയ്ക്ക് വിൽക്കാൻ സാധിക്കും എന്ന പ്രതീക്ഷയിൽ ഭൂമി വാങ്ങുന്നതായിട്ടാണ് ഗവണ്മെന്റിന് കിട്ടിയിരിക്കുന്ന റിപ്പോർട്ട്. ഭൂമി വാങ്ങുന്നയാൾ രജിസ്ട്രാർ ഓഫീസിൽ പോകേണ്ടതില്ല; ആരുടെ പേരിൽ വേണമെങ്കിലും ഭൂമി എഴുതിവയ്ക്കാം എന്നുള്ള സിസ്റ്റത്തിന് മാറ്റം വരുത്താൻ ഗവണ്മെന്റ് ഉദ്ദേശിക്കുകയാണ്. ഇതു സംബന്ധിച്ച് വിജിലൻസ് ഡിപ്പാർട്ടുമെന്റുമായി നടത്തിയ ചർച്ചയിൽ, ഭൂമി വാങ്ങുന്നയാളുടേയും വിൽക്കുന്നയാളുടേയും ഫോട്ടോ ആധാരത്തിൽ പതിപ്പിക്കണമെന്നും ഭൂമി വിൽക്കുന്നയാളും വാങ്ങുന്നയാളും രജിസ്ട്രാർ ഓഫീസിൽ പോകണമെന്നുമുള്ള ഒരു നിയമ ഭേദഗതി വേണമെന്ന് വിജിലൻസ് വകുപ്പ് അഭിപ്രായപ്പെട്ടിട്ടുണ്ട്. ആ വിധത്തിൽ സമഗ്രമായ ഒരു നിയമം കൊണ്ടുവരാൻ ഗവണ്മെന്റ് ഉദ്ദേശിക്കുക

യാണ്. ആന്ധ്രയിൽ ഇത്തരത്തിലുള്ള ഒരു സംവിധാനം ഉണ്ട്. കേന്ദ്ര ഗവണ്മെന്റും ഇതുസംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(14) പീരുമേട്ടിലെ കൊക്കയാർ വില്ലേജിലെ ഉരുൾപൊട്ടലിൽ നാശനഷ്ടം സംഭവിച്ചവർക്ക് ധനസഹായം

ശ്രീമതി ഇ.എസ്. ബിജി മോൾ: പീരുമേട് നിയോജകമണ്ഡലത്തിലെ കൊക്കയാർ പഞ്ചായത്തിലുണ്ടായ ഉരുൾപൊട്ടൽമൂലം നിരവധി വീടുകൾ പൂർണ്ണമായും ഭാഗീകമായും തകരുകയും കാർഷിക വിളകൾക്ക് നാശനഷ്ടങ്ങൾ ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. ഉറുമ്പിക്കര എന്ന എസ്.സി. കോളനിയിലെ 8 കിലോമീറ്റർ റോഡും വടക്കേമല എസ്.ടി. കോളനിയിലെ ഒന്നര കിലോമീറ്റർ റോഡും പൂർണ്ണമായി തകരുകയും ചില റോഡുകൾ ഒലിച്ചുപോകുകയും ചെയ്തതിന്റെ ഫലമായി ഈ പ്രദേശങ്ങൾ ഒറ്റപ്പെട്ട അവസ്ഥയിലാണ്. ഈ ഒറ്റപ്പെട്ട പ്രദേശങ്ങളെ ബന്ധിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങൾക്ക് വേണ്ട നടപടി സ്വീകരിക്കുകയും ചെയ്യണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ) : ഗവണ്മെന്റിന് കൊടുക്കാൻ കഴിയുന്ന സഹായത്തിന് പരിമിതിയുണ്ട്. മാക്സിമം സഹായം കൊടുക്കാവുന്ന രീതിയിലുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. പ്രകൃതിക്ഷോഭത്തിൽ പൂർണ്ണമായി വീട് നഷ്ടപ്പെട്ടവർക്ക് ഇപ്പോൾ നൽകിവരുന്ന ധനസഹായം തീരെ അപര്യാപ്തമാണ്. എന്നാൽ കേന്ദ്ര ധനകാര്യ കമ്മിഷന്റെ ശുപാർശപ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡം അനുസരിച്ച് വീടുകൾക്കും കൃഷിനാശത്തിനും പരിധിക്കുള്ളിൽനിന്നുകൊണ്ടാണ് സർക്കാർ ധനസഹായം നൽകുന്നത്. 11-ാം ധനകാര്യ കമ്മിഷന്റെ നിബന്ധനയനുസരിച്ചുള്ള തുക അപര്യാപ്തമാണെന്ന് ഗവണ്മെന്റിനു ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ ധനസഹായവും അതിനനുസരിച്ച് മാനദണ്ഡ

ത്തിൽ മാറ്റം വരുത്തണമെന്നും കേന്ദ്ര ഗവണ്മെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അത്യാവശ്യം വരുന്ന സന്ദർഭത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി യിൽനിന്നുമാണ് കൂടുതൽ സഹായം ഇപ്പോൾ അനുവദിക്കുന്നത്. ഇടുക്കി ജില്ലയിൽ ഉരുൾപൊട്ടൽമൂലമുണ്ടായ നാശനഷ്ടങ്ങളുടെ കണക്ക് പ്രത്യേക മായി കാണിക്കണമെന്ന് ജില്ലാ കളക്ടർക്ക് നിർദ്ദേശം കൊടുക്കുകയും അടിയന്തിര സഹായം കൊടുക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ആദ്യഘട്ടത്തിൽ കുറച്ചു സഹായം കൊടുത്തിട്ടുണ്ട്. ഉരുൾപൊട്ടൽ സാധ്യതയുള്ള പ്രദേശങ്ങളെ പ്രത്യേകം നിരീക്ഷിക്കുന്ന തിനും അപകടം മുൻകൂട്ടി മനസ്സിലാക്കി പ്രത്യേകമായ പ്രതിരോധ നടപടി കളെടുക്കുന്നതിനും ഇക്കാര്യങ്ങൾ ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനും ആവശ്യമായ സംരക്ഷണ നടപടികളെടുക്കേണ്ടതുണ്ട്. ഡിസാസ്റ്റർ മാനേജു മെന്റിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കേരളം ഒരുപാട് മുന്നോട്ടു പോയ സാഹചര്യത്തിൽ കേന്ദ്ര നിയമത്തിന്റെ അടിസ്ഥാനത്തിൽ ചട്ടങ്ങൾ തയ്യാറായിട്ടുണ്ട്. 27-ാം തീയതി ഹൈദ്രാബാദിൽ വച്ച് കേന്ദ്ര ഗവണ്മെന്റ് ഒരു കോൺഫറൻസ് വിളിച്ചിട്ടുണ്ട്. അതുകഴിഞ്ഞാൽ ചട്ടം പ്രസിദ്ധീകരിക്കാൻ കഴിയും. ഇതുസംബന്ധിച്ച് ശിൽപശാലകളും നിർദ്ദേശിച്ചിട്ടുണ്ട്. കോട്ടയം ജില്ലയിലെ ഈരാറ്റുപേട്ടയിൽ വച്ച് നവംബർ 9-ാം തീയതി ആദ്യത്തെ ശിൽപശാല നടത്തുന്നതാണ്. ഇതിനായി ഡൽഹിയിൽനിന്നും ഒരു ടീംതന്നെ വരുന്നുണ്ട്. അതുകഴിഞ്ഞാൽ കോഴിക്കോട് ജില്ലയിലെ പശുക്കടവിൽവച്ച് അടുത്ത ഒരു പരിപാടി കൂടി തീരുമാനിച്ചിട്ടുണ്ട്.

(15) എം.ജി. സർവ്വകലാശാല സിൻഡിക്കേറ്റ് കൈക്കൊള്ളുന്ന നിയമവിരുദ്ധ നടപടികൾ

ശ്രീ. വി.എൻ. വാസവൻ: അഴിമതിയുടേയും ക്രമവിരുദ്ധ നടപടികളുടേയും സ്വജനപക്ഷപാതത്തിന്റേയും പ്രതീകമായി മാറിയിരിക്കുന്ന മഹാത്മാഗാന്ധി സർവ്വകലാശാല സിൻഡിക്കേറ്റിനെ പുറത്താക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സർവ്വകലാശാലയ്ക്കുമുന്നിൽ അധ്യാപകരും വിദ്യാർത്ഥികളും സർവ്വകലാശാലാ ജീവനക്കാരും ചേർന്ന് 48 മണിക്കൂർ സമരത്തിന് തുടക്കം കുറിച്ചിരിക്കുകയാണ്; ഇതിനെക്കുറിച്ച് അന്വേഷിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): ഇവിടെ ഉന്നയിച്ച ആക്ഷേപങ്ങളും വിമർശനങ്ങളും സംബന്ധിച്ച് സർവ്വകലാശാലാ അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നതും അവരുടെ പ്രതികരണത്തിന്റെ അടിസ്ഥാനത്തിൽ ഉചിതമായ അനന്തര നടപടികളെക്കുറിച്ച് ആലോചിക്കുന്നതുമാണ്.

(16) പെരിന്തൽമണ്ണ പി.ടി.എം. കോളേജിന്റെ പിന്നോക്കാവസ്ഥ

ശ്രീ. വി. ശശികുമാർ: പെരിന്തൽമണ്ണ ഗവണ്മെന്റ് കോളേജ് ആരംഭിച്ചിട്ട് 32 കൊല്ലമായെങ്കിലും അവിടെ പുതിയ കോഴ്സുകൾ അനുവദിക്കുന്നതിനും അനുവദിച്ച കോഴ്സുകൾ നടത്തുന്നതിനാവശ്യമായ അധ്യാപകരെ ലഭിക്കുന്നതിനും വളരെ പ്രയാസമാണ്. പല കോഴ്സുകളും പഠിപ്പിക്കുന്നതിന് സ്ഥിരമായ അധ്യാപകർ ഇല്ല എന്നുമാത്രമല്ല മറ്റ് സ്റ്റാഫും പശ്ചാത്തലസൗകര്യങ്ങളും തീരെ കുറവാണ്. അവിടെ പുതിയ കോഴ്സുകൾ അനുവദിക്കാനും സയൻസ് ബ്ളോക്കിന് പുതിയ കെട്ടിടം നിർമ്മിക്കാനും പൊളിഞ്ഞു വീഴാറായ കോളേജ് കെട്ടിടം പുതുക്കിപ്പണിയാനും കോളേജിന് ഒരു

അപ്രോച്ച് റോഡ് ഉണ്ടാക്കാനും ആഡിറ്റോറിയം, ലൈബ്രറി, കോളേജ് ഹോസ്റ്റൽ തുടങ്ങിയ സംവിധാനങ്ങൾ ഉണ്ടാക്കാനും നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): പെരിന്തൽമണ്ണ കോളേജിന് ആവശ്യത്തിന് സ്ഥലസൗകര്യം ഉണ്ടെങ്കിലും പശ്ചാത്തല സൗകര്യങ്ങൾ വളരെ പരിമിതമാണ്. പുതിയ കോഴ്സുകൾ ലഭ്യമാക്കാനും പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്താനും ഗവൺമെന്റിന്റെ ഇന്നത്തെ സാമ്പത്തിക സ്ഥിതിയിൽനിന്നുകൊണ്ട് പരമാവധി സഹായം നൽകുന്നതാണ്. കഴിഞ്ഞ ബഡ്ജറ്റിൽ ഗ്രന്ഥശാല, പരീക്ഷണശാല എന്നിവയ്ക്കായി രണ്ട് ലക്ഷം രൂപയും ചെറുകിട നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഒരു ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമെ അനുപൂരക സാമ്പത്തിക സഹായത്തിന് ഈ കോളേജിന് അർഹതയുണ്ട്. പൊതുവിൽ ചില മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് പുതിയ കോഴ്സുകൾ അനുവദിക്കുന്നത്. അത് പരിശോധിക്കുന്ന അവസരത്തിൽ ഏറ്റവും ആദ്യംതന്നെ പരിഗണിക്കപ്പെടുന്ന കോളേജായി പെരിന്തൽമണ്ണ കോളേജിനെ പരിഗണിക്കുന്നതാണ്.

**ക്രമപ്രശ്നം**

## ജനപ്രതിനിധികളെ സർക്കാർ പരിപാടികളിൽ പങ്കെടുപ്പിക്കണമെന്ന ആവശ്യം

ശ്രീ. ടി.എൻ. പ്രതാപൻ: നിയോജകമണ്ഡലങ്ങളിൽ നടക്കുന്ന മന്ത്രിമാർ പങ്കെടുക്കുന്ന ഔദ്യോഗിക പരിപാടികളിലും മറ്റ് പൊതു പരിപാടികളിലും എം.എൽ.എ. മാരെ ഒഴിവാക്കുന്നത് നിർഭാഗ്യകരമാണ്. ഇക്കാര്യത്തിൽ എം.എൽ.എമാർക്ക് പരിരക്ഷ നൽകണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): ഗവണ്മെന്റുമായി ബന്ധപ്പെട്ട ചടങ്ങുകളിൽ എം.എൽ.എ. മാരുടെ സ്ഥാനം ഉറപ്പുവരുത്തുന്നതിന് ബഹുമാനപ്പെട്ട സ്പീക്കർ വ്യക്തമായ നിർദ്ദേശം നൽകേണ്ടതാണ്.

മി. സ്പീക്കർ: പല തവണ ചർച്ച ചെയ്യുകയും ഇതിന്മേൽ റൂളിംഗ് നൽകുകയും ചെയ്തിട്ടും അതെല്ലാം ലംഘിക്കപ്പെടുകയാണ്. നിയോജക മണ്ഡലങ്ങളിൽ നടത്തുന്ന ഔദ്യോഗിക പരിപാടികളിൽ മന്ത്രിമാർ പങ്കെടുക്കുന്നുണ്ടെങ്കിൽ നിർബന്ധമായും സ്ഥലത്തെ എം.എൽ.എ.യെ അറിയിക്കണം. മന്ത്രിമാർകൂടി ഇക്കാര്യം ശ്രദ്ധിക്കണം.

**റിപ്പോർട്ട് സമർപ്പണം**

(1) 2006-ലെ കേരള ധനകാര്യ ബില്ലിനെ സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(2) പബ്ളിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ അഞ്ച് മുതൽ പതിനഞ്ച് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

**നിയമനിർമ്മാണകാര്യം**

2006-ലെ കേരള ധനവിനിയോഗ (16-ാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും

ധനകാര്യ വകുപ്പുമന്ത്രി (ഡോ.തോമസ് ഐസക്): 2006-ലെ കേരള ധനവിനിയോഗ (16-ാം നമ്പർ) ബിൽ പരിഗണയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ.എം.വിജയകുമാർ): പ്രമേയത്തെ പിന്താങ്ങുന്നു.

<u>ശ്രീ. കെ. സി. ജോസഫ്</u>: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. അനുവദിക്കുന്ന പണം നാടിന്റെ ക്ഷേമത്തിനും ജനങ്ങളുടെ താൽപ്പര്യ ത്തിനും ചെലവഴിക്കാൻ സാധിക്കുമോ എന്ന് സംശയമുണ്ട്. ഗവണ്മെന്റിന്റെ വാഗ്ദാനവും പ്രവൃത്തിയും തമ്മിൽ പൊരുത്തമില്ല. യു.ഡി.എഫ് ഗവണ്മെന്റിൽ മന്ത്രിമാരുടെ എണ്ണത്തിൽ വർദ്ധനവാണെന്ന് ആക്ഷേപ മുന്നയിച്ചിട്ട് മന്ത്രിമാരുടെ എണ്ണത്തിൽ കുറവു വരുത്താൻ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവണ്മെന്റിന് കഴിഞ്ഞില്ല. ഗവണ്മെന്റിന്റെ നടപടികളും തീരുമാനങ്ങളും തൃപ്തികരമല്ല. ഗവണ്മെന്റിന്റെ ധനസ്ഥിതിയെപ്പറ്റി ധനകാര്യ വകുപ്പുമന്ത്രിക്കുപോലും ആശങ്കയുള്ളതി നാലാണ് കേരളം വലിയ സാമ്പത്തിക പ്രതിസന്ധിയിലേയ്ക്ക് പോകുന്നുവെന്ന് അഭിപ്രായപ്പെട്ടത്. സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും വേണ്ടിയുള്ള ശമ്പള കമ്മിഷൻ ശുപാർശകൾ യു.ഡി.എഫ്. ഗവണ്മെന്റ് നടപ്പിലാക്കിയപ്പോൾ ആനുകൂല്യ ങ്ങൾ പോരായെന്ന് വാദിച്ചവരാണ് ഇപ്പോൾ ഭരണപക്ഷത്തിരിക്കുന്നത്. ഗവണ്മെന്റിന്റെ വരുമാനത്തിന്റെ ഭൂരിഭാഗവും ശമ്പളം, പെൻഷൻ, പലിശ എന്നിവയ്ക്കുവേണ്ടി കൊടുക്കേണ്ടിവരുന്നതുകൊണ്ട് ഡെവലപ്മെന്റിന് പണമില്ലാത്ത അവസ്ഥയാണ്. നികുതി സമാഹരണത്തിൽ വർദ്ധനവില്ല. നികുതി കുടിശിക പിരിച്ചെടുക്കുന്നതിന് ശ്രമിക്കണം. കോടതികളിലെ സ്റ്റേ വെക്കേറ്റ് ചെയ്യാനോ വിഭവശേഷി വർദ്ധിപ്പിക്കാനോ ഗവണ്മെന്റ് ശ്രമിക്കുന്നില്ല. ഈ ഗവണ്മെന്റിന് കൂട്ടുത്തരവാദിത്വമില്ല. ചെലവു ചുരുക്കാൻ ശ്രമിക്കുന്നില്ലായെന്നു മാത്രമല്ല, കേരളത്തിന്റെ വികസനത്തിനുള്ള പ്രത്യേക മായ ഒരു പദ്ധതി പോലും തയ്യാറാക്കാൻ ഗവണ്മെന്റ് ശ്രമിക്കുന്നില്ല. കേരളത്തിന്റെ വികസനത്തിനും മോചനത്തിനുംവേണ്ടിയുള്ള 13 ഇന പരിപാടിക്ക് ഈ ഗവണ്മെന്റ് വില കൽപ്പിക്കുന്നില്ല.

<u>ശ്രീ. വി. ജെ. തങ്കപ്പൻ</u>: ധനവിനിയോഗബില്ലിനെ അനുകൂലിക്കുന്നു. ധനവിനിയോഗ ബിൽ പാസ്സാക്കുമ്പോൾ എങ്ങനെ ധനം വിനിയോഗിക്കപ്പെടുന്നു എന്ന് കൂടി പരിശോധിക്കണം. ധനവിനിയോഗം നടത്തുന്ന ഗവണ്മെന്റ് സെക്രട്ടറിമാർ മുതൽ താഴോട്ടുള്ള ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് കാലാകാലങ്ങളിൽ വിശദമായ പരിശോധന നടത്തണം. സബ്ജക്ട് കമ്മിറ്റിക്ക് പരിശോധന നടത്തി നടപടി സ്വീകരിക്കാൻ കഴിയത്തക്കവിധത്തിൽ സർക്കാർ ഓഫീസുകളിലും പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളുടെ ഓഫീസുകളിലും കണക്കുകൾ എഴുതി സൂക്ഷിക്കുകയും സമയാസമയങ്ങളിൽ ഓഡിറ്റ് നടത്തുകയും വേണം. ധനവിനിയോഗം നടക്കുമ്പോൾത്തന്നെ ഫിനാൻസ് വിംഗിന്റെ പരിശോധന നടത്തുകയും ആവശ്യമായ കറക്ഷൻ നടത്തുകയും വേണം. യു.ഡി.എഫ്. ഗവണ്മെന്റ് ലോകബാങ്കിൽനിന്ന് പലിശയ്ക്കെടുത്ത 2,500 കോടി രൂപ ധൂർത്തടിച്ചതിനെപ്പറ്റി ഗവണ്മെന്റ് അന്വേഷിക്കണം. കഴിഞ്ഞ കാലങ്ങളിൽനിന്നും വ്യത്യസ്തമായി സെക്രട്ടറിമാരുടേയും മറ്റ് ഉയർന്ന ഉദ്യോഗസ്ഥരുടേയും ഓഫീസുകളിൽ നടക്കുന്ന കറപ്ഷൻ ഗവണ്മെന്റ് പരിശോധിക്കണം. കെ.എസ്.ടി.പി.-യിൽ ധനവിനിയോഗം നടത്തുന്നതു സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ മാറ്റി നിറുത്തിയശേഷം ഊർജ്ജിതമായ അന്വേഷണം നടത്തണം. തിരുവനന്തപുരം സിറ്റിയിലെ അടിപ്പാത നിർമ്മിച്ചതിന് പ്രോജക്ട് കോസ്റ്റ് 120 കോടി രൂപയായിരുന്നെങ്കിൽ 437 കോടിരൂപ തിരിച്ചടയ്ക്കേണ്ട ബാദ്ധ്യതയുണ്ടായിരിക്കുന്നതുസംബന്ധിച്ച് അന്വേഷണം നടത്തുകയും ധനവിനിയോഗം നടത്തുമ്പോൾ ദുർവിനിയോഗമുണ്ടാകാതിരിക്കാൻ ശ്രമിക്കുകയും വേണം. പ്രഥമദൃഷ്ട്യാ കേസുള്ള ഉദ്യോഗസ്ഥന്റേയോ രാഷ്ട്രീയ പ്രവർത്തകന്റേയോ മുഴുവൻ സ്വത്തും ബാങ്ക്

അക്കൗണ്ടും മരവിപ്പിക്കുന്നതിനുവേണ്ട നിയമനിർമ്മാണം നടത്തുകയോ ലോക് ആയുക്ത നിയമത്തിൽ ഭേദഗതി വരുത്തി ധനദുർവിനിയോഗം നിയന്ത്രിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയോ വേണം. മരുന്നു വാങ്ങുന്നതിൽ വമ്പിച്ച അഴിമതി നടക്കുന്നതിനാൽ മദ്രാസിലോ ഒറീസയിലോ ഉള്ളതുപോലുള്ള സിസ്റ്റം പരിശോധിച്ച് ധനം ചോരാതെ മരുന്ന് വാങ്ങി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണം. ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഉദ്യോഗസ്ഥർ അവരുടെ കൃത്യം യഥായോഗ്യം നിർവ്വഹിച്ച് ഗുണനിലവാരമുള്ള മരുന്ന് വിൽക്കുന്നതിനുള്ള സാഹചര്യമുണ്ടാക്കണം. ധനവിനിയോഗം സംബന്ധിച്ച് പരിശോധിക്കേണ്ടത് ധനകാര്യ വകുപ്പുമന്ത്രി യാണ്. ധനം വിനിയോഗിച്ചാൽ കാലാകാലങ്ങളിൽ പരിശോധ നടത്തി കറക്ഷൻ വരുത്തണം. നാടിന്റെ പുരോഗതിക്കുവേണ്ടി പലിശയ്ക്ക് എടുക്കുന്ന പണം ഫലപ്രദമായി വിനിയോഗിക്കണം; അതിലൂടെയുണ്ടാകുന്ന റിസൾട്ട് എന്താണെന്ന് പരിശോധിക്കണം. കാർഷിക-മൃഗസംരക്ഷണ മേഖലകളിൽ കോടിക്കണക്കിന് രൂപ വിനിയോഗിക്കുന്നുണ്ടെങ്കിലും പ്രവർത്തനത്തെക്കുറിച്ച് പരിശോധിക്കുന്നില്ല. സാമ്പത്തിക വിനിയോഗം റിസൾട്ട്-ഓറിയന്റഡായിരിക്കണം. ഓരോ വർഷത്തെയും ധനവിനിയോഗം സംബന്ധിച്ച റിസൾട്ട് ഓരോ വർഷവും സസൂഷ്മം നിരീക്ഷിക്കാൻ സാധി ച്ചാൽ അഞ്ചുവർഷംകൊണ്ട് മെച്ചപ്പെട്ട സാമ്പത്തിക നേട്ടമുണ്ടാക്കാനാകും.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി:</u> ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. സംസ്ഥാനത്തെ സാമ്പത്തിക രംഗം തകർച്ചയിലാണ്. കേന്ദ്ര നികുതി വിഹിതം കിട്ടുന്നതുകൊണ്ടുമാത്രമാണ് ട്രഷറികൾ പൂട്ടാത്തത്. കഴിഞ്ഞ ഗവൺമെന്റിന്റെ അവസാനഘട്ടത്തിൽ 201.46 കോടി രൂപ മിച്ചമായി രുന്നു. സാമ്പത്തിക സ്ഥിതി സംബന്ധിച്ച് ഈ സർക്കാർ ധവളപത്രം

പ്രസിദ്ധീകരിക്കണമായിരുന്നു. സാധനങ്ങളുടെ വിലക്കയറ്റംമൂലം ജനങ്ങൾ ബുദ്ധിമുട്ടുകയാണ്. ശാസ്ത്രീയമായ രീതിയിൽ നികുതി പിരിവ് നടക്കുന്നില്ല. മറ്റ് സംസ്ഥാനങ്ങൾ ചെയ്യുന്നതുപോലെ നികുതി ഇളവ് നൽകി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കണം. ലക്കിവാറ്റിലെ അപാകത പരിഹരിക്കണം. സ്വർണ്ണം, കമ്പി, മദ്യം, പെട്രോളിയം എന്നിവയെ ലക്കി വാറ്റിൽനിന്നും ഒഴിവാക്കിയ നടപടി ശരിയല്ല. ചെക്ക്പോസ്റ്റുകളിൽ ഗുണ്ടാ സംഘങ്ങളുടെ അതിക്രമമാണ് നടക്കുന്നത്. ഏലം, കുരുമുളക് തുടങ്ങിയവ അനധികൃതമായി തമിഴ്നാട്ടിലേയ്ക്ക് പോകുന്നതിലൂടെ കോടിക്കണക്കിന് രൂപ സംസ്ഥാനത്തിന് നഷ്ടമാവുകയാണ്. വിദ്യാഭ്യാസ രംഗത്തെ അരക്ഷിതാവസ്ഥമൂലം 5000 കോടി രൂപയാണ് സംസ്ഥാനത്തിന് നഷ്ടമായത്. വ്യക്തമായ നിലപാടുണ്ടെങ്കിൽ മാത്രമേ ഈ രംഗത്ത് മാറ്റമുണ്ടാകു. 1996–ൽ യു.ഡി.എഫ്. ഗവൺമെന്റ് അധികാരമൊഴിയുമ്പോൾ 489.44 കോടി രൂപ മിച്ചമുണ്ടായിരുന്നത് 2001–ൽ എൽ.ഡി.എഫ്. ഗവൺമെന്റ് അധികാര മൊഴിയുമ്പോൾ 358.75 കോടി രൂപയുടെ ഓവർ ഡ്രാഫ്റ്റായി മാറി. 2006–ൽ യു.ഡി.എഫ്. സർക്കാർ അധികാരമൊഴിയുമ്പോൾ 201.46 കോടി രൂപയുടെ മിച്ചമാണ് ഉണ്ടായിരുന്നത്. സംസ്ഥാനത്തിന് സാമ്പത്തിക നേട്ടമുണ്ടാകണ മെങ്കിൽ നൂതനമായ സംരംഭങ്ങളുണ്ടാകണം. സംസ്ഥാനത്ത് നിക്ഷേപകരെ കൊണ്ടുവരുന്നതിന് പശ്ചിമ ബംഗാളിന്റെ മാതൃക സ്വീകരിക്കണം. തുണ്ടുഭൂമി കളിൽ കൃഷി ചെയ്യുന്നവർക്ക് ബയോ ടെക്നോളജിയും ശാസ്ത്രീയ രംഗത്ത് പണവും വിനിയോഗിക്കാൻ നടപടി സ്വീകരിക്കണം. ഓൺലൈൻ ലോട്ടറിയുടെ നികുതിയായ 5573 കോടി രൂപ പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടില്ല. കിട്ടേണ്ട തുക പിരിച്ചെടുക്കാൻ സംവിധാനമില്ല. സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയുടെ പുരോഗതിക്കുവേണ്ടി നിലനിൽക്കേണ്ട പ്ളാനിംഗ്

ബോർഡിന്റെ അവസ്ഥ ദയനീയമാണ്. പ്ളാനിംഗ് ബോർഡിനെ രാഷ്ട്രീയ വൽക്കരിക്കാൻ പാടില്ല. നിരവധി അവാർഡുകൾ ലഭിച്ചതും ലോകത്തിന് മാതൃകയായതുമായ അക്ഷയ പദ്ധതിയോടുള്ള ഗവൺമെന്റിന്റെ സമീപനം ശരിയല്ല. ശാസ്ത്ര സാങ്കേതിക രംഗത്ത് ലഭ്യമായ ടെക്നോളജി ഉപയോഗ പ്പെടുത്തണം. നാടിന്റെ നന്മയ്ക്കുവേണ്ടിയായിരിക്കണം ധനവിനിയോഗ ബിൽ അവതരിപ്പിക്കേണ്ടത്. കടബാദ്ധ്യതയിൽനിന്നും സംസ്ഥാനത്തെ രക്ഷിക്കാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കണം.

ശ്രീ.എൻ.രാജൻ: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. ഫലപ്രദമായി ധനം വിനിയോഗിക്കണമെങ്കിൽ നല്ല ധനകാര്യ മാനേജുമെന്റും കൂട്ടുത്തരവാദിത്വവും വേണം. കഴിഞ്ഞ അഞ്ചുവർഷക്കാലം ഇത് രണ്ടും ഇല്ലായിരുന്നു. പ്ളാനിംഗ് ബോർഡ് മുൻ വൈസ് ചെയർമാന്റെപേരിൽ വിജിലൻസ് അന്വേഷണം നടക്കുകയാണ്. 1957 മുതൽ 2001 വരെ വിവിധ ഗവൺമെന്റുകളുടെ കാലങ്ങളിലെ പൊതുകടം 23919 കോടി രൂപയാണ്. കഴിഞ്ഞ അഞ്ച് വർഷംകൊണ്ട് അത് 50,000 കോടിയായി വർദ്ധിച്ചിരിക്കുക യാണ്. വൈദ്യുതിയുടെ കാര്യത്തിൽ കേരളത്തെ മിച്ച സംസ്ഥാനമാക്കി മാറ്റിയത് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റാണ്. യു.ഡി.എഫ്. സർക്കാർ വിവിധ ഏജൻസികളിൽനിന്നും 21640 കോടി രൂപ കടമെടുത്തു. അസംഘടിത വിഭാഗങ്ങളേയും പരമ്പരാഗത വ്യവസായ മേഖലയിൽ പണിയെടുക്കുന്നവരേയും സഹായിച്ചിരുന്നില്ല. 44 മാസത്തെ പെൻഷൻ കുടിശ്ശിക കൊടുത്തുതീർക്കാനുണ്ടായിരുന്നു. ക്ഷേമനിധി ബോർഡുകളെ സഹായിച്ചിരുന്നില്ല. സാമൂഹ്യ സുരക്ഷാ പദ്ധതികൾ നിർത്തലാക്കി. വിധവ, അഗതി, കർഷകത്തൊഴിലാളികൾ ഉൾപ്പെടെയുള്ളവരുടെ പെൻഷൻ പദ്ധതി കളിൽ കുടിശ്ശികവരുത്തി. വിദ്യാഭ്യാസ മേഖല ശക്തിപ്പെടുത്താൻ

യാതൊന്നും ചെയ്തില്ല. ആയിരത്തോളം സ്ത്രീകൾ പണിയെടുത്തിരുന്ന കൊല്ലത്തെ കശുവണ്ടി ഫാക്ടറിയെ എഞ്ചിനീയറിംഗ് കോളേജാക്കി മാറ്റി. വിദ്യാഭ്യാസ മേഖലയെ കച്ചവടവൽക്കരിക്കാനാണ് യു.ഡി.എഫ്. ഗവൺമെന്റ് ശ്രമിച്ചത്. സംസ്ഥാനത്തെ എംപ്ളോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള. 39 ലക്ഷത്തോളം വരുന്ന വിദ്യാസമ്പന്നരായ ചെറുപ്പക്കാരെ സഹായിക്കാനോ അവർക്ക് തൊഴിലില്ലാ വേതനം നൽകാനോ നടപടി സ്വീകരിക്കാതെ നിയമന നിരോധനമാണ് കഴിഞ്ഞ സർക്കാർ ഏർപ്പെടുത്തിയത്. പരമ്പരാഗത വ്യവസായ മേഖലയെ സഹായിക്കാൻ കഴിഞ്ഞില്ല. ധർമ്മ സ്ഥാപനമായി കാണേണ്ട ആതുര ചികിൽസാ രംഗം തകർത്തു. സാധാരണക്കാർക്ക് ചികിൽസ ലഭിക്കുന്ന വിധത്തിൽ ഒരു സഹായവും കഴിഞ്ഞ ഗവൺമെന്റ് ചെയ്തില്ല. സർക്കാർ ആശുപത്രികളെ സാധാരണക്കാർക്ക് ചികിൽസ ലഭിക്കാത്ത വിധത്തിലാക്കി മാറ്റിയതിലൂടെ മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രികൾ കടന്നുവരാനും കാശുള്ളവർക്ക് ചികിൽസ ലഭ്യമാക്കാനും സാധിച്ചു. വിദ്യാഭ്യാസം, തൊഴിൽ പരിശീലനം തുടങ്ങി നിരവധി പദ്ധതികൾ കേന്ദ്ര ഗവൺമെന്റ് നടപ്പാക്കി. ലഭിക്കുന്ന ഫണ്ടുകൾ ലാപ്സാക്കുന്ന സമീപനമാണ് കഴിഞ്ഞ ഗവൺമെന്റ് സ്വീകരിച്ചത്.

<u>ശ്രീ.തോമസ് ഉണ്ണിയാടൻ</u>: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. 44 ഇനങ്ങളിലായി വലിയൊരു തുക ഒരുവർഷത്തെ ചെലവിന് വിനിയോഗി ക്കുന്നതിനുവേണ്ടിയാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. മന്ത്രി മന്ദിരങ്ങൾ മോടി പിടിപ്പിച്ചതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥരെ സസ്പെന്റുചെയ്തു. ഇത്തരം ഉദ്യോഗസ്ഥരെ നിയന്ത്രിക്കാൻ കഴിയാത്ത ഗവൺമെന്റിന് ഇത്രയും തുക എങ്ങനെ ഉത്തരവാദിത്വത്തോടെ ചെലവാക്കാൻ സാധിക്കുമെന്ന് വ്യക്ത മാക്കണം. കേരളത്തിൽ നടപ്പാക്കിയ വാറ്റ് സമ്പ്രദായത്തിലുണ്ടായിട്ടുള്ള

അപാകതകൾ കാരണം വ്യാപാരികളും ഉപഭോക്താക്കളും ബുദ്ധിമുട്ടനുഭവിക്കുകയാണ്. ബില്ലിംഗ് പ്രോൽസാഹിപ്പിക്കുന്നതിനുവേണ്ടി കൊണ്ടുവന്ന ലക്കി വാറ്റ് സമ്പ്രദായത്തിലെ അപാകതകൾ പരിഹരിക്കാൻ വ്യക്തമായ നിർദ്ദേശം നൽകണം. സ്പിരിറ്റ്, ബ്ലേഡ്, മണൽ, ഗുണ്ടാ, വനം തുടങ്ങിയ മാഫിയകളുടെ പിടിയിൽനിന്ന് സംസ്ഥാനത്തെ മോചിപ്പിക്കാനാവശ്യമായ നടപടികളുണ്ടാകണം. ചിക്കുൻ ഗുനിയ പോലുള്ള സാംക്രമിക രോഗങ്ങൾ കേരളത്തിൽ പടർന്നുപിടിച്ചതിനെത്തുടർന്ന് യു.ഡി.എഫ്. അംഗങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ യോഗം ചേരുകയും അതാതു മണ്ഡലങ്ങൾ സന്ദർശിച്ച് വേണ്ട നിർദ്ദേശങ്ങൾ കൊടുക്കുകയും ഒരു ലക്ഷം രൂപ രോഗബാധിതരെ സഹായിക്കാനായി കൊടുക്കുകയും ചെയ്തത് വിസ്മരിക്കാനാവില്ല. ഈ ഗവണ്മെന്റ് നിരുത്തരവാദപരമായ സമീപനമാണ് ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്നത്. സംസ്ഥാനത്തെ റോഡുകൾ അറ്റകുറ്റപ്പണി നടത്തി സഞ്ചാരയോഗ്യമാക്കണം. സ്വാശ്രയകോളേജ് പ്രവേശനത്തിലും ഫീസ് ഘടനയിലും നിലനിൽക്കുന്ന അവ്യക്തതകൾ പരിഹരിക്കണം. കൃഷിവകുപ്പിലെ കൂട്ട സ്ഥലംമാറ്റം ഒഴിവാക്കണം. ഉദ്യോഗസ്ഥ മേധാവിത്വവും ഉദ്യോഗസ്ഥമേഖലയിലെ അഴിമതിയും അവസാനിപ്പിക്കാൻ ഉതകുന്നവിധം വകുപ്പുകളുടെ പ്രവർത്തനം നിരീക്ഷിക്കാനായി ജനപ്രതിനിധികളുടെ മേൽനോട്ടത്തിൽ ഒരു സമിതി രൂപീകരിച്ച് മാസത്തിലൊരിക്കൽ യോഗം ചേർന്ന് റിപ്പോർട്ട് സമർപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിൽ നടപടികളെടുത്ത് മുന്നോട്ടുപോകണം.

ശ്രീ.വി.സുരേന്ദ്രൻ പിള്ള: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. ഐക്യകേരളം നിലവിൽ വന്നശേഷം സംസ്ഥാനത്ത് നടന്ന വികസന പ്രവർത്തനങ്ങളുടെ ഫലമായി 23,919 കോടി രൂപയുടെ പൊതു

കടമുണ്ടായിരുന്ന സ്ഥാനത്ത് യു.ഡി.എഫ്. ഗവണ്മെന്റ് ഭരിച്ച 5 കൊല്ലം കൊണ്ട് 46,000 കോടി രൂപയായി വർദ്ധിച്ചുവെന്ന സത്യം നിഷേധിക്കാനാവില്ല. സംസ്ഥാനത്ത് ഭീകര പ്രവർത്തനങ്ങൾ നിയന്ത്രിക്കാൻ നടപടി സ്വീകരിക്കണം. മാഫിയാ ബന്ധങ്ങൾക്ക് കടിഞ്ഞാണിടാൻ സംവിധാനങ്ങൾ ഏർപ്പെടുത്തണം. കരാറുകാരുടെ കുടിശ്ശിക പരമാവധി കൊടുത്തു തീർക്കാൻ ഈ ഗവണ്മെന്റ് ശ്രമിക്കുകയാണ്. ആവശ്യമായ ടാർ ലഭ്യമാക്കി ശബരിമല റോഡുകളുടെ ടാറിംഗ് ജോലി യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണം ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തണം. പരീക്ഷണാടിസ്ഥാനത്തിൽ വാളയാർ ചെക്ക്പോസ്റ്റിൽ സ്ക്കാനർ ഏർപ്പെടുത്തുകയും തുടർന്ന് മറ്റ് ചെക്ക്പോസ്റ്റുകളിലേയ്ക്ക് അത് വ്യാപിപ്പിക്കുകയും ചെയ്യണം. പ്രഖ്യാപിത ചരക്കുപട്ടികയിൽ ഗ്രാനൈറ്റ്, മാർബിൾ എന്നിവയെക്കൂടി ഉൾപ്പെടുത്തണം. കാർഷികമേഖലയെ പൂർണ്ണമായി നികുതിരഹിതമാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. ഈ ഗവണ്മെന്റ് ധനകാര്യ മാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിനും റവന്യൂ കമ്മി നികത്താനുമുള്ള സാമ്പത്തിക നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയത് സ്വാഗതാർഹമാണ്. വിവിധ വകുപ്പുകളിൽ നിന്നുള്ള നിർദ്ദേശങ്ങൾ സ്വീകരിച്ച് വികസനപ്രവർത്തനങ്ങൾക്കായി ബഡ്ജറ്റ് സംവിധാനം ക്രമീകരിക്കണം. ധനകാര്യസ്ഥാപനങ്ങളുടെ പ്രവർത്തനം ക്രമീകരിച്ച് സഹായങ്ങൾ ലഭ്യമാക്കാൻ സംവിധാനം ഏർപ്പെടുത്തണം. സംസ്ഥാനത്തിന് അർഹതപ്പെട്ട കേന്ദ്രവിഹിതം ലഭ്യമാക്കാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തണം. കേന്ദ്ര പദ്ധതികൾക്ക് മാച്ചിംഗ് ഗ്രാന്റ് അനുവദിച്ച് സമയബന്ധിതമായി നടപ്പിലാക്കണം. വിദ്യാഭ്യാസരംഗത്ത് കൂടുതൽ

സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കണം. കേന്ദ്ര–സംസ്ഥാന ബന്ധങ്ങൾ പൊളിച്ചെഴുതാൻ നടപടി സ്വീകരിക്കണം. സംസ്ഥാനത്ത് കൂടുതൽ വരുമാനം കണ്ടെത്താനുള്ള മാർഗ്ഗങ്ങൾ ആരായണം. ഖാദി സിൽക്കിനെ വാറ്റ്–ൽ നിന്ന് ഒഴിവാക്കണം. ഖാദി ഗ്രാമവ്യവസായ കമ്മീഷന്റെ 50–ാം വാർഷിക ത്തോടനുബന്ധിച്ച് ഖാദിക്ക് 10 ശതമാനം അധിക റിബേറ്റ് നൽകണം. ചെക്ക്പോസ്റ്റുകളിലെ അഴിമതി നിയന്ത്രിക്കാൻ കർശന നടപടി സ്വീകരി ക്കുകയും നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്യണം. വാണിജ്യ നികുതി വകുപ്പിലെ ജീവനക്കാരുടെ പരാതികൾക്ക് പരിഹാരം കാണണം. ആരോഗ്യ മേഖലയിൽ കൂടുതൽ സാമ്പത്തിക ആശ്വാസ നടപടികൾ കൈക്കൊണ്ട് ഒഴിവുകൾ നികത്താൻ നടപടി സ്വീകരിക്കണം. ആശുപത്രികളിലെ ശുചിത്വപരിപാലനം ശക്തമാക്കണം. മൽസ്യ വ്യവസായ മേഖലയും പൊതുവിതരണ ശൃംഖലയും കാർഷിക–വ്യാവസായിക മേഖലകളും ശക്തിപ്പെടുത്തണം. കാർഷിക കടാശ്വാസ കമ്മീഷനും വില സ്ഥിരതാ ഫണ്ടും രൂപീകരിക്കാൻ തീരുമാനമെടുത്ത ഗവണ്മെന്റിനെ അഭിനന്ദിക്കുന്നു. ജനസംഖ്യാനുപാതികമായി ഭക്ഷ്യോൽ പ്പാദനക്ഷമത വർദ്ധിപ്പിക്കാൻ ശാസ്ത്രീയമായ നടപടികൾ സ്വീകരിക്കണം. അഴിമതിക്കെതിരെ ശക്തമായ നടപടി സ്വീകരിക്കണം. എസ്.എസ്.എൽ.സി. പരീക്ഷയിൽ നടന്ന ക്രമക്കേടുകൾ പരിശോധിച്ച് പരീക്ഷ സുതാര്യമായി നടത്താനുള്ള നടപടി സ്വീകരിക്കണം.

<u>ശ്രീമതി കെ.കെ. ലതിക:</u> ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. കോൺട്രാക്ടർമാർക്ക് നൽകാനുള്ള ആനുകൂല്യങ്ങളും തൊഴിലാളി ക്ഷേമനിധി പെൻഷനുകളും മറ്റ് ആനുകൂല്യങ്ങളും കുടിശ്ശികയാക്കിയിട്ടാണ് യു.ഡി.എഫ്. ഗവണ്മെന്റ് അധികാരത്തിൽനിന്ന് പോയത് എന്ന സത്യം

നിഷേധിക്കാനാവില്ല. 2005 ആഗസ്റ്റിലും 2006 ഫെബ്രുവരിയിലും എൻ.ഐ.സി.ഡി. എന്ന സ്ഥാപനം ചിക്കുൻ ഗുനിയമൂലം മരണം സംഭവിക്കുമെന്ന് മുന്നറിയിപ്പ് നൽകിയിട്ടും കഴിഞ്ഞ സർക്കാർ ഇതിനെതിരെ യാതൊരു നടപടിയും സ്വീകരിച്ചില്ല. കൂടാതെ ആരോഗ്യ വകുപ്പിലെ ശുചീകരണത്തൊഴിലാളികളെ പിരിച്ചുവിട്ടതുമൂലം ശുചീകരണ പ്രവർത്തനം തടസ്സപ്പെടുകയും അതിന്റെ ഫലമായി സാംക്രമിക രോഗങ്ങൾ പടർന്നു പിടിക്കുകയും ചെയ്തു. ആത്മഹത്യ ചെയ്ത കൃഷിക്കാരന്റെ കടം എഴുതിത്തള്ളാനും ഇൻഫോ പാർക്ക് അടിയറവയ്ക്കാതെ സ്മാർട്ട്സിറ്റി പദ്ധതിക്ക് തുടക്കം കുറിക്കാനും കേന്ദ്രത്തിൽനിന്നും കാർഷിക പാക്കേജ് നേടിയെടുക്കാനും വിദ്യാഭ്യാസ കച്ചവടം നിയന്ത്രിക്കാനും കഴിഞ്ഞത് ഈ സർക്കാരിന്റെ നേട്ടങ്ങളാണ്. റവന്യൂ വരുമാനം ശമ്പളത്തിനും മറ്റ് ഭരണച്ചെലവുകൾക്കും നീക്കിവയ്ക്കുന്ന പ്രവണതയിൽനിന്നും വ്യത്യസ്ത മായി ശാസ്ത്രീയമായ ധനകാര്യ മാനേജ്മെന്റിലൂടെ ഇന്നത്തെ അവസ്ഥയ്ക്ക് പരിഹാരം കാണാൻ കഴിയണം. അധികാര വികേന്ദ്രീകരണം ഫലപ്രദമായി നടപ്പിലാക്കുകയും ശാസ്ത്രീയ പഠനത്തിൽ അനാവശ്യമാണെന്ന് കണ്ടെത്തുന്ന വകുപ്പുകൾ നിറുത്തലാക്കിയും ജീവനക്കാരുടെ സേവന–വേതന വ്യവസ്ഥകൾ വെട്ടിക്കുറയ്ക്കാതെ അവരെ പുനർവിന്യസിച്ചും ഭരണച്ചെലവ് കുറയ്ക്കണം. അഴിമതിയും കെടുകാര്യസ്ഥതയും അഴിഞ്ഞാടുന്ന വകുപ്പുകൾ കണ്ടെത്തി സർവ്വീസ് സംഘടനകളുടെ സഹായ ത്തോടെ നല്ല സിവിൽ സർവ്വീസ് ഉണ്ടാക്കിയെടുക്കണം. ഗവണ്മെന്റിന് വരുമാനം നേടിത്തരുന്ന വകുപ്പുകളിൽ ജീവനക്കാരുടെയും സംഘടന കളുടെയും പങ്കാളിത്തത്തോടെ ആവശ്യമായ പരിഷ്ക്കരണ നടപടികൾ ആരംഭിക്കണം. അവരുടെ പ്രശ്നങ്ങൾ ചർച്ചയിലൂടെ പരിഹരിക്കുകയും

ചെക്ക്പോസ്റ്റുകളിലും സ്ക്വാഡുകളിലും ജോലിചെയ്യുന്ന ജീവനക്കാരെ കർശനമായി നിരീക്ഷിക്കുകയും വരവിൽക്കവിഞ്ഞ സ്വത്ത് സമ്പാദിക്കുന്ന വരുടെ പേരിൽ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യണം. വാണിജ്യ വകുപ്പിലെ കാര്യക്ഷമതയുള്ള ജീവനക്കാർക്ക് പ്രഖ്യാപിച്ച ഇൻസെന്റീവ് എല്ലാ വകുപ്പുകളിലേയ്ക്കും വ്യാപിപ്പിക്കണം. സൂപ്പർവൈസറി തസ്തിക യിലെ ജീവനക്കാരെ കോമൺ സീനിയോറിറ്റിക്ക് കീഴിൽ കൊണ്ടുവരണം. ആവശ്യമെങ്കിൽ സ്റ്റേറ്റ് സിവിൽ സർവ്വീസ് രൂപീകരിക്കാൻ കഴിയണം. ഒരു ഫയൽ തീരുമാനമെടുക്കുന്നതിനുമുമ്പ് രണ്ടിൽ കൂടുതൽ തട്ടുകളിലേയ്ക്ക് പോകേണ്ട സാഹചര്യം ഒഴിവാക്കണം. എല്ലാ പൊതുമേഖലാസ്ഥാപന ങ്ങളുടെയും കളക്ഷൻ ട്രഷറിയിൽത്തന്നെ അടയ്ക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം. സഹകരണ സ്ഥാപനങ്ങളുടെ നീക്കിയിരിപ്പ് സംഖ്യ ട്രഷറിയിൽ നിക്ഷേപിക്കുന്നതിന് നടപടി സ്വീകരിക്കണം. വ്യാജ മദ്യലോബിയെ നിയമത്തിനുമുന്നിൽ കൊണ്ടുവരണം. കള്ള് വ്യവസായ രംഗം ഈ വർഷംതന്നെ സഹകരണ മേഖലയിലേയ്ക്ക് മാറ്റുന്നതിനാവശ്യമായ നിർദ്ദേശം നൽകണം. സാമൂഹ്യക്ഷേമ പെൻഷനുകൾ കൃത്യമായി കൊടുക്കാൻ നടപടി സ്വീകരിക്കണം. തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ പ്രവർത്തനം സുതാര്യമാക്കണം. റൈസ് കുക്കറിന്റെ നികുതി കുറയ്ക്കണം. അഴിമതി നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ ശക്തമാക്കണം.

<u>ശ്രീ. അൽഫോൺസ് കണ്ണന്താനം</u>: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. പോലീസുകാർക്ക് സമരം നേരിടുമ്പോൾ മാത്രം ലാത്തി ഉപയോഗിക്കുവാനുള്ള അനുവാദം നൽകുകയും മറ്റ് സന്ദർഭങ്ങളിൽ ലാത്തിവിമുക്തമാക്കി അവരെ ജനങ്ങളുടെ കൂട്ടുകാരാക്കുകയും വേണം. ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിലാണ് കൂടുതൽ തുക വകയിരുത്തി

യിരിക്കുന്നത്. പാവപ്പെട്ടവർക്ക് ആവശ്യമായ ചികിത്സ ലഭ്യമാകുന്നില്ല. യു.ഡി.എഫ്. ഭരണകാലത്ത് 644 പേരും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 100 പേരും പനിവന്നു മരണപ്പെട്ടതിന്റെ കാരണം ഇന്നും അവ്യക്തമാണ്. ആലപ്പുഴയിലെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിനെ ദേശീയ നിലവാരത്തിലേക്ക് ഉയർത്തണം. ചിക്കുൻ ഗുനിയ വ്യാപകമാകുന്ന ഈ സന്ദർഭത്തിൽ 10 ദിവസമെങ്കിലും ഡോക്ടർമാരുടെ പ്രൈവറ്റ് പ്രാക്ടീസ് നിറുത്തിവച്ച് ഇത്തരം മേഖലകളിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കാൻ നിർദ്ദേശിക്കണം. സീനിയർ ഡോക്ടർമാർ പകർച്ചപ്പനി ബാധിത പ്രദേശങ്ങൾ സന്ദർശിച്ച് ആവശ്യമായ സഹായം നൽകണം. ഡോക്ടർമാർക്ക് കൂടുതൽ പ്രതിഫലം വാഗ്ദാനം ചെയ്ത് പാവപ്പെട്ടവർക്ക് ചികിത്സ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. മരുന്നുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ശാസ്ത്രീയമായ സംവിധാനം കൊണ്ടുവരണം. സർക്കാർ ആശുപത്രികളിലെ ഡയഗ്നോസ്റ്റിക് ഉപകരണങ്ങൾ പ്രവർത്തന സജ്ജമാക്കണം. ഡോക്ടർമാരും നഴ്സുമാരും ലീവ് എടുത്ത് അന്യദേശങ്ങളിൽ ജോലിക്കു പോകുന്നത് നിയന്ത്രിക്കണം. വിദ്യാഭ്യാസ മേഖലയിൽ വിഷയവും ഭാഷയും അറിയാത്ത വിധത്തിൽ കുട്ടികളെ പഠിപ്പിച്ചുവിടുന്ന മാതാപിതാക്കളുടെയും അദ്ധ്യാപകരുടെയും ചിന്താഗതി മാറണം. സമയബന്ധിതമായി കാര്യങ്ങൾ നടക്കുന്നതിനായി നീതിന്യായ വകുപ്പ്, റവന്യൂ വകുപ്പ്, താലൂക്ക് ആഫീസ്, കളക്ടറേറ്റ്, രജിസ്ട്രേഷൻ വകുപ്പ്, സെക്രട്ടേറിയറ്റ് തുടങ്ങിയവ കമ്പ്യൂട്ടറൈസ് ചെയ്യണം. പട്ടയങ്ങൾ കൊടുക്കണം. സംസ്ഥാനത്തെ നദികളിൽനിന്ന് മണൽ വാരുന്നത് തടയണം. അഥവാ മണൽ വാരിയാൽത്തന്നെ ആ നദിക്ക് അഞ്ചു വർഷം അവധി കൊടുക്കണം. ഡോ. അറോറ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ

നടപ്പിലാക്കണം. ലാന്റ് യൂട്ടിലൈസേഷൻ ഓർഡർ അമെന്റ് ചെയ്യണം. ജലനയത്തിന്റെ ആദ്യത്തെ വാചകം "ജലം ജനങ്ങളുടേതാണ് ജലം സർക്കാരിന്റേതല്ല" എന്നാക്കണം. പഞ്ചായത്ത്, ലോക്കൽ ബോഡീസ് എന്നിവയുടെ പ്രധാനപ്പെട്ട ഉത്തരവാദിത്വം സംസ്ഥാനത്തെ വൃത്തിയായി സൂക്ഷിക്കുകയെന്നുള്ളതാണ്. ശുദ്ധീകരണ പ്രവർത്തനങ്ങൾ 365 ദിവസവും നടക്കണം. പഞ്ചായത്തിലെ കൃഷി ഭവനുകൾ അടച്ചുപൂട്ടണം. പകരം കർഷകന്റെ കൃഷി ഭൂമി കൃഷി ആഫീസുകളാകണം.

ശ്രീ.സി.എം.ദിനേശ് മണി: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. കേരളത്തിന്റെ ഭൂപരമായ പ്രത്യേകതകളും മനുഷ്യ വിഭവശേഷിയും സമാഹരിക്കാൻ കഴിയുന്ന ധനശേഷിയും പരിഗണിച്ച് ഒരു വികസന അജണ്ട നിശ്ചയിക്കണം. ഈ സർക്കാരിന് കേരളത്തിന്റെ ധനവിനിയോഗത്തെ സംബന്ധിച്ച് വ്യക്തമായ ഒരു അജണ്ടയുണ്ട്. വികസന നയത്തെ സംബന്ധിച്ച് കഴിഞ്ഞ സർക്കാരിന്റെ പാപ്പരത്തത്തിന്റെ തെളിവാണ് ഒരു രാഷ്ട്രത്തലവൻ വികസന അജണ്ട തയ്യാറാക്കി സംസ്ഥാന ഗവൺമെന്റിന് നൽകേണ്ട സാഹചര്യമുണ്ടാക്കിയത്. ചേർത്തലയിൽ ഈ വർഷം മരിച്ചതിനേക്കാൾ കൂടുതൽ പേർ കഴിഞ്ഞ വർഷം പനി ബാധിച്ച് മരിച്ചിട്ടുണ്ട്. ആ വസ്തുത മറച്ചുപിടിച്ചാണ് ചിക്കുൻ ഗുനിയയെ മുൻനിർത്തി പത്രങ്ങൾ ആരോപണം അഴിച്ചുവിടുകയും പ്രതിപക്ഷം അത് ഒരു ആയുധമാക്കി മാറ്റുകയും ചെയ്തത്. ചേർത്തലയിലെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുടെ ദയനീയമായ ചിത്രം എന്തായിരുന്നുവെന്ന് ആരോഗ്യ വകുപ്പുമന്ത്രി പറഞ്ഞത് കേൾക്കാൻ പ്രതിപക്ഷം സന്നദ്ധത കാണിച്ചില്ല. ബഡ്ജറ്റ് പ്രസംഗത്തിൽ പ്രതിപാദിച്ചതു പോലെ ശുചീകരണ പ്രവർത്തനങ്ങൾക്കാവശ്യമായ മുൻകരുതൽ

നടപടികൾ സ്വീകരിക്കണം പ്രകൃതിക്ഷോഭ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ അഴിമതി നടക്കുന്നുണ്ടെന്നുള്ള കാര്യം സുനാമി ദുരിതാശ്വാസ ച്ചെലവുകൾ പരിശോധിച്ചാൽ മനസ്സിലാകും. പ്രകൃതിക്ഷോഭ ദുരിതാശ്വാസ പ്രവർത്തനങ്ങളിലെ അഴിമതി ഇല്ലാതാക്കാൻ ശക്തമായ നടപടികൾ സ്വീകരിക്കണം. വരൾച്ച സമയത്ത് ടാങ്കർ ലോറികളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതുവഴി ടാങ്കർ ലോറി ഉടമകൾക്ക് കോടികൾ ലഭിക്കും. ഇക്കാര്യത്തിൽ ഒരു മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തണം. റവന്യൂ, തദ്ദേശഭരണ സ്ഥാപനങ്ങൾ, വാട്ടർ അതോറിറ്റി എന്നിവയെ ഉൾപ്പെടുത്തി തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്നുള്ള തലവൻമാരുടെ കീഴിൽ പരിശോധനാ കമ്മിറ്റികൾ രൂപീകരിച്ച് കുടിവെള്ള വിതരണം നടത്തണം. പെൻഷൻകാർക്ക് സൗകര്യപ്രദമായ ബാങ്കുകൾ വഴി പെൻഷൻ കൊടുക്കാനുള്ള നടപടി സ്വീകരിക്കണം. എ.ഡി.ബി., ലോകബാങ്ക് തുടങ്ങിയ ഏജൻസികളിൽ നിന്ന് സർക്കാർ നെഗോഷിയേറ്റ് ചെയ്ത് ഫണ്ട് സ്വീകരിക്കാനും അത് വിനിയോഗിക്കാനുമുള്ള ഒരു സ്ഥിരം സംവിധാനം ഉണ്ടാക്കണം.

<u>ശ്രീ. കെ. സുധാകരൻ:</u> ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. ധനകാര്യ വകുപ്പുമന്ത്രിക്കുള്ള വിഷനും ക്ളാരിറ്റിയും ഈ സർക്കാരിലെ മറ്റൊരു മന്ത്രിക്കും ഇല്ല. നിത്യോപയോഗ സാധനങ്ങളുടെ വില കുത്തനെ വർദ്ധിച്ചിരിക്കുന്നു;. വിലവർദ്ധനവിൽ ജനം വലയുകയാണ്. വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇരുട്ടിൽ തപ്പുകയാണ്. സ്വാശ്രയ കോളേജുകൾക്കുവേണ്ടി വിദ്യാഭ്യാസ ബിൽ കൊണ്ടുവന്നപ്പോൾ കൂത്തുപറമ്പിനെ മറന്നു; പോലീസിന്റെ ഇരുട്ടടി ലഭിച്ച ആയിരങ്ങളെ മറന്നു. പ്രതിപക്ഷത്തായിരുന്നപ്പോൾ സ്വാശ്രയ കോളേജിനെതിരെ സമരം ചെയ്തവരാണ് ഇന്ന് ഭരിക്കുന്നത്. നിയമസഭയിൽ സ്വാശ്രയ ബില്ലിന്മേലുള്ള ചർച്ച നടക്കുമ്പോൾ

വിദ്യാഭ്യാസ വകുപ്പുമന്ത്രി മാനേജുമെന്റുകളുമായി ചർച്ച നടത്തുകയും വിദ്യാർത്ഥി സംഘടനകളെ ചർച്ചയ്ക്ക് വിളിക്കാതിരിക്കുകയും ചെയ്യുന്നു എന്നാണ് സി.പി.ഐ. വിദ്യാർത്ഥി സംഘടനാനേതാവ് പറഞ്ഞത്. സ്വാശ്രയ വിദ്യാഭ്യാസ ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്ന സമയത്ത് ആദ്യാവസാനമുള്ള പത്രവാർത്തകൾ വായിച്ചാൽ വിദ്യാഭ്യാസ വകുപ്പുമന്ത്രി യുടെ വീറും വാശിയും എത്രത്തോളമാണെന്ന് ബോധ്യമാകും. നാല് മാസം കൊണ്ട് സംസ്ഥാനത്തെ ക്രമസമാധാന നില പാടെ തകർന്നിരിക്കുന്നു എന്ന് പത്രവാർത്തകളിൽനിന്നും വ്യക്തമാണ്. വി.സി.ക്കു നേരെ കയ്യേറ്റ ശ്രമം പോലുമുണ്ടായി. ജനകീയ പ്രശ്നങ്ങളോട് നീതി പുലർത്താൻ മുഖ്യമന്ത്രിക്ക് സാധിക്കണം. സംസ്കൃത കോളേജിലും യൂണിവേഴ്സിറ്റി യിലും ഇടതുപക്ഷത്തിന്റെ രാഷ്ട്രീയാതിപ്രസരമാണ്. സാക്ഷി പറയാൻ വിസമ്മതിച്ചയാളെ തല്ലിച്ചതയ്ക്കുന്നു. പോലീസുകാരാൽ മരണപ്പെടുകയാ ണെങ്കിൽ സർക്കാരാണ് ഉത്തരവാദി. കണ്ണൂർ സെൻട്രൽ ജയിലിൽ വച്ച് സി.പി.ഐ.(എം) തടവുകാരനെ ബി.ജെ.പി. തടവുകാരൻ കൊന്നതിന് 10 ലക്ഷം രൂപ നഷ്ടപരിഹാരം കൊടുത്തവരാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ. 17 കസ്റ്റഡി മരണങ്ങൾ നടന്നിട്ട് ഒരു നഷ്ടപരിഹാരവും നൽകിയിട്ടില്ല. കസ്റ്റഡിമരണമുണ്ടായപ്പോൾ കേരളത്തിലെ ഒരു ഐ.ജി. പറഞ്ഞത് പോലീസ് സേനയിൽ ക്രിമിനലുകൾ ഉണ്ടെന്നാണ്; അവരെ കണ്ടെത്തണം.

<u>ശ്രീ. സാജു പോൾ:</u> ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. പ്രതിപക്ഷം വിലവർദ്ധനവിനെക്കുറിച്ച് പറയുമ്പോഴും അതിന് കാരണ ക്കാരായ കേന്ദ്ര സർക്കാരിനെ പുകഴ്ത്തിപ്പാടുകയാണ്. കൂത്തുപറമ്പിലെ കാര്യമൊന്നും മറന്നില്ലെന്നു മാത്രമല്ല മറ്റു പലതും ഓർമ്മയുമുണ്ട്. എല്ലാ

വകുപ്പുകൾക്കും ശക്തി പകരുന്ന ഊർജ്ജസ്വലതയുള്ള സൂര്യതേജസ്സാണ് ധനകാര്യ വകുപ്പുമന്ത്രി. കാർഷിക രംഗമാകെ തകർക്കുകയും സംസ്ഥാനത്തെ കടക്കെണിയിലാക്കുകയും ചെയ്തിട്ടാണ് യു.ഡി.എഫ്. സർക്കാർ അധികാരമൊഴിഞ്ഞുപോയത്. പൊതുമുതൽ കട്ടുമുടിക്കുന്ന വർക്കെതിരെ ശക്തമായ നിലപാടെടുക്കണം. അവിഹിത സ്വത്തുക്കൾ കണ്ടുകെട്ടാനുള്ള നടപടിയുണ്ടാവണം. സർക്കാർ ജീവനക്കാരുടെ ജോലിക്ഷമത വർദ്ധിപ്പിക്കണം. ജോലിയിൽ ജീവനക്കാർക്കുള്ള കൃത്യ നിഷ്ഠയ്ക്കും പൊതുജനങ്ങളോടുള്ള സമീപനത്തിനും നല്ല രീതിയിലുള്ള ഊന്നൽ നൽകണം. ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്. ഉൾപ്പെടെയുള്ള സർക്കാർ ജീവനക്കാരെക്കൊണ്ട് കൃത്യമായി ജോലി ചെയ്യിപ്പിക്കുന്നതിനും സാമൂഹ്യസേവന രംഗത്ത് മുടക്കുന്ന പണത്തിന് ഗുണഫലങ്ങൾ ഉണ്ടാക്കിയെടുക്കുന്നതിനും പൊതുമേഖലാ സ്ഥാപനങ്ങളുടെ നിക്ഷേപങ്ങൾ കൊള്ളയടിക്കുന്നതിനെതിരെ ജാഗ്രത പാലിക്കുന്നതിനും നടപടി സ്വീകരിക്കണം. പൊതുമേഖലയിലും മരാമത്ത് വകുപ്പിലും കാർഷിക മേഖലയിലും സേവനരംഗത്തുമെല്ലാം കടം വാങ്ങി കൊടുക്കുന്ന പണം ശരിയായ രീതിയിൽ വിനിയോഗിക്കാൻ കഴിയണം. പർച്ചേസിംഗിലടക്കം വിവിധ വകുപ്പുകളിലെ കമ്പ്യൂട്ടർവൽക്കരണത്തിന് ഉൾപ്പെടെ കാലാകാല ങ്ങളിൽ കൊടുത്ത പണത്തിന്റെ ഗുണഫലം സംസ്ഥാനത്തിന് ലഭ്യമാക്കണം. ഉദ്യോഗസ്ഥരുടെ അഴിമതി കർശനമായി തടയാനുള്ള ധാർമ്മിക ഉത്തരവാദിത്വം ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവണ്മെന്റിനുണ്ട്. യു.ഡി.എഫ്. ന്റെ ഭരണകാലത്ത് സ്ഥലം മാറ്റത്തിനും പേമെന്റ് സീറ്റിനും ലക്ഷക്കണക്കിന് രൂപയാണ് കോഴ വാങ്ങിക്കൊണ്ടിരുന്നത്. ഇന്ന് അത്തരത്തിലുള്ള അഴിമതി ഒരു വകുപ്പിലും നടക്കുന്നില്ല. വിവിധ വകുപ്പു

കളിൽനിന്നുമുള്ള നികുതി വരുമാനം വർദ്ധിപ്പിക്കണം. എല്ലാ പഴുതുകളും അടച്ചുകൊണ്ട് നികുതി വെട്ടിപ്പുമായി മുന്നോട്ടുപോകുന്നവരെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരാൻ നടപടി സ്വീകരിക്കണം. ജനക്ഷേമകരമായ പദ്ധതി കളും കർമ്മപരിപാടികളുമായി മുന്നോട്ടുപോകാനുള്ള ഇച്ഛാശക്തി എൽ.ഡി.എഫ്. ഗവൺമെന്റിനുണ്ട്. കേരളത്തിലെ കാർഷികോൽപ്പന്നങ്ങൾ സംസ്ഥാനത്തുതന്നെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റിക്കൊണ്ട് കൃഷിക്കാർക്ക് കൂടുതൽ സൗകര്യങ്ങൾ ചെയ്തുകൊടുക്കണം. കോടതി കളിൽ കെട്ടിക്കിടക്കുന്ന സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും പെൻഷൻ പറ്റിയവരുടേയും ആയിരക്കണക്കിന് സർവ്വീസ് പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ട്രിബ്യൂണലുകൾ രൂപീകരിക്കണം. വ്യാപകമായി വർദ്ധിച്ചുകൊണ്ടിരിക്കുന്ന മദ്യാസക്തി കാരണം കേരളത്തിൽ വാഹനാപകട ങ്ങളും ആത്മഹത്യകളും നിത്യേന പെരുകിക്കൊണ്ടിരിക്കുന്നു. അവിഹിത സമ്പാദ്യങ്ങൾ കണ്ടുകെട്ടുന്നതുൾപ്പെടെയുള്ള കാര്യങ്ങൾക്ക് നിയമ നിർമ്മാണം നടത്താൻ കഴിയണം. കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് അവതരിപ്പിച്ച ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ബിൽ പാസ്സാക്കണം. വിദേശ മലയാളികൾക്ക് സുരക്ഷിതമായി കേരളത്തിൽ നിക്ഷേപം നടത്താനുള്ള അവസരം ഉണ്ടാക്കണം. വനം മേഖലയിൽനിന്ന് കൂടുതൽ വരുമാനമുണ്ടാക്കണം. ആഡംബര ചെലവുകൾക്ക് കൂടുതൽ നികുതി ഏർപ്പെടുത്തി വരുമാനം വർദ്ധിപ്പിക്കണം. ഉദ്യോഗസ്ഥരുടെ സഹായത്തോടു കൂടി വിവിധ മേഖലകളിൽ നടക്കുന്ന നികുതി വെട്ടിപ്പ് തടയണം. പെരുമ്പാവൂരിലെ മര വ്യവസായം സംരക്ഷിക്കുന്നതിനും ട്രാവൻകൂർ റയോൺസിന്റെ പുനരുദ്ധാരണത്തിനും ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള നടപടികൾ മുന്നോട്ടുകൊണ്ടുപോകണം.

<u>ശ്രീ. ജോസ് തെറ്റയിൽ</u>: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. യു.ഡി.എഫ്. ഗവൺമെന്റിൽനിന്നും വ്യത്യസ്തമായ നയസമീപനമാണ് വിവിധ മേഖലകളിൽ ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. കാർഷിക വായ്പയുടെ പലിശ എഴുതിത്തള്ളുന്നതിന് കേന്ദ്രത്തിൽ നിന്നും പ്രത്യേക തുക ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. കേന്ദ്രത്തിൽ നിന്നും കേരളത്തിന് അർഹിക്കുന്ന വിഹിതം നേടിയെടുക്കണം. ജുഡീഷ്യൽ അധികാരത്തോടുകൂടിയുള്ള കാർഷിക കടാശ്വാസ കമ്മീഷൻ രൂപീകരിക്കാനുള്ള നടപടി വളരെ ശ്ലാഘനീയമാണ്. യു.ഡി.എഫ് ഗവൺമെന്റിന്റെ കാലത്തെ സാമ്പത്തിക നയങ്ങൾ ആഗോളവൽക്കരണ ത്തിന് അനുകൂലമായിരുന്നു. എന്നാൽ അതിനെല്ലാം ബദൽ സംവിധാനം കണ്ടെത്തി പുതിയൊരു വികസന കാഴ്ചപ്പാട് ഉയർത്തിക്കൊണ്ടാണ് എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നത്. കാർഷിക മേഖല യിലെ പ്രതിസന്ധി പരിഹരിക്കുന്നതിനുവേണ്ടി കാർഷിക വായ്പയുടെ പലിശ നാല് ശതമാനമാക്കി കുറച്ചത് ഈ ഗവൺമെന്റിന്റെ മറ്റൊരു ആകർഷകമായ നടപടിയാണ്. സംസ്ഥാനത്തെ കീഴ്കോടതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുവേണ്ടി അവിടത്തെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും എം.എ.സി.ടി. കേസുകൾ എത്രയും വേഗം തീർപ്പാക്കാൻ നടപടി സ്വീകരിക്കുകയും ചെയ്യണം. കുടുംബ കോടതികളുടെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് ബഡ്ജറ്റിൽ തുക വകകൊള്ളിച്ചത് ശ്ലാഘനീയമാണ്. ഈറ്റ, പനമ്പ് എന്നീ വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിനുവേണ്ടി ഈ ഗവൺമെന്റ് രണ്ട് കോടി രൂപ നൽകിയത് സ്വാഗതാർഹമാണ്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് സ്വകാര്യവൽക്കരണത്തിന് വിട്ടുകൊടുക്കാൻ തീരുമാനമെടുത്ത

ട്രാൻസ്ഫോർമേഴ്സ് ആന്റ് ഇലക്ട്രിക്കൽസ് ലിമിറ്റഡിനെ പുനരുദ്ധരിക്കുന്നതിനുവേണ്ടി നടപടി സ്വീകരിച്ചു. വാറ്റ് നിയമം നടപ്പിലാക്കിയപ്പോൾ കേരളത്തിന് കുറവ് വരുന്ന നികുതി നഷ്ടം കേന്ദ്ര ഗവൺമെന്റിൽനിന്ന് ലഭ്യമാക്കാനുള്ള ശ്രമം നടത്തണം. കേരള ലോട്ടറി നിയമം പരിഷ്ക്കരിച്ചു കൊണ്ട് ഓൺലൈൻ ലോട്ടറി നിരോധിക്കാനുള്ള നടപടി സ്വീകരിക്കണം. ഈ ഗവൺമെന്റ് വന്നതിനുശേഷം സ്വകാര്യ ആശുപത്രി ജീവനക്കാർ, പീടിക ത്തൊഴിലാളികൾ, സ്വർണ്ണപ്പണിക്കാർ, പാഴ്സൽ സർവ്വീസ് ജീവനക്കാർ, ചെറുകിട പ്ലാന്റേഷൻ തൊഴിലാളികൾ, കക്കവാരൽ തൊഴിലാളികൾ തുടങ്ങി നിരവധി മേഖലകളിലെ തൊഴിലാളികളെ ക്ഷേമനിധിയുടെ പരിധിയിൽ കൊണ്ടുവരികയും അതിനുവേണ്ടി തുക മാറ്റിവയ്ക്കുകയും ചെയ്തു. കഴിഞ്ഞ കാലത്തെ ക്ഷേമനിധി പെൻഷൻ കുടിശ്ശിക കൊടുത്തുതീർക്കാൻ നടപടി സ്വീകരിച്ചു. 36.17 കോടി രൂപ കർഷകത്തൊഴിലാളികൾക്ക് പെൻഷൻ മുടക്കമില്ലാതെ നൽകാനും 47 കോടി രൂപ കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനത്തിനും മാറ്റി വച്ചു.

<u>ശ്രീ. തോമസ് ചാണ്ടി:</u> ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. വിലനിലവാരം പിടിച്ചുനിർത്തുന്നതിനുവേണ്ടി മാവേലി സ്റ്റോറുകളും നീതി സ്റ്റോറുകളും ശബരി–ലാഭ മാർക്കറ്റുകളുമൊക്കെ നടത്തുന്നത് നല്ല കാര്യമാണ്. എന്നാൽ കുട്ടനാട്ടും പാലക്കാട്ടും നെല്ല് വില പിടിച്ചു നിർത്താൻ അത്യാവശ്യ മാർക്കറ്റ് ഇന്റർവെൻഷൻ നടത്തുന്നതിനുവേണ്ടി കുറെ റൈസ്മില്ലുകൾ സ്ഥാപിക്കാൻ സിവിൽ സപ്ലൈസ് കോർപ്പറേഷൻ തയ്യാറായാൽ ഒരു പരിധിവരെ മില്ലുകാരെ ആശ്രയിക്കുന്ന സ്ഥിതിക്ക് മാറ്റമുണ്ടാക്കാൻ സാധിക്കും. വരും വർഷങ്ങളിലെങ്കിലും അതിനാവശ്യമായ തുക അടിയന്തിരമായി കണ്ടെത്തണം. കുട്ടനാട്ടിൽ കെട്ടുവള്ളങ്ങളിലും

ടാങ്കുകളിലും കുടിവെള്ളം കൊടുക്കുന്നതിനു ചെലവഴിക്കുന്ന കോടിക്കണക്കിന് രൂപ ഉപയോഗിച്ച് പൈപ്പുലൈൻ ഇടുന്നതിനുള്ള നടപടി സ്വീകരിക്കണം. ഉന്നത വിദ്യാഭ്യാസത്തിനുവേണ്ടി മറ്റു സംസ്ഥാനങ്ങളെ ആശ്രയിക്കുന്ന സ്ഥിതിയിൽ മാറ്റമുണ്ടാക്കിക്കൊണ്ട് സംസ്ഥാനത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കണം. ഗവൺമെന്റിന് അതിന് സാമ്പത്തിക ശേഷിയില്ലെങ്കിൽ സമ്പന്നൻമാരിൽ നിന്ന് പണം വാങ്ങി ഇവിടെ കോളേജുകൾ ആരംഭിക്കണം. ഇവിടെ സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ സ്ഥാപിക്കണം. കേരളത്തിൽ സ്വകാര്യ കോളേജുകൾ തുടങ്ങുന്നതിന് അനുമതി നൽകി മറ്റു സംസ്ഥാനങ്ങളിൽ പോയി വിദ്യാഭ്യാസം നടത്തുന്ന സംപ്രദായം നിർത്തലാക്കണം.

<u>ശ്രീ.പള്ളിപ്രം ബാലൻ</u>: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. യു.ഡി.എഫ്. ഗവൺമെന്റിന്റെ കഴിഞ്ഞ 5 വർഷവും കേരളത്തിലെ പരമ്പരാഗത മേഖലയിലുൾപ്പെടെ വികസന മേഖലയിൽ മുരടിപ്പായിരുന്നു. തൽഫലമായി തൊഴിലില്ലായ്മ രൂക്ഷമാകുകയും വിലക്കയറ്റം ഉണ്ടാകുകയും ചെയ്തു. കാർഷിക മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളെ ഉൾപ്പെടെ സംരക്ഷിക്കുന്നതിന് ഒട്ടേറെ വികസന പ്രവർത്തനങ്ങൾക്ക് ഈ ഗവൺമെന്റ് തുടക്കം കുറിച്ചിട്ടുണ്ട്. കേരളത്തിന്റെ വളർച്ചയ്ക്കും വികാസത്തിനും പരമപ്രധാനമായ കാർഷിക മേഖലയിൽ പുതിയ ശാസ്ത്ര സാങ്കേതിക വിദ്യ ഉപയോഗിച്ച് ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് സഹായിക്കുന്ന രീതിയിൽ പുതിയ പരിപാടികളുമായി ഈ ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. തരിശ്ശായി കിടക്കുന്ന ആയിരക്കണക്കിന് ഏക്കർ ഭൂമിയിൽ നെല്ല് ഉൽപ്പാദിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. കേരളത്തിലെ യുവജനങ്ങളേയും തൊഴിലില്ലാത്ത ആളുകളേയും

ഉപയോഗപ്പെടുത്തിക്കൊണ്ട് ശാസ്ത്ര-സാങ്കേതിക വിദ്യയുടെ മികവ് പ്രയോജനപ്പെടുത്തി സമ്പദ്ഘടനയ്ക്ക് മുതൽക്കൂട്ട് നൽകാൻ പര്യാപ്തമായ മേഖലകൾ കണ്ടെത്തി ധനം വിനിയോഗിക്കണം. പരമ്പരാഗത വ്യവസായ മേഖലയിലെ തൊഴിലാളികളുടെ സ്ഥിതി വളരെ ശോചനീയമാണ്. കൈത്തറി, ബീഡി വ്യവസായങ്ങൾ തകർന്നിരിക്കുകയാണ്. എൽ.ഡി.എഫ്. സർക്കാർ സാമ്പത്തിക സഹായം നൽകിയതിലൂടെ കെൽട്രോൺ കൗണ്ടേഴ്സിന് പ്രവർത്തനമാരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്. കാട്ടാംപള്ളി പദ്ധതിയുടെ പണി പൂർത്തിയാക്കാത്തതിനാൽ ആ പ്രദേശത്തുള്ള 4000 ഏക്കർ സ്ഥലത്ത് നെൽകൃഷി നടത്താൻ സാധിക്കാത്ത സാഹചര്യ മാണുള്ളത്. കാട്ടാംപള്ളി കാർഷിക മേഖലയിലെ നെല്ലുല്പാദനം പരമാവധി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം. ശുദ്ധജല മത്സ്യക്കൃഷി നടത്താൻ അനുയോജ്യമായ സ്ഥലത്ത് ലിഫ്റ്റ് ഇറിഗേഷൻ നടപ്പിലാക്കിയാൽ കാർഷിക മേഖലയിൽ കൂടുതൽ ചലനം സൃഷ്ടിക്കാൻ സാധിക്കും. കാസർകോട് ജില്ലയിൽ ഇൻവെസ്റ്റ്മെന്റ് മീറ്റ് നടത്തി പരമ്പരാഗത വ്യവസായ മേഖലയിൽ പുതിയ മാറ്റങ്ങൾ ഉണ്ടാക്കാൻ ഈ ഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുന്നത് സ്വാഗതാർഹമാണ്. പുതിയ ചെറുകിട വ്യവസായങ്ങൾ കൊണ്ടുവരുന്ന തിനെക്കുറിച്ച് ആലോചിക്കണം. പരമ്പരാഗത വ്യവസായങ്ങളെ പ്രോത്സാഹി പ്പിക്കുന്നതിനും കൈത്തറി മേഖല സമ്പന്നമാക്കുന്നതിനും അടച്ചിട്ടതും തകർന്നുകൊണ്ടിരിക്കുന്നതുമായ വ്യവസായങ്ങളെ പുന:സംഘടിപ്പിക്കുന്ന തിനും ആവശ്യമായ പണം അനുവദിക്കണം. ഭക്ഷ്യ-സിവിൽ സപ്ലൈസ് മേഖലയിൽ ഇടപെട്ടുകൊണ്ട് വിലക്കയറ്റം തടയുന്നതിന് നടപടി സ്വീകരിക്കണം. ഇൻഡ്യാ ഗവണ്മെന്റ് നടപ്പിലാക്കിയ തെറ്റായ സാമ്പത്തിക നയത്തിന്റെ കെടുതികൾ എല്ലാ മേഖലകളിലും പ്രതിഫലിച്ചിരിക്കുകയാണ്.

പെട്രോളിയം ഉല്പന്നങ്ങളുടെ വില ദിനംപ്രതി വർദ്ധിച്ചുവരികയാണ്. നിത്യോപയോഗ സാധനങ്ങളുടെ വില പരിമിതപ്പെടുത്തുന്നതിന് പര്യാപ്ത മായ നടപടി സ്വീകരിക്കണം. ചന്ദനം കള്ളക്കടത്ത് തടയുന്നതിനും വനം സംരക്ഷിച്ചുകൊണ്ട് ആ മേഖലയിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. കണ്ണൂർ, കാസർകോട് ജില്ലകളിലെ തകർന്നു കൊണ്ടിരിക്കുന്ന വ്യവസായങ്ങളെ സംരക്ഷിക്കുന്നതിനും കാർഷിക മേഖല സംപുഷ്ടമാക്കുന്നതിനും സർക്കാരിന്റെ ശ്രദ്ധയുണ്ടാകണം.

<u>ശ്രീ. രാജു എബ്രഹാം:</u> ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. വ്യക്തമായ ദിശാബോധത്തോടുകൂടി സാമ്പത്തിക പ്രതിസന്ധിയി ലായിരിക്കുന്ന സംസ്ഥാനത്തെ കരകയറ്റാൻ ധനകാര്യ വകുപ്പുമന്ത്രിക്ക് കഴിയുമെന്ന് ഭരണപക്ഷവും പ്രതിപക്ഷവും ഒരുപോലെ അംഗീകരി ച്ചിരിക്കുന്നു. പദ്ധതി വിഹിതം വെട്ടിക്കുറയ്ക്കുന്ന സമീപനം മുൻ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായതിന്റെ ഫലമായി വികസന പ്രവർത്തനങ്ങൾ മുരടിച്ചുപോയ സ്ഥിതിവിശേഷമുണ്ടായി. ധനവിനിയോഗ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ള 33,125 കോടി രൂപയുടെ ശരിയായ വിനിയോഗം ഉറപ്പുവരുത്താൻ ധനകാര്യ വകുപ്പുമന്ത്രി ശ്രദ്ധിക്കണം. വ്യവസായം, കൃഷി, വൈദ്യുതി തുടങ്ങിയ രംഗങ്ങളിൽ കൂടുതൽ പ്രാധാന്യം കൊടുക്കണം. ഇൻഫർമേഷൻ ടെക്നോളജി, ബയോ-ടെക്നോളജി എന്നീ രംഗങ്ങളിൽ കാര്യമായ മുന്നേറ്റം ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. ആട്ടോകാസ്റ്റ് റെയിൽവേയുമായി സഹകരിച്ചുകൊണ്ട് ബോഡി നിർമ്മാണത്തിനുള്ള ചർച്ചകൾ നടത്തിവരുന്നു. അങ്കമാലി ടെൽക്ക് എൻ.ടി.പി.സി.യുമായി ചർച്ച നടത്തി യോജിച്ച് പ്രവർത്തിക്കുകയാണ്. കെൽട്രോണും കെൽടെക്-ഉം

ഐ.എസ്.ആർ.ഒ.യുമായി ചേർന്ന് ഉല്പാദനത്തിനുള്ള നടപടികൾ ആരംഭിച്ചു. കൊല്ലത്തെ മീറ്റർ കമ്പനി വൈദ്യുതി ആവശ്യങ്ങൾക്കുവേണ്ട എല്ലാ ഉല്പന്നങ്ങളും നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ ആരംഭിച്ചുകഴിഞ്ഞു. പൊതു വ്യവസായ രംഗത്ത് സർക്കാർ കർമ്മ പദ്ധതികൾ ആവിഷ്ക്കരിച്ചു വരികയാണ്. പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്ന കാര്യത്തിൽ മാതൃകാ ഭരണമാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ കാഴ്ചവച്ചിട്ടുള്ളത്. നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിന് കർമ്മോജ്ജ്വലമായ പദ്ധതികൾ ആവിഷ്ക്കരിച്ചുവരികയാണ്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ ബി.പി.എൽ.കാർക്ക് റേഷൻ നൽകുന്നതിനായി പ്രഖ്യാപനം നടത്തി യെങ്കിലും ഒരു രൂപ പോലും അതിനുവേണ്ടി നീക്കിവച്ചില്ല. എന്നാൽ ഈ സർക്കാർ 60 കോടി രൂപയാണ് ഇതിനായി നീക്കിവച്ചത്. ആരോഗ്യ സുരക്ഷാ ഇൻഷ്വറൻസ് പദ്ധതിയുടെ പേരിൽ കുടുംബശ്രീ യൂണിറ്റുകളുടെ അഞ്ചരക്കോടി രൂപ കരാർ ഒപ്പിടാതെ സ്വകാര്യ കമ്പനിക്ക് കൈമാറിയ യു.ഡി.എഫ്. ഇപ്പോൾ ജനങ്ങളെ പറ്റിക്കാൻവേണ്ടി സമരം നടത്തുകയാണ്. മുരിങ്ങൂർ ധ്യാനകേന്ദ്രവുമായി ബന്ധപ്പെട്ട് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടാത്ത വസ്തുതകൾ പ്രചരിപ്പിക്കാനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളെ രക്ഷിക്കാൻ വിനിയോഗിക്കേണ്ട പണം ബ്ലേഡ് കമ്പനിയിൽ നിക്ഷേപിക്കുന്ന സമീപനമാണ് കഴിഞ്ഞ കാല ഗവൺമെന്റ് സ്വീകരിച്ചത്. ഇപ്പോൾ മുല്ലപ്പെരിയാറിനെ സംബന്ധിച്ചിടത്തോളം മുഖ്യ മന്ത്രിയുടെ നേതൃത്വത്തിൽ പ്രശ്നങ്ങൾ തീർക്കാൻ വേണ്ടിയുള്ള നല്ല തുടക്കങ്ങൾക്ക് മുൻകൈ എടുത്ത് ചർച്ച ആരംഭിച്ചിരിക്കുന്നു. സംസ്ഥാനത്തിനു കിട്ടേണ്ട വെള്ളം ലഭ്യമാക്കി

പ്രശ്നം പരിഹരിച്ച് 5 ജില്ലകളിലെ ജനങ്ങളെ രക്ഷിക്കാൻ കഴിയണം. മണൽ മാഫിയയുടെ പ്രവർത്തനം പൂർണ്ണമായി ഇല്ലാതാക്കണം. മന്ത്രി മന്ദിരങ്ങൾ മോടിപിടിപ്പിക്കാൻ കാട്ടിയ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുള്ളത് കേരളത്തെ സംബന്ധിച്ചിടത്തോളം മാതൃകാപരമാണ്. ആരോഗ്യവകുപ്പിൽ കൂടുതൽ തസ്തികകൾ അനുവദിക്കണം. വൈദ്യുതിക്ക് പണം കൂടുതൽ കണ്ടെത്താനും പഞ്ചായത്തുകൾക്ക് പ്ലാൻ ഫണ്ട് കൃത്യമായി കൊടുക്കാനും കഴിയണം. കേസുകൾ തെളിയിക്കുന്ന പോലീസുകാർക്ക് ക്യാഷ് അവാർഡ് കൊടുക്കാനും കേരളത്തെ നടുക്കിയ വ്യാജ പട്ടയ മാഫിയക്കാരുടെ കയ്യിൽ വിലങ്ങ് വയ്ക്കാനും കഴിയണം.

പ്രതിപക്ഷനേതാവ് <u>(ശ്രീ. ഉമ്മൻചാണ്ടി)</u>: ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കേരളത്തിലെ ധനകാര്യസ്ഥിതിയുടെ യാഥാർത്ഥ്യം ജനങ്ങളെ ബോധ്യപ്പെടുത്താതിരിക്കുന്നത് വലിയ തെറ്റാണ്. കേരളാ ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് വർക്കേഴ്സിനുവേണ്ടി ഒരു നിയമം പാസ്സാക്കിയതിനെ അഭിനന്ദിക്കുന്നു. ഇത് യു.ഡി.എഫ് ഗവൺമെന്റ് ഒരു ഓർഡിനൻസിലൂടെ കൊണ്ടുവന്നതാണ്. അതുപോലെ ഈ സഭയിൽ നിരവധി പ്രാവശ്യം ചർച്ചയ്ക്കുവന്ന ആരോഗ്യ സുരക്ഷാ ഇൻഷ്വറൻസ് പദ്ധതി മുടന്തൻ ന്യായങ്ങൾ പറഞ്ഞ് ഗവൺമെന്റ് എതിർക്കുകയാണ്. ആരോഗ്യ സുരക്ഷാ ഇൻഷ്വറൻസ് പദ്ധതി സംബന്ധിച്ച് കഴിഞ്ഞ ഗവൺമെന്റ് എടുത്ത തീരുമാനങ്ങൾ നടപ്പിലാക്കുന്നതിൽ ഈ ഗവൺമെന്റിന് യാതൊരു ആത്മാർത്ഥതയുമില്ല. ഗുണ്ടാനിയമം നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കാനുള്ള കാലതാമസംമൂലം യു.ഡി.എഫ്. ഗവൺമെന്റിന് അത് നടപ്പിലാക്കാൻ സാധിച്ചില്ല. അതു സംബന്ധിച്ച ഓർഡിനൻസ് റീപ്ലേസ് ചെയ്യാതെ, യു.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്നു

എന്ന ഒറ്റ കാരണത്താൽ ലാപ്സാക്കാനുള്ള ഈ ഗവൺമെന്റിന്റെ തീരുമാനം ശരിയായില്ല. സ്മാർട്ട് സിറ്റിയെ സംബന്ധിച്ച് ചർച്ച പുരോഗമിക്കുന്ന സന്ദർഭത്തിൽ അത് നടപ്പിലാക്കുമെന്നതിൽ വളരെയധികം സന്തോഷമുണ്ട്. സ്വാശ്രയ കോളേജ് ആരംഭിച്ചതുമൂലം പ്രൊഫഷണൽ കോഴ്സുകളിൽ നേരത്തെയുണ്ടായിരുന്നതിന്റെ പത്തിരട്ടി സീറ്റുകൾ വർദ്ധിക്കുകയും എസ്.സി./എസ്.ടി. വിദ്യാർത്ഥികളുൾപ്പെടെയുള്ള കുട്ടികൾക്ക് എഞ്ചിനീയറിംഗ്, മെഡിസിൻ, എം.ബി.എ. കോഴ്സുകളിൽ പഠിക്കുന്നതിന് കൂടുതൽ അവസരം ലഭിക്കുകയും ചെയ്തു. ഈ ഗവൺമെന്റ് സ്വാശ്രയ നിയമം പാസ്സാക്കിയെങ്കിലും അത് നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. എഞ്ചിനീയറിംഗ് കോളേജിലും നഴ്സിംഗ് കോളേജിലും ബി.എഡ്. കോളേജിലും ജസ്റ്റീസ് കെ.ടി. തോമസ് കമ്മീഷൻ ശുപാർശ ചെയ്ത ഫീസ്സാണ് ഈടാക്കിക്കൊണ്ടിരിക്കുന്നത്. ഇതുമൂലം നിർദ്ധനരായ വിദ്യാർത്ഥികൾ ഫീസ് കൊടുക്കാൻ നിവൃത്തിയില്ലാതെ ആത്മഹത്യ ചെയ്യുന്ന സാഹചര്യമുണ്ടായിട്ടുണ്ട്. സാമ്പത്തിക ബുദ്ധിമുട്ട് കാരണം ആത്മഹത്യ ചെയ്ത ബി.എഡ്. സെന്ററിലെ കുട്ടിയുടെ ഫീസ് തിരിച്ചുകൊടുക്കാനുള്ള നടപടിയുണ്ടാകണം. ഗവൺമെന്റിന്റെ നേതൃത്വത്തിലുള്ള സെൽഫ് ഫൈനാൻസിംഗ് കോളേജുകളിൽ മെറിറ്റ് സീറ്റിലെങ്കിലും ഗവൺമെന്റ് ഫീസ് ഏർപ്പെടുത്തുകയും കൂടുതൽ ഫീസ് ഈടാക്കിയത് തിരിച്ചുനല്കാനുള്ള നടപടിയുണ്ടാവുകയും ചെയ്യണം. 'കേരള വിഷൻ 2010' നടപ്പിലാക്കാൻ മുൻ ഗവൺമെന്റ് തീരുമാനമെടുക്കുകയും കഴിഞ്ഞ സാമ്പത്തിക വർഷം തുക അനുവദിച്ച് ചില പദ്ധതികൾ ആരംഭിക്കുകയും ചെയ്തു. പക്ഷേ ഈ ഗവൺമെന്റിന്റെ ബഡ്ജറ്റ് പ്രസംഗത്തിലോ ഗവർണ്ണറുടെ നയപ്രഖ്യാപന

പ്രസംഗത്തിലോ ഇതിനെക്കുറിച്ച് യാതൊന്നും പരാമർശിച്ചിട്ടില്ല. 'കേരള വിഷൻ 2010' പൂർണ്ണമായും നടപ്പിലാക്കാത്ത സാഹചര്യത്തിലേയ്ക്ക് കൊണ്ടെത്തിച്ചിരിക്കുന്നത് നിർഭാഗ്യകരമാണ്. നിത്യോപയോഗ സാധന ങ്ങൾക്ക് രൂക്ഷമായ വിലവർദ്ധനവ് ഉണ്ടായിരിക്കുന്ന സാഹചര്യത്തിൽ സബ്സിഡി പ്രയോജനപ്പെടുത്തി മാർക്കറ്റ് ഇന്റർവെൻഷനിലൂടെ സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി സാധനങ്ങൾ വില കുറച്ച് വില്ക്കുകയും അതിന്റെ പ്രതിഫലനം സമീപ മേഖലകളിലുണ്ടാകുകയും ജനങ്ങൾക്ക് പ്രയോജനം ലഭിക്കുകയും ചെയ്യണം. പെട്രോളിനും ഡീസലിനും സെല്ലിംഗ് പ്രൈസിൽ വർദ്ധനവുണ്ടായിട്ടില്ലെങ്കിലും നികുതി വർദ്ധിപ്പിച്ചിട്ടുണ്ട്. നികുതി ഉപേക്ഷിച്ച് വില വർദ്ധനവ് ഒഴിവാക്കണം. കസ്റ്റഡി മരണത്തെക്കുറിച്ച് അന്വേഷിക്കുവാനുള്ള കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസിനെക്കുറിച്ച് പ്രതിപക്ഷവുമായി ചർച്ച ചെയ്യണം. മരണപ്പെട്ടവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം കൊടുക്കണം. മുരിങ്ങൂർ ധ്യാന കേന്ദ്രത്തിൽ ആഭ്യന്തര വകുപ്പുമന്ത്രി സന്ദർശനം നടത്തി യഥാർത്ഥ വസ്തുതകൾ മനസ്സിലാക്കി നടപടി സ്വീകരിക്കണം. ആശ്രയ പദ്ധതി നിറുത്തലാക്കാനുള്ള സമീപനം ഉപേക്ഷിക്കണം. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് തീരുമാനിച്ച വ്യവസ്ഥ പ്രകാരമാണ് തൃശൂർ മെഡിക്കൽ കോളേജിലെ ഒരു ഏക്കർ ഭൂമി കൈമാറാൻ ഈ ഗവൺമെന്റും തീരുമാനിച്ചിട്ടുള്ളത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പ്രതിപക്ഷത്തിരുന്ന് പറഞ്ഞ കാര്യങ്ങളൊന്നും ഭരണത്തിൽ വന്നപ്പോൾ നടപ്പിലാക്കാനുള്ള ആത്മാർത്ഥത ഈ ഗവൺമെന്റ് കാണിക്കുന്നില്ല.

ധനകാര്യ വകുപ്പുമന്ത്രി (ഡോ: തോമസ് ഐസക്): ധനവിനിയോഗ ബില്ലിലൂടെ 33,125 കോടി രൂപയുടെ ധനവിനിയോഗത്തിനുള്ള അനുമതി യാണ് സഭയോട് തേടുന്നത്. ഇതിനെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ ധനവിനിയോഗം, ധനദുർവിനിയോഗം, ധനഗുണവിനിയോഗം എന്നീ 3 കാര്യങ്ങൾ പരിഗണിക്കേണ്ടതാണ്. സംസ്ഥാനങ്ങൾക്ക് പണം ചെലവാക്കാൻ കഴിവില്ലെന്ന് കേന്ദ്ര ഗവൺമെന്റും കേരളത്തിന്റെ കാര്യത്തിൽ പ്രതിപക്ഷവും അഭിപ്രായപ്പെട്ടിട്ടുണ്ട്. പണം ചെലവാക്കുമ്പോൾ ക്രമരഹിത മായി ചോർച്ചയും അഴിമതിയുമൊക്കെയുണ്ടാകും, പണം ചെലവാക്കിയാൽ അതിൽനിന്നും ലഭിക്കുന്ന ഫലത്തെക്കുറിച്ച് പരിശോധിക്കണം. 33,125 കോടി രൂപയിൽ 80 ശതമാനവും ശമ്പളം, പെൻഷൻ, പലിശ, പഴയ കടം, മരുന്ന്, സ്റ്റേഷനറി തുടങ്ങിയ ഇനങ്ങളിലായി ആട്ടോമാറ്റിക്കായി ചെലവാകുന്ന താണ്. പ്ലാൻ എക്സ്പെൻഡിച്ചറിനും പുതിയ വികസന പ്രവർത്തന ങ്ങൾക്കും ചെലവാക്കാനുള്ള പണം ഉണ്ടായാൽ മാത്രം പോരാ. അത് ചെലവാക്കാനുള്ള പ്രാപ്തിയുമുണ്ടാകേണ്ടതുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം ഏഴായിരത്തിമുന്നൂറ്റി ചില്വാനം കോടിരൂപ കേന്ദ്രം നേരിട്ട് സംസ്ഥാനത്തിന് തരുന്നുണ്ട്. 8 മീറ്റർ വീതിയും ഒരു കിലോമീറ്റർ നീളവുമുള്ള റോഡിന് ഡീറ്റെയിൽഡ് എസ്റ്റിമേറ്റും ഭൂമിയുടെ കൺസെന്റു മായിട്ട് ആര്, എപ്പോൾ പ്രൊപ്പോസൽ തന്നാലും അനുവദിക്കുന്നതാണ്. ഇത്രയും നാളിനിടയിൽ ഒരു പ്രൊപ്പോസലും ലഭിച്ചിട്ടില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. പി.എം.ജി.എസ്.വൈ.യിൽ അനുവദിച്ച പണം ഉപയോഗി ക്കാൻ കഴിഞ്ഞിട്ടില്ല. നബാർഡ് സ്കീം പ്രകാരം ഈ വർഷം 400 കോടിരൂപ കൂടി വാങ്ങിയിട്ടുണ്ട്. കഴിഞ്ഞ 7 വർഷത്തെ ചരിത്രം നോക്കിയാൽ നബാർഡ് മൊത്തം അലോക്കേറ്റ് ചെയ്ത പണത്തിന്റെ പകുതിയേ

സംസ്ഥാനം വാങ്ങിയിട്ടുള്ളൂ. അതിനു കാരണം പ്രോജക്ടുകൾക്ക് ആദ്യം പ്രൊപ്പോസൽ എഴുതിക്കൊടുക്കുമെങ്കിലും ഭൂമിയുടെ കൺസെന്റും എസ്റ്റിമേറ്റുമൊന്നും സമയത്ത് സമർപ്പിക്കുകയില്ല. എം.എൽ.എ. ഫണ്ട് ഉപയോഗിക്കുകതന്നെ വേണം. 31125 കോടി രൂപയിൽ 1715 കോടി രൂപ എക്സ്റ്റേർണലി എയ്ഡഡ് പ്രോജക്ടുകളാണ്. 2004–05–ൽ ഇത്തരത്തിലുള്ള വിദേശ സഹായ പ്രോജക്ടുകളിൽ വാട്ടർസപ്ളൈ, ജപ്പാൻ കുടിവെള്ള പദ്ധതി, കെ.എസ്.ടി.പി, സുനാമി ഇതൊക്കെ അടങ്ങും. 29 ശതമാനമാണ് സംസ്ഥാനം ചെലവാക്കിയത്. 2005–06–ൽ 30 ശതമാനമാണ് ചെലവഴിച്ചത്. നിബന്ധനകളുള്ളതിനാൽ ഇഷ്ടംപോലെ പണം ചെലവഴിക്കാൻ കഴിയുകയില്ല. മുൻ വർഷങ്ങളിലാണെങ്കിൽ പ്ളാൻ ഫണ്ടിന്റെ 80 ശതമാനത്തിനുതാഴെയാണ് ചെലവാക്കിക്കൊണ്ടിരുന്നത്. ഈ വർഷവും കഴിഞ്ഞ വർഷത്തേതുപോലെ തന്നെയാണ്. പുതിയ സർക്കാർ വന്നുവെങ്കിലും ഒരു വലിയ പ്രയത്നമാണ്. ഇനി അടുത്ത ആറു മാസത്തേയ്ക്കുള്ള പദ്ധതി ലക്ഷ്യത്തിലേയ്ക്ക് നീങ്ങുകയാണ്. പണം തികയാത്ത പ്രശ്നം മാത്രമല്ല, ലഭ്യമായ പണം വിനിയോഗിക്കുന്നതിലും പ്രശ്നമുണ്ട്. കേന്ദ്രം ഇപ്പോൾ കൂടുതൽ പണം നഗരങ്ങളിൽ വിനിയോഗിക്കാനാണ് തന്നിരിക്കുന്നത്. ഇതുവരെയില്ലാതിരുന്ന ഒരു ചുവടുമാറ്റം കേന്ദ്രത്തിൽ വന്നിരിക്കുന്നു. എം.എൽ.എ.മാർ എന്ന രീതിയിൽ ചെയ്യേണ്ട ചുമതല അവർ ചെയ്യണം. ഭൗതിക ലക്ഷ്യങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ വകുപ്പിന്റേയും ഗുണനില വാരം ഉയർന്നിട്ടുണ്ടോ എന്നുള്ള ഒരു പരിശോധന വേണം. അത് അടുത്ത ബഡ്ജറ്റുവഴി പറ്റുമോ എന്നുനോക്കാം. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് എടുത്തിരുന്ന നിലപാടുകൾ അവർക്കുതന്നെ എതിരായിരുന്നു. ആരോഗ്യസുരക്ഷാ പദ്ധതി കേന്ദ്ര യൂണിവേഴ്സൽ ഇൻഷ്വറൻസ് സ്കീമിന്റെ

പ്രൊപ്പോസലുമായി ബന്ധപ്പെടുത്തി ഇവിടെ നടപ്പിലാക്കാൻ യു.ഡി.എഫ്. തീരുമാനിച്ചിരുന്നതാണ്. കേന്ദ്രം പറഞ്ഞ നോംസിൽനിന്നും വ്യതിചലിച്ചു തുടങ്ങിയപ്പോൾ പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനികളെ വച്ചുതന്നെ തുടങ്ങി. അവരെക്കാൾ കുറഞ്ഞ പ്രീമിയത്തിന് ബാങ്കും കൂടി നെഗോഷ്യേറ്റ് ചെയ്തപ്പോൾ കേന്ദ്രത്തിൽനിന്നും കിട്ടേണ്ട 300 രൂപ പെർഹെഡ് വാങ്ങാനുള്ള ഉത്തരവാദിത്വമുണ്ടെന്നാണ് ഫിനാൻസ് ഡിപ്പാർട്ടുമെന്റിന്റെ വാദം. 25 ലക്ഷം ബി.പി.എൽ. ഫാമിലി രജിസ്റ്റർ ചെയ്യാൻ തീരുമാനിക്കുകയും രജിസ്റ്റർ ചെയ്യുന്ന ബി.പി.എൽ. ഫാമിലിയുടെ കേന്ദ്രവിഹിതം വാങ്ങിക്കൊടുക്കാനുള്ള ഉത്തരവാദിത്വം ബാങ്കുകൾ വഹിക്കാൻ സമ്മതിക്കുകയും ഏറ്റവും ചുരുങ്ങിയത് 3 വർഷത്തേയ്ക്കെങ്കിലും ഗ്യാരന്റി വരുമെന്നുപറയുകയും ചെയ്തു. ഗ്യാരന്റി മൂന്നു വർഷം പോരാ എന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം. സ്വകാര്യ ആശുപത്രികളിലേയ്ക്ക് ആരോഗ്യ സുരക്ഷാ സംവിധാനം മാറുന്നു. പൊതു ആരോഗ്യ സംവിധാനത്തിൽ മുതൽമുടക്ക് കുറയുന്നു. സ്മാർട്ട് സിറ്റിയുടെ കാര്യത്തെക്കുറിച്ച് പറയുകയാണെങ്കിൽ കൊച്ചിക്ക് സാങ്കേതികമായി വളരെ പ്രത്യേകതകളുണ്ട്. അവിടെ ഏതെങ്കിലുമൊരു കമ്പനിക്ക് മൊണോപ്പൊളി കൊടുത്താൽ ആർക്കുവേണമെങ്കിലും കമ്പനി തുടങ്ങാമെന്ന സാഹചര്യമുണ്ടാകും. അതുകൊണ്ടാണ് മറ്റൊരു സ്ഥാപനത്തെ സർക്കാർ പ്രൊമോട്ട് ചെയ്യുകയില്ലെന്ന് പറഞ്ഞത്. സർക്കാർ പ്രൊമോട്ട് ചെയ്താലേ ഇങ്ങനെ ഒരു ഇൻഫ്രാസ്ട്രക്ച്ചർ വരികയുള്ളൂ. കൊച്ചി പോലുള്ള നഗരത്തിൽ ദുബായ് ഇന്റർനെറ്റ് സിറ്റിക്ക് മൊണോപ്പൊളി നൽകാൻ പാടില്ലെന്നുള്ളതാണ് ഗവൺമെന്റിന്റെ ഒബ്ജക്ഷൻ. കോൺട്രാക്ട് സംബന്ധിച്ച് ജോയിന്റ് വെൻച്വറാകാം. പക്ഷെ, ഇതിലെ പാർട്ട്ണർ സബ് ജൂനിയറാണ്. ഇങ്ങനെ

ഒരു ജോയിന്റ് വെൻചറിലൂടെ പൊതു സ്വത്ത് നിസ്സാരവിലയ്ക്ക് സ്വകാര്യ മേഖലയ്ക്ക് കൊടുക്കാനുള്ള ഏർപ്പാട് എന്തിനാണെന്നുള്ളതാണ് ഗവണ്മെന്റിന്റെ വിമർശനം. ഒരു കോൺട്രാക്ടറെ പോലും നിയമിക്കാൻ കഴിയാത്ത സ്ഥിതിയാണ് കരാറിലുള്ളത്. അതിന്റെ പേരിൽ കൊച്ചി ഗേറ്റ് വേയിൽ ടോട്ടൽ മൊണോപ്പൊളി പുറത്ത് ഒരാളിന് നൽകുന്നു. വേറൊരു പാർക്കിനേയും സർക്കാർ ധനസഹായം നൽകി സഹായിക്കുകയില്ല. ഇൻഫോ പാർക്കിന്റെ കാര്യത്തിൽ മൊണോപ്പൊളി റൈറ്റ് നൽകുന്ന പ്രശ്നത്തിൽ ജോയിന്റ് വെൻചർ സബ് ജൂനിയർ എന്നുള്ളത് ഗവണ്മെന്റിന് അനുകൂലിക്കാൻ പറ്റുകയില്ല. മറ്റ് സംസ്ഥാനങ്ങളേക്കാൾ പെട്രോളിയത്തിന് കേരളത്തിൽ സെയിൽസ് ടാക്സ് കുറവാണ്. പെട്രോളിയത്തിന്റെ ബേസിക് പ്രൈസായ 47.5 ശതമാനം എങ്ങനെ നിശ്ചയിച്ചുവെന്നറിഞ്ഞാൽ മാത്രമേ ഇനി പെട്രോളിയത്തിന്റെ കൺസെഷൻ നൽകൂവെന്ന് കോൺഗ്രസ് മന്ത്രിമാരടക്കം എല്ലാ മന്ത്രിമാരും പ്രമേയം പാസ്സാക്കിയിരിക്കുകയാണ്. ഇന്ത്യയിൽ സെയിൽസ് ടാക്സ് 20 ശതമാനവും എക്സൈസ് ടാക്സ് 30 ശതമാനവുമാണ്. 30 ശതമാനം വരുന്ന എക്സൈസ് ടാക്സിൽനിന്ന് ഒരു പൈസ കുറയ്ക്കാതെ കേന്ദ്രത്തിന്റെ തെറ്റായ നയംമൂലം പ്രൈസ് ഇക്വലൈസേഷൻ നിർത്തലാക്കിയതിന്റെ ഫലമായി അന്തർദേശീയമായി വില കൂടുമ്പോൾ ആ വില നാട്ടുകാരുടെമേൽ അടിച്ചേൽപ്പിക്കുക എന്നത് കേന്ദ്ര ഗവണ്മെന്റിന്റെ നയമാണ്. കൊച്ചിൻ റിഫൈനറീസിലുണ്ടാക്കുന്ന പെട്രോളും ഡീസലും സംസ്ഥാനത്തിന് പുറത്തേയ്ക്ക് കയറ്റുമതി ചെയ്യുമ്പോൾ 4 ശതമാനം സെൻട്രൽ സെയിൽസ് ടാക്സ് സംസ്ഥാനത്തിന് പിരിച്ചുതരുമായിരുന്നു. അതിപ്പോൾ ഹിന്ദുസ്ഥാൻ പെട്രോളിയം ഏറ്റെടുത്ത് മറ്റ് സംസ്ഥാനങ്ങളിലെ മറ്റ് ഡിപ്പോകളിലേയ്ക്ക് സ്റ്റോക്ക് ട്രാൻസ്ഫറായി

അയയ്ക്കുന്നതുകൊണ്ട് സെൻട്രൽ സെയിൽസ് ടാക്സ് കിട്ടാതാവുകയും ധനനഷ്ടം സംഭവിക്കുകയും ചെയ്തിരിക്കുന്നു. പൊതുമേഖലാ കമ്പനികളുടെ ലാഭം നിശ്ചയിക്കുന്നത് പ്രൈസ് ഫിക്സേഷൻ രീതിയിലാണ്. സംസ്ഥാനത്തെ വില വർദ്ധിപ്പിക്കാതെ സെൻട്രൽ സെയിൽസ് ടാക്സ് ട്രാൻസ്ഫർ ചെയ്തുതരുമെന്നാണ് കമ്പനികൾ പറയുന്നത്. കേരളത്തിൽ മാത്രമല്ല വിലവർദ്ധനവ് ഉണ്ടായിട്ടുള്ളത്. കേരളത്തിൽ വില കുറച്ചപ്പോഴൊന്നും കോൺഗ്രസ് ഭരിക്കുന്ന മറ്റ് സംസ്ഥാനങ്ങളിൽ വില കുറച്ചിട്ടില്ലെന്ന് മാത്രമല്ല, ഇനി വില കുറയ്ക്കാൻ പറ്റുകയില്ലെന്നാണ് ഇതര സംസ്ഥാനങ്ങളിലെ കോൺഗ്രസ് ധനകാര്യ വകുപ്പുമന്ത്രിമാർ പറയുന്നത്. കേരള വിഷൻ 2010 റീകാസ്റ്റ് ചെയ്യാൻ തീരുമാനിച്ചിരിക്കുകയാണ്. കേരളത്തിലെ കോമ്പറ്റീറ്റീവായിട്ടുള്ള മേഖലകളിലും നോളജ് ഇന്റൻസീവ് ബേസ്ഡായിട്ടുള്ള മേഖലകളിലും സർവ്വീസ് ബേസ്ഡായിട്ടുള്ള മേഖലകളിലും ഇൻവെസ്റ്റ്മെന്റ് വർദ്ധിപ്പിക്കണമെന്നുള്ളതാണ് പ്രസിഡന്റിന്റെ കാഴ്ചപ്പാട്. അതിനോട് ബന്ധപ്പെട്ട് വിദ്യാഭ്യാസ രീതിയിൽ മാറ്റം വരുത്താനും പശ്ചാത്തല സൗകര്യം വികസിപ്പിക്കാനും സാധിക്കും. കേരളത്തിന്റെ വികസനത്തിനുള്ള പദ്ധതി ഡെവലപ് ചെയ്യുന്നതിനുള്ള ചർച്ചകളും പരിശോധനകളും നടത്തുന്നതിന് നോട്ടുകൾ തയ്യാറാക്കിവരുന്നു. 3 രൂപയ്ക്ക് അരി കൊടുക്കുമെന്ന് പ്രഖ്യാപിച്ചിട്ട് ബഡ്ജറ്റിൽ അതിനുവേണ്ട തുക മാറ്റി വയ്ക്കാത്ത ഗവണ്മെന്റായിരുന്നു സംസ്ഥാനം ഭരിച്ചിരുന്നത്. നാട്ടിൽ വില നിയന്ത്രിക്കേണ്ട പ്രാധാന്യത്തെക്കുറിച്ചും ദുർബ്ബല ജനവിഭാഗങ്ങൾക്ക് സൗജന്യം നൽകേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ചും ബോദ്ധ്യമുള്ള ഗവണ്മെന്റാണിത്. യു.ഡി.എഫ് ഗവണ്മെന്റ് 21 കോടി രൂപയാണ് ഭക്ഷ്യസബ്സിഡി ഇനത്തിൽ നൽകാനുണ്ടായിരുന്നത്.

ആവശ്യത്തിന് ഡോക്ടർമാരോ നഴ്സുമാരോ മരുന്നോ ഇല്ലാത്തവിധം പൊതുജനാരോഗ്യ സംവിധാനം മോശമായത് മൂന്നുമാസം കൊണ്ടല്ല. വെയ്സ് ആന്റ് മീൻസ് മാനേജ്മെന്റിന്റെ ഭാഗമായിട്ട് മുമ്പ് ഓരോ എക്സ്പെൻഡിച്ചറിനും ഓരോ ഡിപ്പാർട്ടുമെന്റിൽനിന്നും അനുമതി വാങ്ങണമായിരുന്നുവെങ്കിൽ ഇപ്പോൾ അതിൽ ഒരു നിയന്ത്രണവും ഏർപ്പെടുത്തിയിട്ടില്ല. പ്ലാൻ എക്സ്പെൻഡിച്ചർ സംബന്ധിച്ച് ശമ്പള ദിവസംപോലും ട്രഷറി നിയന്ത്രണമില്ല. ബഡ്ജറ്റിംഗിന്റെ കാര്യത്തിൽ ഒരു നിയന്ത്രണവും ഫിനാൻസ് ഏർപ്പെടുത്തുന്നില്ല. ബിൽ പരിഗണന യ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

2006-ലെ കേരള ധനവിനിയോഗ (16-ാം നമ്പർ) ബിൽ പരിഗണന യ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>2-ഉം 3-ഉം വകുപ്പുകൾ</u>

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

<u>പട്ടിക</u>

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായി.

<u>1-ാം വകുപ്പും പീഠികയും പേരും</u>

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യ വകുപ്പുമന്ത്രി (ഡോ: തോമസ് ഐസക്): 2006–ലെ കേരള ധനവിനിയോഗ (16–ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ.എം.വിജയകുമാർ): പ്രമേയത്തെ പിന്താങ്ങുന്നു.

2006–ലെ കേരള ധനവിനിയോഗ (16–ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം 33–നെതിരെ 78 വോട്ടുകളോടെ സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## സ്റ്റാറ്റ്യൂട്ടറി പ്രമേയം

### 2003–ലെ കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ടിലെ 30–ാം വകുപ്പ് അനുസരിച്ചുള്ള പ്രമേയം

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): "തമിഴ്നാട് സംസ്ഥാനത്തെ കന്യാകുമാരി ജില്ലയിൽ വിളവൻകോട് താലൂക്കിലെ കാർഷിക ആവശ്യങ്ങൾക്കായി കാലാനുസൃതമായി വില ഈടാക്കിക്കൊണ്ട് നെയ്യാറിൽനിന്നും വെള്ളം നൽകുന്നതിനുവേണ്ടി തമിഴ്നാടുമായി ഒരു കരാറിൽ ഏർപ്പെടുന്നതിനായി 2003–ലെ കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ടിലെ (2003 ലെ 31–ാം ആക്ട്) സെക്ഷൻ 30 അനുസരിച്ച് സർക്കാരിനെ ചുമതലപ്പെടുത്തുന്നതിന് ഈ സഭ തീരുമാനിക്കുന്നു." എന്ന പ്രമേയം അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): പ്രമേയത്തെ പിന്താങ്ങുന്നു.

<u>ശ്രീ.എൻ.കെ.പ്രേമചന്ദ്രൻ:</u> 1950–കളിൽ പര്യവേഷണം ആരംഭിച്ച് 1964–ൽ കമ്മിഷൻ ചെയ്ത പ്രോജക്ടാണ് നെയ്യാർ ഇറിഗേഷൻ പ്രോജക്ട്. ഇൻവെസ്റ്റിഗേഷൻ നടക്കുമ്പോൾ കന്യാകുമാരി ജില്ലയിലെ വിളവൻകോട് താലൂക്ക് അന്നത്തെ തിരുവിതാംകൂറിന്റേയും തിരുക്കൊച്ചിയുടേയും ഭാഗമായിരുന്നു. പിന്നീട് സ്റ്റേറ്റുകളുടെ പുന:സംഘടന വന്നപ്പോൾ വിളവൻകോട് താലൂക്ക് ഉൾപ്പെടുന്ന ഭാഗം തമിഴ്നാട് സംസ്ഥാന ത്തിന്റേതായി. 1998–99–ൽ ഡാമിന്റെ മെയിന്റനൻസുമായി ബന്ധപ്പെട്ട് ഒന്നോ രണ്ടോ വർഷക്കാലം വെള്ളം കൊടുക്കാതിരുന്നത് ഒഴിച്ചാൽ 10–01–2004–വരെ തുടർച്ചയായി നെയ്യാർ ഡാമിൽനിന്നും കാർഷികാവശ്യത്തിനുള്ള വെള്ളം തമിഴ്നാടിന് നൽകിയിരുന്നു. കന്യാകുമാരി ബ്രാഞ്ച് കനാൽ ഡാമിന്റെ ലെഫ്റ്റ് ബാങ്ക് കനാലിൽനിന്നുമാണ് ഉത്ഭവിക്കുന്നത്. കേരള അതിർത്തിയിലെ 11665 ഹെക്ടർ കൃഷി പ്രദേശവും കന്യാകുമാരി ജില്ലയിലെ 3725 ഹെക്ടർ പ്രദേശവും ഈ പ്രോജക്ടിന്റെ ഭാഗമായി ഇറിഗേറ്റ് ചെയ്യപ്പെടുന്നുണ്ട്. കന്യാകുമാരി ബ്രാഞ്ച് കനാലിലൂടെ 450 ക്യുസെക്സ് വെള്ളം കേരളത്തിനും 150 ക്യുസെക്സ് വെള്ളം തമിഴ്നാടിനും ലഭിച്ചുകൊണ്ടിരിക്കുന്നു. 1964–മുതൽ വെള്ളം വിതരണം ചെയ്യാൻ ആരംഭിച്ചു. 1964 മുതൽ 1968 വരെ വെള്ളം കൊടുത്തിരുന്നില്ല. 1968–നു ശേഷം അളന്നു തിട്ടപ്പെടുത്തി വെള്ളം കൊടുക്കുകയും 10–01–2004–ൽ ജലക്ഷാമം നേരിട്ടതിനെത്തുടർന്ന് തമിഴ്നാടിന് വെള്ളം കൊടുക്കുന്ന നടപടി നിർത്തിവയ്ക്കുകയും ചെയ്തു. നാല് ദശാബ്ദക്കാലമായി ഇതുമായി ബന്ധപ്പെട്ട് കത്തിടപാടുകൾ നടക്കുകയാണ്. നെയ്യാറിലെ ജലം പങ്കുവയ്ക്കുന്നതിനെ സംബന്ധിച്ച് തമിഴ്നാട് ഗവൺമെന്റ് ഒരു ഡ്രാഫ്റ്റ് എഗ്രിമെന്റ് കേരളത്തിനു നൽകുകയും അതിലെ വ്യവസ്ഥയനുസരിച്ച് ഡാം

കൺസ്ട്രക്ഷന്റെ കോസ്റ്റും ആനുവൽ മെയിന്റനൻസ് കോസ്റ്റും ഷെയർ ചെയ്യാമെന്ന് തമിഴ്നാട് ഗവൺമെന്റ് സമ്മതിക്കുകയും ചെയ്തു. എന്നാൽ 1997–ലെ ഗവൺമെന്റ് തമിഴ്നാടിന് നൽകിയ ഡ്രാഫ്റ്റ് എഗ്രിമെന്റിനെ സംബന്ധിച്ച് സമഗ്രമായി പരിശോധിക്കുന്നതിന് ചീഫ് എഞ്ചിനീയർമാർ അടങ്ങുന്ന ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിച്ചു. 1998–ൽ സമിതി റിപ്പോർട്ട് സമർപ്പിച്ചു. മുൻകാലങ്ങളിൽ ഉണ്ടായിട്ടുള്ള കരാറുകൾ കേരളത്തിന് ഗുണകരമല്ലാത്തതിനാൽ തമിഴ്നാടുമായി ഒരു പ്രത്യേക കരാറിൽ ഏർപ്പെടേണ്ടതില്ലെന്ന് സമിതി റിപ്പോർട്ട് ചെയ്തു. അതു സംബന്ധിച്ച് തമിഴ്നാടിന് വെള്ളം കൊടുക്കേണ്ട എന്നും കൊടുക്കുന്ന വെള്ളത്തിന് വില ഈടാക്കണമെന്നും സമിതി നിർദ്ദേശിച്ചു. 1998–ലെ റിപ്പോർട്ട് അനുസരിച്ച് 20–11–2000–ൽ അന്നത്തെ ഗവൺമെന്റ് തൽക്കാലം ഒരു എഗ്രിമെന്റിൽ ഏർപ്പെടേണ്ടതില്ലെന്നും മുല്ലപ്പെരിയാർ, പറമ്പിക്കുളം ആളിയാർ പ്രോജക്ട് തുടങ്ങിയവയിലെ തർക്ക പരിഹാരത്തിനായി ഇത് വിനിയോഗിക്കണമെന്നും ഗവൺമെന്റ് തീരുമാനിച്ചു. അതിനുവേണ്ടിയാണ് ഈ പ്രമേയം ഈ നിയമസഭയിലൂടെ പാസ്സാക്കുന്നതിന് ഗവൺമെന്റ് ശ്രമിക്കുന്നത്. മുല്ലപ്പെരിയാർ അടക്കമുള്ള പ്രശ്നങ്ങളിൽ ചർച്ചയിലൂടെ അനുകൂലമായ സാഹചര്യം ഒരുക്കുക എന്ന സദുദ്ദേശത്തോടുകൂടിയാണ് തമിഴ്നാടിന് വെള്ളം കൊടുക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നതെങ്കിലും അത് പൂർണ്ണമായും നിയമങ്ങൾക്കും ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിട്ടു മാത്രമേ നടപ്പാക്കൂവെന്ന് റൂൾ 300 അനുസരിച്ച് മുഖ്യമന്ത്രി സഭയെ അറിയിച്ചിട്ടുണ്ട്. 10–01–2004–ൽ ജലവിതരണം നിർത്തിവയ്ക്കുന്ന സമയത്ത് പുതിയ നിയമം പതിനൊന്നാം കേരള നിയമസഭ പാസ്സാക്കി. 2003–ലെ കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ടിലെ

സെക്ഷൻ 30 അനുസരിച്ച് ഇവിടത്തെ റിസർവോയറുകളിൽ നിന്ന് വെള്ളം മറ്റൊരു സംസ്ഥാനത്തേയ്ക്ക് കൊടുക്കുന്നതിന് നിയമസഭയിലൂടെയുള്ള പ്രമേയത്തിനും കരാറിനും വിധേയമായി മാത്രമേ പാടുള്ളൂ. സെക്ഷൻ 30 അനുസരിച്ചുള്ള നിയമം നിലവിൽവരികയും 18-09-2003-ൽ അത് നോട്ടിഫൈ ചെയ്യുകയും 16-12-03-ൽ പ്രാബല്യത്തിൽ വരികയും ചെയ്തു. അതിനു ശേഷം നിരവധി പ്രാവശ്യം ചർച്ചകൾ നടത്തി. 28-08-2005-ൽ കന്യാകുമാരി ജില്ലയിലെ വിളവൻകോട് താലൂക്കിൽ കൃഷി ആവശ്യത്തിനുവേണ്ടി വെള്ളം വിട്ടുകൊടുക്കണമെന്ന് അന്നത്തെ ജലവിഭവ വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും തീരുമാനിക്കുകയും ഇക്കാര്യം തമിഴ്നാട് ഗവൺമെന്റിനെ അറിയിക്കാൻ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തു. വെള്ളം കൊടുക്കുന്നതിന് 30-ാം വകുപ്പ് തടസ്സമാവില്ലെന്നും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതിനെത്തുടർന്ന് 02-09-2005-ൽ ലാ ഡിപ്പാർട്ടുമെന്റിന്റെ നിയമോപദേശം തേടിയപ്പോൾ 2003-ലെ കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ടിലെ സെക്ഷൻ 30 അനുസരിച്ച് പ്രമേയം മാൻഡേറ്ററിയാണെന്നും വെള്ളം റെസല്യൂഷൻ കൂടാതെ കൊടുക്കരുതെന്നും ലാ സെക്രട്ടറിയിൽനിന്നും വ്യക്തമായ നിയമോപദേശമാണ് ലഭിച്ചത്. 10-10-2005-ൽ അന്നത്തെ ജലവിഭവ വകുപ്പുമന്ത്രി പ്രമേയം കൂടാതെ തമിഴ്നാടിന് വെള്ളം കൊടുക്കാൻ കഴിയുമോ എന്ന് പരിശോധിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ചീഫ് സെക്രട്ടറിയുടെ നിയമോപദേശം തേടി. 08-11-2005-ൽ അന്നത്തെ മുഖ്യമന്ത്രി ഉന്നത ഉദ്യോഗസ്ഥരുടേയും നിയമ വകുപ്പ് സെക്രട്ടറിയുടേയും യോഗം വിളിച്ചു ചേർക്കുകയും നിയമസഭയുടെ പ്രമേയം എന്ന തടസ്സം ഒഴിവാക്കി വെള്ളം കൊടുക്കാൻ കഴിയുമെങ്കിൽ അതുസംബന്ധിച്ച സാദ്ധ്യതകളെക്കുറിച്ച് ആരായാൻ ലാ സെക്രട്ടറിക്ക്

നിർദ്ദേശം നൽകുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ലാ ഡിപ്പാർട്ടുമെന്റ് അത് പരിശോധിച്ചു. 6–12–2005–ൽ ലാ സെക്രട്ടറി രണ്ടാമത്തെ പ്രാവശ്യവും ഇക്കാര്യത്തെ സംബന്ധിച്ച് അഭിപ്രായം നൽകി. 24.1.2006–ൽ മുഖ്യമന്ത്രി ഒരു സർവ്വകക്ഷി യോഗം വിളിക്കാൻ തീരുമാനിച്ചു. അന്നത്തെ യു.ഡി.എഫ്. ഗവൺമെന്റ് തമിഴ്നാടിന് വെള്ളം കൊടുക്കാൻ നയപരമായി തീരുമാനമെടു ത്തിരുന്നുവെങ്കിലും നിയമവകുപ്പിന്റെ കർക്കശമായ നിയന്ത്രണംമൂലം അതിനു കഴിഞ്ഞില്ല. അങ്ങനെ വെള്ളം കൊടുക്കണമെങ്കിൽ കേരളാ വാട്ടർ കൺസർവ്വേഷൻ ആക്ട് അമന്റ് ചെയ്യണം. ആ ആക്ടിലെ സെക്ഷൻ 30 ഒഴിവാക്കി വെള്ളം കൊടുക്കാൻ കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന് താൽപര്യമുണ്ടായിരുന്നു. ആൾ പാർട്ടി മീറ്റിംഗ് വിളിക്കാൻ സാധിക്കാത്ത തിനാൽ ആ കാര്യത്തിൽ ഒരു തീരുമാനം ഉണ്ടാക്കാൻ കഴിഞ്ഞില്ല. മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് 136 അടിയിൽനിന്നും 142 അടിയായി ഉയർത്തണമെന്ന തമിഴ്നാട് ഗവൺമെന്റിന്റെ ആവശ്യം സുപ്രീംകോടതി അംഗീകരിച്ചുകൊണ്ട് കേരളത്തിനെതിരെ 2006–ൽ വിധിവന്നു. അതിന്മേൽ സംസ്ഥാന ഗവൺമെന്റ് നൽകിയ റിവിഷൻ ഹർജി കോടതി തള്ളി. കൂട്ടായ പരിശ്രമത്തിന്റെ ഭാഗമായി താൽക്കാലിക ആശ്വാസമെന്ന നിലയിൽ 25.9.2006–ൽ ഇരു സംസ്ഥാനങ്ങളും തമ്മിൽ ചർച്ച ചെയ്ത് ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കണമെന്ന് സുപ്രീംകോടതിയുടെ ഒബ്സർവേഷനുണ്ടായി. 1964 മുതൽ 2004 വരെ വെള്ളം കൊടുത്തിരുന്നത് നിയമവിധേയമാക്കാനാണ് ഗവൺമെന്റ് തീരുമാനിച്ചത്. സെക്ഷൻ 30 അനുസരിച്ച് മാത്രമേ വെള്ളത്തിന്റെ കാര്യത്തിൽ അന്തർ സംസ്ഥാന കരാർ ഉണ്ടാക്കാൻ കഴിയൂ. പതിനൊന്നാം കേരള നിയമസഭ പാസ്സാക്കിയ നിയമത്തിന്റെ പശ്ചാത്തലത്തിൽ ആ ഇന്റൻഷൻ നടപ്പാക്കാൻവേണ്ടിയാണ് സഭയുടെ

അംഗീകാരം തേടുന്നത്. ഒരു കരാർ ഉണ്ടാക്കണമെങ്കിൽ പ്രമേയം വേണം. സംസ്ഥാനം വെള്ളം കൊടുക്കുന്നതിനായാലും വാങ്ങുന്നതിനായാലും സഭയുടെ അനുവാദം വേണം. കോൺട്രാക്ടിനുവേണ്ടിയുള്ള അനുമതിക്കാണ് സഭ മുമ്പാകെ റെസല്യൂഷൻ സമർപ്പിച്ചത്. ഭേദഗതികളുണ്ടെങ്കിൽ അത് പരിഗണിക്കും. നെയ്യാർ ഡാമിലെ വെള്ളത്തിന് വില ഈടാക്കിക്കൊണ്ട് കൊടുക്കാനാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. ഈ റെസല്യൂഷൻ ഏകകണ്ഠമായി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

'നെയ്യാറിൽനിന്നും' എന്നതിനുശേഷം ഉള്ള ഭാഗങ്ങൾ താഴെ കാണും വിധം മാറ്റുക:

"നെയ്യാറ്റിൻകര താലൂക്കിലെ കൃഷിക്ക് ആവശ്യമായ വെള്ളത്തിന് ശേഷമുള്ള അധികവെള്ളം നൽകുന്നതിനും മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷിതത്വം സംബന്ധിച്ച് കേരള ജനതയ്ക്കുള്ള ആശങ്കയും പറമ്പിക്കുളം അളിയാർ കരാർ ലംഘനംമൂലം മഴനിഴൽ പ്രദേശം അടക്കം കേരളം അനുഭവിക്കുന്ന നിത്യദു:ഖവും അച്ചൻകോവിൽ നദിയുടെ ഗതിമാറ്റാൻ നടക്കുന്ന ശ്രമങ്ങളും ഭവാനിപ്പുഴയിലെ മുക്കാലിയിൽ കേരളം ആരംഭിച്ച തടയണ നിർമ്മാണം തടഞ്ഞതുമൂലം സംസ്ഥാനത്തിന് നേരിട്ട ബുദ്ധിമുട്ടുകളും കാവേരി ട്രിബ്യൂണൽ മുമ്പാകെ തമിഴ്നാട് എടുക്കുന്ന കേരളവിരുദ്ധ നിലപാടും അടക്കമുള്ള പ്രശ്നങ്ങൾക്ക് സ്ഥിരപരിഹാരമുണ്ടാക്കുവാനും തമിഴ്നാടുമായി ഒരു ധാരണയിൽ ഏർപ്പെടുന്നതിനുമായി 2003-ലെ കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ടിലെ

(2003-ലെ 31-ാം ആക്ട്) സെക്ഷൻ 30 അനുസരിച്ച് മുഖ്യമന്ത്രിയെ ചുമതലപ്പെടുത്തുന്നതിനും കരാർ വ്യവസ്ഥകൾ അന്തിമ അംഗീകാരത്തിനായി ഈ സഭയിൽ സമർപ്പിക്കുന്നതിന് അഭ്യർത്ഥി ക്കുന്നതിനും ഈ സഭ തീരുമാനിക്കുന്നു.''

ശ്രീ. പി.സി. ജോർജ്: താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

'തമിഴ്നാട് സംസ്ഥാനത്തെ കന്യാകുമാരി ജില്ലയിൽ വിളവൻകോട് താലൂക്കിലെ' എന്നതിനു ശേഷം 'കർഷകർക്ക്' എന്നുകൂടി ചേർക്കേണ്ട താണ്.

ശ്രീ.കെ.കെ.ജയചന്ദ്രൻ: പ്രമേയത്തെ അനുകൂലിക്കുന്നു. മുല്ലപ്പെരിയാർ ഡാമിന്റെ സേഫ്റ്റിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും തമിഴ്നാടുമായി ബന്ധപ്പെട്ട മറ്റ് നദീജല പ്രശ്നങ്ങളും കേരളത്തിന് അനുകൂലമായി മാറ്റുന്നതിന് ഈ ചർച്ച സഹായമാകും. 1964-ൽ നെയ്യാർ ഡാം കമ്മീഷൻ ചെയ്തതു മുതൽ 2004 വരെ ഈ ഡാമിൽനിന്ന് എഗ്രിമെന്റില്ലാതെ തമിഴ്നാടിന് വെള്ളം കൊടുത്ത വകയിൽ 7.34 കോടി രൂപ കേരളത്തിന് ലഭിക്കാനുണ്ട്. ജലവിതരണം സംബന്ധിച്ച് റൂൾസ് ആന്റ് റെഗുലേഷൻസ് ഉണ്ടാക്കണമെന്ന് തമിഴ്നാട് ആവശ്യപ്പെട്ടു കൊണ്ടിരിക്കുകയാണ്. അത് സംബന്ധിച്ച് നിരവധി കത്തിടപാടുകൾ നടത്തിയെങ്കിലും ഉദ്ദേശിച്ച ഫലമുണ്ടായില്ല. 12-4-1971-ൽ ക്യാപ്പിറ്റൽ കോസ്റ്റ് ഇനത്തിൽ 51.14 കോടി രൂപ തമിഴ്നാട് ഗവണ്മെന്റ് തരാൻ തയ്യാറായതോടൊപ്പം നിർമ്മാണ ചെലവിന്റെയും മെയിന്റനൻസ് ചെലവിന്റെയും അടിസ്ഥാനത്തിൽ തമിഴ്നാടും കേരളവും തമ്മിൽ ജലം പങ്കുവയ്ക്കുന്നതിനുള്ള വ്യവസ്ഥകൾ അടങ്ങുന്ന ഒരു കരാറുണ്ടാക്കണമെന്നും അറിയിച്ചു. അത്തരത്തിലൊരു ഉറപ്പു

നൽകാൻ ഗവണ്മെന്റ് തയ്യാറാകാത്തതിനാൽ ഇതു സംബന്ധിച്ച് പഠിക്കാൻ നിയോഗിച്ച വിദഗ്ദ്ധ കമ്മിറ്റിയുടെ റിപ്പോർട്ടിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ കരാറുണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയും ചെയ്തു. കൃഷി ആവശ്യത്തിന് വെള്ളം അളന്ന് നിരക്ക് നിശ്ചയിച്ച് നൽകണമെന്ന് അന്ന് അംഗീകരിച്ചെങ്കിലും നിർമ്മാണച്ചെലവുകളുടെയും അറ്റകുറ്റപ്പണി കളുടെ ചെലവുകളുടെയും വിഹിതം വഹിക്കുന്ന വിധം ഒരു ജോയിന്റ് എഗ്രിമെന്റ് ഉണ്ടാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് 7–11–2000–ത്തിൽ തമിഴ്നാട് വീണ്ടും കേരളത്തിന് കത്ത് നൽകിയെങ്കിലും എഗ്രിമെന്റ് ഒപ്പിടേണ്ട തില്ലെന്നും മുല്ലപ്പെരിയാർ, മറ്റു നദീജല പ്രശ്നങ്ങൾ എന്നിവ തമിഴ്നാടുമായി ചർച്ച ചെയ്ത് കേരളത്തിന് അനുകൂലമായ നടപടിയുണ്ടാക്കാൻ കഴിയണ മെന്നുമായിരുന്നു 20.–11–2000–ലെ തീരുമാനം. അത്തരത്തിൽ ഒരു തീരുമാന ത്തിലേയ്ക്ക് പോകേണ്ടതിന്റെ അടിസ്ഥാനത്തിലാണ് നെയ്യാർ ഡാമിലെ വെള്ളം തമിഴ്നാടിന് കൊടുക്കാനും അതോടൊപ്പം കേരളത്തിന്റെ പൊതു താൽപ്പര്യം സംരക്ഷിക്കാനുമുള്ള ഈ നടപടിക്ക് ഗവണ്മെന്റ് തയ്യാറായത്. 5–12–2003–ൽ കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ട് നിലവിൽ വന്നതിനുശേഷവും രണ്ടു വർഷക്കാലം വരെ തമിഴ്നാടിന് വെള്ളം കൊടുത്തുകൊണ്ടിരുന്നു. ഏതെങ്കിലും തരത്തിലുള്ള എഗ്രിമെന്റുണ്ടാക്കാനും ഈ കാലഘട്ടത്തിൽ ഗവണ്മെന്റ് തയ്യാറായിട്ടില്ല. വിളവൻകോട് താലൂക്കിൽ കൃഷി ആവശ്യത്തിന് വെള്ളം വിട്ടുകൊടുക്കാനായി 22–8–05–ൽ ജലവിഭവ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടിയും ചേർന്ന് എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വെള്ളം വിട്ടുകൊടുക്കാമെന്ന് തമിഴ്നാടിനെ അറിയിക്കാൻ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയതായുള്ള രേഖകൾ ഉണ്ട്. 2004–നു

ശേഷവും വെള്ളം വിട്ടുകൊടുക്കാൻ യു.ഡി.എഫ്. ഗവണ്മെന്റ് തത്വത്തിൽ രേഖാപരമായി അംഗീകരിച്ചിട്ടുണ്ട്. വെള്ളം വിട്ടുകൊടുക്കുന്നതിനായി കരാറുണ്ടാക്കാൻ  കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ടിലെ സെക്ഷൻ 30 അനുസരിച്ച് നിയമസഭയുടെ അംഗീകാരം വേണമെന്നുള്ളത് ഈ സന്ദർഭത്തിലാണ് നിയമവകുപ്പ് ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയത്. എന്നാൽ പ്രസ്തുത വകുപ്പ് വെള്ളം കൊടുക്കു ന്നതിന് തടസ്സമാകുകയില്ല എന്നാണ് ഗവണ്മെന്റ് ഫയലിൽ രേഖപ്പെടുത്തിയി ട്ടുള്ളത്. ഈ തീരുമാനം ശരിയല്ലെന്നും സെക്ഷൻ 30 അനുസരിച്ച് നിയമസഭയുടെ അംഗീകാരമില്ലാതെ വെള്ളം കൊടുക്കുന്നത് നിയമവിരുദ്ധമായ നടപടിയാണെന്നുള്ള  നിയമ വകുപ്പ് സെക്രട്ടറിയുടെ ഉപദേശത്തിന്റെ അടിസ്ഥാനത്തിലാണ്  ഇപ്പോൾ തമിഴ്നാടിന് കൃഷി ആവശ്യത്തിനായി വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ വെള്ളം കൊടുക്കാൻ ഈ ഗവണ്മെന്റ് തീരുമാനിക്കുന്നത്. ഇതൊരു പുതിയ കാര്യമല്ല. പഴയ ഗവണ്മെന്റിന്റെ തീരുമാനത്തിന്റെയും അവർ കൂടി അംഗീകരിക്കുന്ന വ്യവസ്ഥകൾ നടപ്പിലാക്കാനുള്ള ശ്രമവുമാണ് നടക്കുന്നത്. ഇത്തരത്തിൽ കേരളത്തിലെ ജനങ്ങളെയും പ്രതിപക്ഷത്തേയും വിശ്വാസത്തിലെടുത്ത് നെയ്യാറിൽനിന്ന് തമിഴ്നാടിന് വെള്ളം കൊടുക്കാൻ തീരുമാനിക്കുക വഴി മുല്ലപ്പെരിയാർ അണക്കെട്ടിന്റെ  സുരക്ഷിതത്വം, പറമ്പിക്കുളം-ആളിയാർ പ്രശ്നം തുടങ്ങിയ കേരളത്തിന്റെ പ്രശ്നങ്ങൾ ചർച്ച ചെയ്യാനുള്ള വേദിയായി  അത് ഉപയോഗപ്പെടുത്താമെന്നാണ് ഈ ഗവണ്മെന്റ് കരുതുന്നത്. നൂറ് വർഷത്തോളമായി  കേരളത്തിൽ നിന്ന് തമിഴ്നാടിന് വെള്ളം നൽകി ക്കൊണ്ടിരിക്കുകയാണ്. തുച്ഛമായ വിലയ്ക്കാണ് മുല്ലപ്പെരിയാറിൽനിന്ന് കേരളം വെള്ളം കൊടുക്കുന്നത്. വെള്ളമില്ലാത്ത സമയത്ത് ഇടുക്കി ഡാമിലെ

ഒരു ഷട്ടർ മാത്രം തുറന്നുപ്രവർത്തിച്ച കാലത്തും കേരളം തമിഴ്നാടിന് വെള്ളം കൊടുത്തിരുന്നു. ഇത്തരത്തിലുള്ള നടപടികൾ സ്വീകരിക്കുന്ന കേരളാ ഗവണ്മെന്റിനോട് തമിഴ്നാട് ഏകപക്ഷീയമായ, പ്രകോപനപരമായ സമീപനങ്ങളാണ് സ്വീകരിക്കുന്നത്. മുല്ലപ്പെരിയാർ ഡാമിന്റെ ഉയരം 136 അടിയിൽ നിന്ന് 152 അടിയായി ഉയർത്താൻ സുപ്രീംകോടതി അംഗീകാരം കൊടുത്തത് സംബന്ധിച്ച് പരിശോധിക്കേണ്ടതാണ്. എൽ.ഡി.എഫ്. ഗവൺമെന്റ് ഈ പ്രശ്നത്തെ ചിട്ടയോടുകൂടി, ഗൗരവതരമായി കൈകാര്യം ചെയ്തിട്ടുണ്ട്. ഡാം സേഫ്റ്റി അതോറിറ്റി പുന:സംഘടിപ്പിച്ച്, വിദഗ്ദ്ധരായ റിട്ടയർ ചെയ്ത ചീഫ് എൻജിനീയർമാർ സ്ഥലം സന്ദർശിച്ച് അതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. വിദഗ്ദ്ധരായ അഡ്വക്കേറ്റ്സിനെ ചുമതലപ്പെടുത്തി ഭൗമശാസ്ത്ര നിഗമനങ്ങളുടെ അടിസ്ഥാനത്തിൽ കേസ് വാദിക്കുകയും 110 വർഷം പഴക്കമുള്ള ഡാമിന്റെ കപ്പാസിറ്റി പരിശോധിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. നദീജല പ്രശ്നങ്ങൾ സംസ്ഥാനങ്ങൾ തമ്മിൽ ഉഭയകക്ഷി ചർച്ചയിലൂടെ രമ്യമായി പരിഹരിക്കേണ്ടതാണെന്ന സുപ്രീംകോടതി വിധി കേരളത്തിന് ആശ്വാസകരമാണ്. ഡാം കൂടുതൽ ബലപ്പെടുത്തേണ്ടതുണ്ട്. അന്തർ സംസ്ഥാന നദീജലത്തിന്റെ പട്ടികയിൽ ഈ പ്രശ്നം ഉൾപ്പെടുത്തുകയാണെങ്കിൽ 2003-ൽ പാസ്സാക്കിയ നിയമം ഡെഡ് ആകുകയും കേന്ദ്ര ഗവണ്മെന്റിന്റെ സഹായത്തിനായി കാത്തുനിൽക്കേണ്ടി വരികയും ചെയ്യും. കേരളത്തിലെ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്ന രീതിയിൽ നെയ്യാർ ഡാമിൽനിന്ന് വെള്ളം കൊടുക്കുന്നതിനും ഈ പ്രശ്നം പരിഹരിക്കുന്നതിനുമുള്ള നടപടികളാണ് സ്വീകരിക്കേണ്ടത്.

<u>ശ്രീ. വി.കെ. ഇബ്രാഹിംകുഞ്ഞ്</u>: 1971-ൽ അച്യുതമേനോൻ ഗവണ്മെന്റ് ആണ് മുല്ലപ്പെരിയാർ ഡാം സംബന്ധിച്ച കരാറുണ്ടാക്കിയത്. യാതൊരു പ്രതിഫലവും വാങ്ങാതെ അന്ന് തമിഴ്നാടിന് വൈദ്യുതി ആവശ്യത്തിനും കൃഷി ആവശ്യത്തിനുമായി വെള്ളം കൊടുത്തിരുന്നു. മുല്ലപ്പെരിയാറിന്റെ അപകടാവസ്ഥ കണക്കിലെടുത്ത് പുതിയ ഡാം നിർമ്മിക്കുന്നതിനോ ജലനിരപ്പ് ഉയർത്തരുതെന്നുള്ള കേരളത്തിന്റെ ന്യായമായ ആവശ്യം അംഗീകരിക്കാനോ തമിഴ്നാട് തയ്യാറാകാത്ത അവസരത്തിൽ നെയ്യാറിൽ നിന്ന് വെള്ളം കൊടുക്കുന്നതു സംബന്ധിച്ച് ചർച്ച ചെയ്യേണ്ടത് ആവശ്യമാണ്. 2003-ലെ ജലനിയമത്തിലെ ക്ളാസ് 30 അനുസരിച്ച് നിയമസഭയുടെ ഇന്റൻഷൻ അറിഞ്ഞുകൊണ്ടുമാത്രമേ കരാറുണ്ടാക്കാൻ പാടുള്ളൂ. മറ്റു സംസ്ഥാനങ്ങൾക്ക് വെള്ളം കൊടുക്കാനുള്ള തീരുമാനം ആരെടുത്താലും ജനങ്ങളോടുള്ള ഉത്തരവാദിത്വം നിറവേറ്റണം. മുല്ലപ്പെരിയാർ, പറമ്പിക്കുളം-ആളിയാർ കരാർ ലംഘനം, അച്ചൻകോവിൽ, ഭവാനിപ്പുഴ, കാവേരി ട്രൈബ്യൂണൽ പ്രശ്നങ്ങൾ എന്നിവ ചേർത്ത് ഒരു പാക്കേജുണ്ടാക്കി പ്രമേയം സഭയിൽ അവതരിപ്പിച്ചശേഷം തമിഴ്നാടിന് ന്യായമായ രീതിയിൽ ജലം കൊടുക്കാനുള്ള നടപടികൾ സ്വീകരിക്കണം.

<u>ശ്രീ. രാജാജി മാത്യു തോമസ്</u>: പ്രമേയത്തെ അനുകൂലിക്കുന്നു. സംസ്ഥാനത്തെ നാല് ജില്ലകളും 30 ലക്ഷത്തിലധികം വരുന്ന ജനങ്ങളും മുല്ലപ്പെരിയാറുമായി ബന്ധപ്പെട്ട് അപകട ഭീഷണിയിൽ നിൽക്കുമ്പോൾ പോലും അയൽ സംസ്ഥാനത്തിന്റെ ന്യായമായിട്ടുള്ള ആവശ്യങ്ങൾ അംഗീകരിക്കാൻ താൽപ്പര്യം കാണിക്കുന്നതുവഴി ഈ ഗവൺമെന്റിന്റെ ആത്മാർത്ഥതയാണ് വെളിവാകുന്നത്. അന്തർസംസ്ഥാന നദീജല കരാറുകൾ സംബന്ധിച്ച തർക്കങ്ങൾ തുടരുന്ന അവസരത്തിൽ ഇതൊരു കലാപമാകാതെ

കാണാൻ ഗൗരവപൂർവ്വം ശ്രദ്ധിക്കണം. കേരളത്തെ സംബന്ധിച്ചിടത്തോളം പരസ്പരാശ്രയത്വത്തിൽ മാത്രമേ നിലനിൽക്കാൻ കഴിയുകയുള്ളൂ. തമിഴ്നാടുൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽനിന്ന് തൊഴിലാളികൾ വന്നാൽ മാത്രമേ കേരളത്തിന്റെ വികസനം മുന്നോട്ടുപോകുകയുള്ളൂ എന്നത് കണക്കിലെടുത്തുകൊണ്ടുള്ള കരാറാണ് വേണ്ടത്. കഴിഞ്ഞ 40 വർഷമായി യാതൊരു പ്രതിഫലവും പറ്റാതെ തമിഴ്നാടിന് വെള്ളം നൽകിയെങ്കിലും കാലാനുസൃതമായ വില ഈടാക്കി വെള്ളം കൊടുക്കാനുള്ള കരാറുണ്ടാക്കാൻ ശ്രമിക്കണം. കരാർ നിബന്ധനകൾ സുതാര്യമായിരിക്കാൻ സർക്കാർ ജാഗ്രത പുലർത്തണം. സുപ്രീംകോടതി നിർദ്ദേശാനുസരണം നിലവിലുള്ള നദീജല തർക്കങ്ങളിൽ രമ്യവും നീതിപൂർവ്വവുമായ തീരുമാനം എടുക്കുന്നതിനുള്ള അന്തരീക്ഷം സൃഷ്ടിക്കണം.

ശ്രീ. ജോസ് തെറ്റയിൽ: കേരളവുമായുള്ള നദീജലകരാറുകളെല്ലാം തമിഴ്നാട് സർക്കാർ ലംഘിക്കുന്ന സ്ഥിതി അത്യന്തം അവധാനത യോടുകൂടിയും ദീർഘവീക്ഷണത്തോടുകൂടിയും കൈകാര്യം ചെയ്യേണ്ട ഒരു പ്രശ്നമാണ്. സംസ്ഥാനത്തിന്റെ താൽപ്പര്യം സംരക്ഷി ക്കുന്നതിന് ഉതകുന്ന അധികാരപത്രമായിരിക്കണം ഈ പ്രമേയം. ഇതു സംബന്ധമായ എഗ്രിമെന്റിന്റെ സുതാര്യത അറിയാൻ കേരളത്തിലെ ജനങ്ങൾക്ക് അവകാശമുള്ള സ്ഥിതിക്ക് ചർച്ച ചെയ്യാതെയുള്ള രഹസ്യകരാറിൽ ഗവണ്മെന്റ് ഏർപ്പെടരുത്. നദീജലതർക്കങ്ങൾ സംബന്ധിച്ച ട്രൈബ്യൂണലു കളിലും കോടതികളിലും അഭിഭാഷകരെ നിയോഗിക്കുന്ന കാര്യത്തിൽ തമിഴ്നാട് സർക്കാർ മാതൃക സ്വീകരിക്കണം.കക്ഷി രാഷ്ട്രീയത്തിനതീതമായി ഈ പ്രശ്നം കൈകാര്യം ചെയ്യുന്നതിനും സംസ്ഥാനത്തിന് നഷ്ടം വരുന്ന ഒരു കരാറിലും ഏർപ്പെടാതിരിക്കുന്നതിനും നടപടികൾ സ്വീകരിക്കണം.

<u>ശ്രീ.ജോസഫ് എം.പുതുശ്ശേരി</u>: നിയമവിരുദ്ധമായി മുഖ്യമന്ത്രി നടത്തിയ ഒരു നടപടിയെ ന്യായീകരിക്കുന്നതിനുവേണ്ടിയാണ് ഈ പ്രമേയം കൊണ്ടുവന്നിരിക്കുന്നത്. 2003–ലെ കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ടിലെ സെക്ഷൻ 30–ലെ കണ്ടീഷൻസ് അനുസരിച്ച് യാതൊരു ധാരണയുമില്ലാതെ കൊണ്ടുവന്നിട്ടുള്ള പ്രമേയത്തെ ന്യായീകരിക്കാൻ കഴിയില്ല. നാല് ജില്ലകളിലെ ജനങ്ങളുടെ നിലനിൽപ്പിനെ ഗുരുതരമായി ബാധിക്കുന്ന പ്രശ്നത്തെ യാഥാർത്ഥ്യബോധത്തോടുകൂടി കാണാതെ നിരന്തരമായ കരാർ ലംഘനമാണ് തമിഴ്നാട് നടത്തിക്കൊണ്ടിരിക്കുന്നത്. ഒൻപതാം കേരള നിയമസഭ നിയോഗിച്ച അഡ്ഹോക് കമ്മിറ്റിയുടെ റിപ്പോർട്ടിൽ കരാർ ലംഘനത്തെക്കുറിച്ച് പറയുന്നുണ്ട്. ഇതിന്റെ terms and conditions അറിഞ്ഞതിനുശേഷം അതിനനുകൂലമായി നിയമപരമായ റെസലൂഷൻ കൊണ്ടുവരേണ്ടതായിരുന്നു. കേരളത്തിൽ മിച്ച ജലമുണ്ടോ എന്ന് ശാസ്ത്രീയമായി പഠനം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കണം. സംസ്ഥാനത്തിന് ഭാവിയിൽ എത്രജലം വേണം, എത്രജലം കൊടുക്കാൻ കഴിയും എന്നതിനെക്കുറിച്ച് വിശകലനം നടത്താനും അടിസ്ഥാനപരമായ പരിശോധന നടത്താനും കഴിയണം. സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ പരിഹരിക്കാനും മറ്റ് സംസ്ഥാനങ്ങളുമായി ഉണ്ടാക്കിയിട്ടുള്ള നദീജല കരാറുകൾ പാലിക്കാനും കഴിയണം. 2003–ലെ കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ടിലെ സെക്ഷൻ 30–ൽ പറയുന്ന വ്യവസ്ഥയ്ക്കനുയോജ്യമായിട്ടല്ല ഈ പ്രമേയം കൊണ്ടുവന്നിട്ടുള്ളത്.

<u>ശ്രീ. പി.ജെ. ജോസഫ്:</u> പ്രമേയത്തെ അനുകൂലിക്കുന്നു. ഇത് വളരെ പ്രസക്തിയുള്ള പ്രമേയമാണ്. മിച്ച ജലം തമിഴ്നാടിന് കൊടുക്കുമ്പോൾ

കേരളത്തിലെ വരണ്ടുണങ്ങിയ മറ്റ് പ്രദേശങ്ങൾക്കും ആവശ്യമായ ജലം ലഭ്യമാകണം. പറമ്പിക്കുളം-ആളിയാർ ജലം തിരിച്ചുവിടുന്ന സ്ഥലത്തെ ഉദ്യോഗസ്ഥന്റെ കെടുകാര്യസ്ഥതമൂലം കേരളത്തിന് അർഹതപ്പെട്ട വെള്ളംപോലും തമിഴ്നാട്ടിലേയ്ക്ക് പോവുകയാണ്. ഇത്തരം കാര്യങ്ങളിൽ സർക്കാർ കൂടുതൽ ശ്രദ്ധ പതിപ്പിക്കണം. വെള്ളം കൊടുക്കുന്നത് സംബന്ധിച്ച് ഗവൺമെന്റ് ബുദ്ധിപൂർവ്വമായ സമീപനം സ്വീകരിച്ചത് നന്നായി. മുല്ലപ്പെരിയാർ പരിപൂർണ്ണമായി കേരളത്തിലാണ് ഇതൊരു അന്തർ സംസ്ഥാന നദീജല തർക്കമല്ല. കേരളത്തിന്റെ താല്പര്യത്തെ ഹനിക്കാതെയും ലക്ഷക്കണക്കിനാളുകളുടെ ജീവിതത്തെ ബാധിക്കാതെയും മിച്ച ജലം കൊടുക്കാൻ കഴിയണം. അത്തരത്തിലുള്ള ശക്തമായ നിലപാടുകൾ ഈ പ്രമേയത്തിലുണ്ട്. അവ കർശനമായി നടപ്പാക്കാനുള്ള നടപടി കളുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

<u>ശ്രീ. പി.സി.ജോർജ്</u>: പ്രമേയത്തെ അനുകൂലിക്കുന്നു. 1941-ന് ശേഷം തമിഴ്നാടുമായിട്ടുള്ള അന്തർസംസ്ഥാന നദീജല തർക്കത്തിൽ ഒരു കേസിൽപ്പോലും കേരള ഗവൺമെന്റ് ജയിച്ചിട്ടില്ല എന്ന സത്യം നിഷേധിക്കാനാവില്ല. അമിത സ്വാധീനമുപയോഗിച്ച് തമിഴ്നാട് എപ്പോഴും വിജയം കൊയ്തുകൊണ്ടിരിക്കുകയാണ്. കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ടിലെ സെക്ഷൻ 30 അനുസരിച്ച് തമിഴ്നാടിന് വെള്ളം കൊടുക്കുന്നതിനെ എതിർക്കുന്നതിൽ ന്യായമില്ല. ഈ നിയമത്തെ സുപ്രീം കോടതിയിൽ തമിഴ്നാട് ചലഞ്ച് ചെയ്തിരിക്കുകയാണ്. നെയ്യാർ ഡാമിൽ വെള്ളം കുറവാണ്. പറമ്പിക്കുളം-ആളിയാർ കരാറനുസരിച്ചുള്ള ജലം കേരളത്തിന് ലഭ്യമാകുന്നില്ല. 2005-ൽ യു.ഡി.എഫ്. സർക്കാർ നിയമസഭയിൽ ചർച്ച ചെയ്യാതെ നെയ്യാർഡാമിൽനിന്ന് തമിഴ്നാടിന് വെള്ളം

കൊടുക്കാൻ തയ്യാറായെങ്കിലും നിയമവകുപ്പു സെക്രട്ടറിയുടെ ഇടപെടൽമൂലം നടപടി സ്വീകരിക്കാൻ കഴിഞ്ഞില്ല. ഇലക്ഷൻ പ്രഖ്യാപിച്ചതു മൂലം ഇതുസംബന്ധിച്ച് സർവ്വകക്ഷിയോഗം വിളിക്കാൻ കഴിഞ്ഞില്ലെന്ന പ്രതിപക്ഷത്തിന്റെ വാദം ന്യായീകരിക്കത്തക്കതല്ല. നിയമസഭയെപ്പോലും അറിയിക്കാതെയുള്ള ഒരു ഗൂഢശ്രമമാണ് യു.ഡി.എഫ്. സർക്കാർ നടത്തിയതെന്ന് രേഖകൾ പരിശോധിച്ചാൽ വ്യക്തമാകും. പറമ്പിക്കുളം–ആളിയാർ ഉൾപ്പെടെയുള്ള നദീജലകരാറുകളെ സംബന്ധിച്ച പ്രശ്നങ്ങളിൽ തമിഴ്നാടുമായി ചർച്ച ചെയ്ത് ഒരു തീരുമാനത്തിലെത്താൻ ഈ ഗവൺമെന്റിന് കഴിയുമെന്ന കാര്യത്തിൽ തർക്കമില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: പ്രമേയത്തെ എതിർക്കുന്നു. ഈ സ്റ്റാറ്റ്യൂട്ടറി പ്രമേയം ഓർഡറിലല്ല. കാലാനുസൃതമായ വില ഈടാക്കി നെയ്യാറിൽനിന്നും വാട്ടർ ഷെയറിംഗ് നടത്താം എന്ന് കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ടിലെ സെക്ഷൻ 30–ൽ പറയുന്നുണ്ട്. എന്നാൽ ആ വകുപ്പ് ഇൻവോക്ക് ചെയ്തുകൊണ്ടാണ് ഈ സ്റ്റാറ്റ്യൂട്ടറി പ്രമേയം കൊണ്ടുവന്നിട്ടുള്ളത്. വെള്ളം ഷെയർ ചെയ്യണമെങ്കിൽ ബെനിഫിഷ്യറീസുമായി കൺസൾട്ടേഷൻ വേണം എന്നുമാത്രമല്ല, അവിടെ അവയിലബിൾ ആയ വെള്ളത്തെയും ഡിമാൻഡിനെയും സംബന്ധിച്ച് ചർച്ച വേണമെന്നും സെക്ഷൻ 30–ൽ പറയുന്നുണ്ട്. ഈ സ്റ്റാറ്റ്യൂട്ടറി പ്രമേയം കൊണ്ട് 29–ാം വകുപ്പ് സാറ്റിസ്ഫൈ ചെയ്യുന്നില്ല എന്നതാണ് നിയമപ്രശ്നം. മുല്ലപ്പെരിയാർ അന്തർ സംസ്ഥാന നദീജല പ്രശ്നം സംബന്ധിച്ച് മുഖ്യമന്ത്രിയും വകുപ്പുമന്ത്രിയും രണ്ടഭിപ്രായങ്ങളാണ് പറഞ്ഞിട്ടുള്ളത്. മുല്ലപ്പെരിയാർ ഒരു ഇന്റർ സ്റ്റേറ്റ് വാട്ടർ ഇഷ്യൂ ആണോയെന്ന് വ്യക്തമാക്കണം. ഈ പ്രമേയം കേരളത്തിന്റെ താൽപ്പര്യങ്ങൾക്കു

വിരുദ്ധമാണ്. കേരളത്തിന്റെ താൽപ്പര്യം പരിഗണിച്ച് വേണം നെയ്യാറിലെ വെള്ളം തമിഴ്നാടിന് കൊടുക്കാനെന്ന അഭിപ്രായമാണ് പ്രതിപക്ഷ ത്തിനുള്ളത്. കേരളവും തമിഴ്നാടുമായുള്ള ഇഷ്യൂസെല്ലാം ഒരുമിച്ച് ചർച്ച ചെയ്ത് പരിഹരിക്കണം. ഇപ്പോൾ പെട്ടെന്ന് ഒരു ചർച്ചയ്ക്ക് സാഹചര്യം വന്നത് ഡാമിനടുത്ത് ഭൂകമ്പം ഉണ്ടായതുകൊണ്ടാണെന്നത് സമ്മതിക്കുന്നു. strategy-യിൽ മാറ്റം വരുത്തി തമിഴ്നാടിനെ കേരളത്തിന്റെ വരുതിയിൽ കൊണ്ടുവരാൻ കഴിയണം. നെയ്യാറിലെ വെള്ളം തമിഴ്നാടിന് നൽകി ബദലായി പറമ്പിക്കുളം-ആളിയാർ പദ്ധതിയിൽനിന്ന് വെള്ളം വാങ്ങാൻ തീരുമാനിച്ചിട്ടില്ല എന്നാണ് 27-9-06-ന് ജലവിഭവ വകുപ്പുമന്ത്രി സഭയിൽ പറഞ്ഞത്. എന്നാൽ മുഖ്യമന്ത്രി പറഞ്ഞത് പറമ്പിക്കുളം-ആളിയാറിൽ ഡ്യൂവായി കിടക്കുന്ന വെള്ളം കിട്ടുന്നതിനുവേണ്ടി നമ്മൾ നടപടിയെടുക്കുന്നുവെന്നാണ്. ഇതു സംബന്ധിച്ച് വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും തമ്മിൽ ആശയവിനിമയം ഉണ്ടായിട്ടില്ല. പറമ്പിക്കുളം-ആളിയാറിലെ മണക്കടവ് വിയറിൽ നിന്നും കരാറനുസരിച്ച് കേരളത്തിന് അർഹതപ്പെട്ട വെള്ളത്തിന്റെ വിഹിതം ലഭ്യമാക്കണം. അതിന് പകരമാണ് നെയ്യാറിലെ വെള്ളം കൊടുക്കുന്നത് എന്ന മുഖ്യമന്ത്രിയുടെ കേരള വെബ്സൈറ്റിലെ പ്രസ്താവന ന്യായീകരിക്കാനാവില്ല. അത്തരമൊരു തീരുമാനം സർക്കാർ എടുത്താൽ അത് കേരളത്തിന് മരണക്കുടുക്കാ യിരിക്കും; ഇത് നിയമപരമായി തെറ്റാണ്; തന്ത്രപരമായ പാളിച്ചയാണ്. ഇത് തിരുത്താൻ ഗവൺമെന്റ് തയ്യാറാകണം. നാഞ്ചിനാട്ടിൽ ജീവിക്കുന്ന ജനങ്ങൾക്ക് വെള്ളം കൊടുക്കുന്നതിൽ പ്രതിപക്ഷത്തിന് തർക്കമില്ല. നിയമത്തിലെ 30-ാം വകുപ്പിലെ വ്യവസ്ഥകൾ പാലിക്കാതെ ഇത്തരമൊരു

പ്രമേയം കൊണ്ടുവന്നതിനെ അനുകൂലിക്കാൻ കഴിയുകയില്ല. കേരളത്തിന് അധികജലമുണ്ടെന്നു വന്നാൽ, അത് പണം കൊടുത്താൽ മാത്രമേ കിട്ടൂ എന്നു വന്നാൽ കേരളത്തിനെതിരെ സുപ്രീംകോടതിയിൽ തമിഴ്നാടിന് കൊടുക്കാവുന്ന ഏറ്റവും വലിയ ആയുധമായിരിക്കും. അതിന് ഈ അസംബ്ളിയെ ഒരു മാനദണ്ഡമാക്കരുത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ.എൻ.കെ.പ്രേമചന്ദ്രൻ): പ്രമേയം സംബന്ധിച്ച് ഇരുവശത്തു നിന്നും ഉയർന്നുവന്ന ക്രിയാത്മക നിർദ്ദേശങ്ങളെ സ്വാഗതം ചെയ്യുന്നു. സംസ്ഥാനത്തിന്റെ ഉത്തമ താൽപ്പര്യം പരിഗണിച്ച് കരാറനുസരിച്ചു മാത്രമേ തമിഴ്നാടിന് വെള്ളം കൊടുക്കുന്ന കാര്യത്തിൽ ഇടപെടുകയുള്ളൂ എന്ന കാര്യം ആദ്യമായി സഭയ്ക്ക് ഉറപ്പുനൽകുന്നു. ഈ പ്രമേയം സഭ പാസ്സാക്കിയാൽ അത് സംസ്ഥാനത്തിന്റെ മരണക്കുടുക്കായിരിക്കും എന്നു മനസ്സിലാക്കി കഴിഞ്ഞ ഗവൺമെന്റ് അതിനെതിരെ നിലപാട് സ്വീകരിക്കാത്തതിന്റെ ഫലമാണ് ഇന്ന് സംസ്ഥാനം നേരിടുന്നത്. ഇതൊരു തർക്കപ്രശ്നമായി കൊണ്ടുപോകണമെന്ന് സർക്കാർ ആഗ്രഹിക്കുന്നില്ല എന്നുള്ളതുകൊണ്ട് തന്നെ അത്തരം ഉള്ളടക്കത്തിലേയ്ക്ക് പോകുന്നില്ല. യു.ഡി.എഫ്. ഗവൺമെന്റിന്റെ കൺസിസ്റ്റന്റ് പോളിസിയായിരുന്നു ഈ കേസ്. ഒരിക്കൽ ശ്രീ. ടി.എം. ജേക്കബ് പി.എ.പി.യുടെ ചർച്ച വേണമെന്ന് പറഞ്ഞിരുന്നതുമാണ്. റെസലൂഷൻ അനുസരിച്ചു മാത്രമേ പാടുള്ളൂ എന്നിരിക്കെ 2003-ലെ ആക്റ്റിലെ സെക്ഷൻ 30 ഒരു ബ്ളോക്കിംഗ് സ്റ്റമ്പ് ആയിക്കൂടാ. 2003-ലെ ബില്ലിനെക്കുറിച്ച് ഇപ്പോൾ സൂചിപ്പിക്കുന്നത് ഈ വിഷയവുമായി ബന്ധപ്പെട്ട സംഗതികളല്ല. റെസലൂഷന്റെ അടിസ്ഥാനത്തിൽ കാലാനുസൃതമായി വില ഈടാക്കി വെള്ളം കൊടുക്കുക എന്നത് ഇൻ ടേംസ് ഓഫ് ദി റെസലൂഷൻ ആണ്. ടേംസ് ആന്റ് കണ്ടീഷൻസിലെ

ബാർഗേയ്നിംഗ് പോയിന്റ് വരുന്നത് കേരളം തമിഴ്നാടിന് വെള്ളം കൊടുക്കാനുള്ള എഗ്രിമെന്റിലേയ്ക്ക് പോകുമ്പോൾ മാത്രമാണ്. അപ്പോഴുള്ള ചർച്ചയിൽ ആണ് ടേംസ് ആന്റ് കണ്ടീഷൻസ് വരുന്നത്. ആ സന്ദർഭത്തിൽ മുല്ലപ്പെരിയാർ പ്രശ്നം, പി.എ.പി., ശിരുവാണി കരാർ തുടങ്ങിയവ ചർച്ച ചെയ്യാവുന്നതാണ്. 2003-ലെ കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ടിലെ 30-ാം വകുപ്പനുസരിച്ച് പ്രതിപാദിച്ചിരിക്കുന്ന പ്രമേയത്തിലെ നിബന്ധനകൾക്കനുസൃതമായി അംഗീകരിച്ചുണ്ടാക്കുന്ന കരാർ എന്നു പറയുമ്പോഴും ഏതൊക്കെ നിബന്ധനകൾ ആണെന്ന് നിഷ്ക്കർഷിക്കുന്നില്ല. സെക്ഷൻ 29-ൽ പറയുന്നത് വാട്ടർ ഡിസ്ട്രിബ്യൂഷന് ഒരു മാസം മുൻപ് ഇറിഗേഷൻ കലണ്ടർ പബ്ളിഷ് ചെയ്യണമെന്നാണ്. 29, 30 എന്നീ സെക്ഷനുകളുടെ സ്റ്റാറ്റ്യൂട്ടറി ലിമിറ്റേഷനിൽ നിന്നുകൊണ്ടുമാത്രം തയ്യാറാക്കിയ പ്രമേയം ആണ്. സെക്ഷൻ 30 ഓവർറൈഡ് ചെയ്ത് വെള്ളം കൊടുക്കാൻ യു.ഡി.എഫ്. സർക്കാർ ആലോചിച്ചിരുന്നതാണ് മുഖ്യമന്ത്രി തമിഴ്നാട് സർക്കാരിനെഴുതിയ കത്തിലോ കേരള സർക്കാരിന്റെ സത്യവാങ്മൂലത്തിലോ മറ്റ് ഔദ്യോഗിക രേഖകളിലോ ഒരിടത്തും അന്തർസംസ്ഥാന നദീജല ഡിസ്പ്യൂട്ട് ആണെന്ന് പറയുന്നില്ല. ഇന്റർസ്റ്റേറ്റ് റിവർ വാട്ടർ ഡിസ്പ്യൂട്ടും ഇന്റർസ്റ്റേറ്റ് വാട്ടർ ഇഷ്യൂവും വ്യത്യസ്തമാണ്. 1956-ലെ ഇന്റർസ്റ്റേറ്റ് വാട്ടർ ഡിസ്പ്യൂട്ട് ആക്റ്റിൽ ഇതിനെ സംബന്ധിച്ച് വ്യക്തമാക്കിയിട്ടുണ്ട്. പൂർണ്ണമായും നിയമത്തിനു വിധേയമായി മാത്രമാണ് സർക്കാർ ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചിട്ടുള്ളത്. കേരള നിയമസഭയിൽ ഒരു റെസലൂഷൻ പാസ്സാക്കി അതിന്റെ അടിസ്ഥാനത്തിലുണ്ടാക്കുന്ന എഗ്രിമെന്റ് അനുസരിച്ചു മാത്രമേ

തമിഴ്നാടിന് വെള്ളം കൊടുക്കാൻ കഴിയുകയുള്ളൂ. മുല്ലപ്പെരിയാറിലേയ്ക്ക് ജലം ഒഴുകിയെത്തുന്ന 114 സ്ക്വയർ കിലോമീറ്റർ ക്യാച്ച്മെന്റ് ഏരിയ തമിഴ്നാടിന്റേതാണെന്നാണ് കേരള വാട്ടർ റിസർവോയർ എന്ന പുസ്തകത്തിൽ തമിഴ്നാട് രേഖപ്പെടുത്തിയിരിക്കുന്നത്. മുല്ലയാറും പെരിയാറും സംഗമിക്കുന്ന മുല്ലപ്പെരിയാർ 11000 ഏക്കറിലാണെന്ന് കേരളം പറയുമ്പോൾ പ്രസ്തുത സ്ഥലം 5000 ഏക്കറിനു താഴെ മാത്രമേയുള്ളൂ വെന്നാണ് തമിഴ്നാട് പറയുന്നത്. ഇതിനെ സംബന്ധിച്ച് ഡിപ്ളോമാറ്റിക്ക് സ്റ്റേറ്റ്മാൻഷിപ്പായിട്ടുള്ള സമീപനമാണ് കേരള സർക്കാർ എടുത്തിരിക്കുന്നത്. വിളവൻകോട് വില്ലേജിലെ കർഷകർക്ക് വർഷങ്ങളായി നൽകിവന്നിരുന്ന വെള്ളം 2004-ൽ സ്റ്റാറ്റ്യൂട്ടറി റെസലൂഷൻ എന്ന സാങ്കേതിക പ്രശ്നത്തിന്റെ പേരിൽ നിഷേധിച്ചതിനെ നിയമപരമായ സാങ്കേതികത്വം പരിഹരിച്ച് വെള്ളം കൊടുക്കാൻ കാണിച്ച ഇടതു സർക്കാരിന്റെ മാഗ്നാനിമസ് അപ്രോച്ചിനെ കേന്ദ്രസർക്കാരും പ്രധാനമന്ത്രിയും പ്രശംസിക്കുമെന്നതിൽ യാതൊരു തർക്കവുമില്ല. അപ്രോച്ചിന്റെ ഭാവിയെക്കുറിച്ച് പ്രവചിക്കാൻ സാധിക്കി ല്ലെങ്കിലും ഇക്കാരത്തിൽ സദുദ്ദേശമാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്.

പ്രതിപക്ഷ നേതാവ് <u>(ശ്രീ. ഉമ്മൻചാണ്ടി):</u> തമിഴ്നാടിന് വെള്ളം കൊടുക്കുന്നതിൽ ആരും എതിരല്ല; നടപടിക്രമങ്ങളെ സംബന്ധിച്ചു മാത്രമേ തർക്കമുള്ളൂ. 2003-ലെ നിയമത്തിന് കോട്ടം വരാത്തവിധത്തിലായിരിക്കണം നടപടിക്രമം. ഇക്കാര്യത്തിൽ ഒരു ചെക്ക് ആന്റ് ബാലൻസ് വേണം. സ്റ്റേറ്റിന്റെ താൽപ്പര്യങ്ങൾ ബലികഴിച്ചുകൊണ്ടാവരുത് തമിഴ്നാടിന് വെള്ളം കൊടുക്കുന്നത്. കരാർ ഉണ്ടാക്കുന്നതിനുള്ള അനുമതി നൽകുമ്പോൾ ചർച്ചയുടെ അടിസ്ഥാനത്തിലുള്ള കാര്യങ്ങൾ നിയമസഭ കൂടി അറിയേണ്ടതുണ്ട്. മുഖ്യമന്ത്രി കത്തെഴുതുന്നതിനുമുൻപ് സംസാരിച്ചപ്പോൾ

അഭിപ്രായവ്യത്യാസമില്ലെന്നു അറിയിച്ചിരുന്നു. അതുകൊണ്ട് ഇക്കാര്യത്തിൽ ഒരു ചർച്ചയ്ക്ക് ആലോചിക്കണം.

മുഖ്യമന്ത്രി (ശ്രീ.വി.എസ്.അച്ചുതാനന്ദൻ): 2003–ലെ നിയമം പാസ്സായതിനുശേഷം രണ്ട് പ്രാവശ്യം തമിഴ്നാടിന് വെള്ളം കൊടുക്കാൻ യു.ഡി.എഫ്. ഗവൺമെന്റ് ആലോചിച്ചിട്ടുണ്ട്. ഇപ്പോൾ എൽ.ഡി.എഫ്. സർക്കാർ ഈ നിയമത്തെ മാനിച്ചുകൊണ്ട് ഒരു പ്രമേയം നിയമസഭയിൽ കൊണ്ടുവന്ന് സഭയുടെ അനുമതിയോടുകൂടി നടപ്പിലാക്കാൻ ശ്രമിക്കുകയാണ്. ഈ നിയമം നിലനിൽക്കെ അസംബ്ളിയിൽ ഒരു പ്രമേയം കൊണ്ടുവരാൻ കൂട്ടാക്കാതെ വെള്ളം കൊടുക്കാൻ സാധിച്ചില്ല, വരൾച്ച വന്നു, വെള്ളം കൊടുക്കാൻ ആഗ്രഹിച്ചിരുന്നു എന്നുപറയുന്നത് എന്തിനാണെന്ന് മനസ്സിലാകുന്നില്ല. തമിഴ്നാട് മുഖ്യമന്ത്രിക്ക് കത്തെഴുതുന്ന തിനുമുൻപ് പ്രതിപക്ഷ നേതാവിനോട് അഭിപ്രായം ചോദിച്ചിരുന്നു. 152 അടി വരെ മുല്ലപ്പെരിയാറിലെ ജലനിരപ്പ് ഉയർത്തുന്നതിൽ തെറ്റില്ല എന്ന സുപ്രീം കോടതി വിധിയുടേയും ഇപ്പോഴത്തെ പ്രത്യേക സ്ഥിതിഗതികൾ സുപ്രീം കോടതിയെ ബോദ്ധ്യപ്പെടുത്തിയതിന്റെയും അടിസ്ഥാനത്തിൽ കേരളത്തിൽ മാത്രമല്ല ഇൻഡ്യയിലെ സംസ്ഥാനങ്ങൾ തമ്മിലുള്ള ജലതർക്കത്തെക്കുറിച്ച് സൗഹൃദമായ ചർച്ചവഴി തീരുമാനമെടുക്കേണ്ടതാണെന്നുള്ള വിധി വന്നിരിക്കുന്ന അനുകൂല സാഹചര്യത്തിലും പ്രകോപനപരമായി ഒട്ടേറെ കാര്യങ്ങൾ അവർ അവിടെ ചെയ്തു. ഇന്നത്തെക്കാൾ ഇരട്ടി പോലീസിനെ അവിടെ നിയോഗിച്ചു; തമിഴ്നാടിന്റെ പ്രദേശമാണ് അങ്ങോട്ട് പ്രവേശിക്കാൻ പാടില്ല എന്ന ബോർഡും വച്ചു; ഇങ്ങനെ എല്ലാ കുഴപ്പങ്ങളും കാണിച്ചിട്ടും മ്അദനിയുടെ കാര്യം കരുണാനിധിയുമായി സംസാരിക്കാനായി ചെന്നപ്പോൾ അദ്ദേഹം ആദ്യം പറഞ്ഞത് നെയ്യാറിലെ വെള്ളം തമിഴ്നാടിന് ലഭിച്ചുകൊണ്ടി

രുന്നതാണ് അത് നിറുത്തി, അത് കിട്ടുമോ എന്നറിയണം അതിനു ശേഷമാകട്ടെ മ്അദനിയുടെ കാര്യത്തിക്കുറിച്ചുള്ള ചർച്ച എന്നാണ്. പറമ്പിക്കുളം–ആളിയാർ കരാറിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ഏഴ് ടി.എം.സി. വെള്ളത്തിനുപകരം രണ്ട് ടി.എം.സി. വെള്ളം തന്നിട്ട് ബാക്കി മഴ വെള്ളം അടക്കം 7 ടി.എം.സി. തന്നു എന്ന് കണക്ക് പറഞ്ഞ് പാലക്കാട്ടെ കൃഷിക്കാരുടെ ഇരുപ്പൂ കൃഷി തുടർച്ചയായി 3 വർഷം കരിഞ്ഞു പോകുന്നതിന് ഇടയായ സാഹചര്യത്തിലാണ് നെയ്യാറിലെ വെള്ളം തൽക്കാലത്തേയ്ക്ക് തടഞ്ഞതെന്നും അത് തരാൻ തന്നെയാണ് ഉദ്ദേശിച്ചിരുന്നതെന്നും അറിയിച്ചു. മുല്ലപ്പെരിയാർ, പറമ്പിക്കുളം–ആളിയാർ കരാറുകളെ സംബന്ധിച്ചിടത്തോളം അത് നടപ്പിലാക്കാനുള്ള ഒരു സംവിധാനം ഉണ്ടായതിനുശേഷം നെയ്യാറിലെ വെള്ളം തുറന്ന് വിടുന്നതാണ് എന്ന് പറഞ്ഞിട്ടാണ് മ്അദനിയുടെ പ്രശ്നത്തിലേയ്ക്ക് കടന്നത്. പ്രതിപക്ഷ നേതാവുമായി സംസാരിച്ചാണ് കത്തെഴുതിയത്. കൂടിയാലോചനവഴി പ്രശ്നം പരിഹരിക്കണമെന്ന സുപ്രീം കോടതിയുടെ വിധി നടപ്പിലാക്കുന്നതിനുള്ള anxiety യാണ് സംസ്ഥാനം കാണിക്കുന്നതെന്നും കേരളമാണ് ഇക്കാര്യത്തിൽ മുൻകൈ എടുത്തിരിക്കുന്നതെന്ന് സുപ്രീം കോടതിക്ക് തോന്നാൻകൂടിയാണ് ഇങ്ങനെ ചെയ്തത്. നെയ്യാറിലെ വെള്ളം കൊടുക്കാൻ കേരള ഗവൺമെന്റ് സന്നദ്ധമാണെന്ന് അറിയിച്ചു. ഇത് രണ്ടുംകൂടി അന്തരീക്ഷം നന്നാക്കും എന്ന ഉദ്ദേശം മാത്രമാണ് ഈ സംരംഭത്തിന് പിന്നിലുള്ളതെന്ന് പ്രതിപക്ഷാംഗങ്ങൾക്ക് അറിയാം. മുൻ ഗവൺമെന്റ് കാണിച്ച അബദ്ധങ്ങൾ ഈ ഗവൺമെന്റും കാണിക്കണം എന്ന നിർബന്ധമാണ് യു.ഡി.എഫ്–നുള്ളത്. മുല്ലപ്പെരിയാർ പ്രശ്നത്തിൽ സുബ്രഹ്മണ്യംസ്വാമി കേരളത്തിനെതിരായി കേസ് കൊടുത്ത

പ്പോൾ മുൻ ഗവൺമെന്റ് അതിന്റെ പുറകേ പോകുകയായിരുന്നു. ഈ പ്രശ്നം കോടതിവഴി കൈകാര്യം ചെയ്യാൻ പാടില്ല, 100 വർഷം മുമ്പുണ്ടാക്കിയ കരാറിൽ സംസ്ഥാനങ്ങൾ തമ്മിൽ എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടായാൽ ആർബിട്രേഷൻ വഴിമാത്രമേ പരിഹാരം ഉണ്ടാക്കാൻ പാടുള്ളൂ എന്നാണ് കരാറിലെ വ്യവസ്ഥ. ആർബിട്രേഷൻവഴി മാത്രമേ തീരുമാനം എടുക്കാവൂ എന്ന് പറഞ്ഞിരിക്കെ സുബ്രഹ്മണ്യംസ്വാമി കേരളത്തിനെതിരായി കേസ് കൊടുത്തപ്പോൾ ആർബിട്രേഷൻ വഴിയേ പ്രശ്നം പരിഹരിക്കാൻ കഴിയുകയുള്ളൂ എന്ന് സീനിയർ അഭിഭാഷകനെക്കൊണ്ട് വാദിക്കാൻ യു.ഡി.എഫ്. തയ്യാറായില്ല. കേസ് തോൽക്കാനും 142 അടി എന്നുള്ളത് 152 അടിയായി ഉയർത്താൻ കാരണമാവുകയും ചെയ്തത് കോടതിയിൽ കൈകാര്യം ചെയ്യാൻ പാടില്ലാത്ത പ്രശ്നത്തിന് യു.ഡി.എഫ്. കൂട്ടുനിന്നതുകൊണ്ടാണ്. ഇനിയെങ്കിലും ഒരു പുനർചിന്തയിലൂടെ ഈ കാര്യം സഭയുടെ ഏകകണ്ഠമായ പ്രമേയമാക്കി മാറ്റാൻ സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. കോടതി വിധിയുടെ സ്പിരിറ്റ് നടപ്പിലാക്കാൻ കേരളമാണ് മുൻപിൽ നിൽക്കുന്നതെന്ന് ബോദ്ധ്യപ്പെടണം. കേരളം നെയ്യാറിലെ വെള്ളം തരാൻ സന്നദ്ധത പ്രകടിപ്പിച്ചിരിക്കെ എന്തുകൊണ്ട് ചർച്ചയ്ക്ക് തയ്യാറാകുന്നില്ല എന്ന് അവിടത്തെ ജനങ്ങൾ മി. കരുണാനിധിയോട് ചോദിക്കണം. അതിനുവേണ്ടിയാണ് ശ്രമിക്കുന്നത്. 2003-ൽ നിയമം പാസ്സാക്കി, രണ്ട് തവണയായി വെള്ളം കൊടുക്കാമെന്ന് തീരുമാനമെടുത്തപ്പോഴും അന്ന് പ്രതിപക്ഷ നേതാവിനോട് ഒരു വാക്കുപോലും ചോദിച്ചിട്ടില്ല. ആ മര്യാദകേടല്ല ഈ ഗവൺമെന്റിനുള്ളത് എന്നതുകൊണ്ട് കത്ത് എഴുതുന്നതിന് പ്രതിപക്ഷ നേതാവിന്റെ സമ്മതം വാങ്ങിയിട്ടാണ് എഴുതിയത്. അതാണ് വസ്തുത.

പ്രതിപക്ഷ നേതാവ് <u>(ശ്രീ. ഉമ്മൻ ചാണ്ടി)</u>: നിയമം പാസ്സാക്കിയതിനു ശേഷം രണ്ട് തവണ വെള്ളം കൊടുത്തു എന്ന് പറഞ്ഞു. പ്രതിപക്ഷ നേതാവിനോട് ചോദിച്ചോ എന്നുള്ളത് അങ്ങേയ്ക്കറിയാം. നിയമം പാസ്സാക്കി അതിന്റെ റൂളും നടപടിക്രമങ്ങളും പൂർത്തിയായാൽ മാത്രമേ നിയമത്തിലെ വ്യവസ്ഥകൾ നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. നടപടിക്രമങ്ങൾ പൂർത്തിയായപ്പോൾത്തന്നെ വെള്ളം കൊടുക്കുന്നത് നിർത്തി. അതുകഴിഞ്ഞ് റെസലൂഷൻ കൊണ്ടുവന്നു. കടുത്ത വരൾച്ച കാരണം വെള്ളം കൊടുക്കുന്നത് സംബന്ധിച്ച് ചിന്തിക്കാൻ ആദ്യത്തെ ഒരു വർഷം അവസരം കിട്ടിയില്ല. നെയ്യാറ്റിൻകര താലൂക്കിനാവശ്യമുള്ള വെള്ളം വിതരണം ചെയ്യാൻ സാധിക്കാത്ത സ്ഥിതിവിശേഷം വന്നതുകൊണ്ട് കൊടുക്കാൻ സാധിക്കാതെപോയി. കഴിഞ്ഞവർഷം അവിടെനിന്നും ശക്തമായ സമ്മർദ്ദം വന്നു. വെള്ളം കൊടുക്കണമെന്നുതന്നെ ആഗ്രഹമുണ്ടായിരുന്നു. ഇതിനു വേണ്ടിയുള്ള നടപടികളുമായി മുന്നോട്ട് പോയതാണ്. അങ്ങ് പറഞ്ഞതിനോട് പൂർണ്ണമായും സഹകരിക്കാൻ തയ്യാറാണ്. പക്ഷേ ഇവിടെ വന്ന പ്രശ്നം ഒരു നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായ കാര്യത്തിന് കൂട്ടുനിൽക്കാൻ ബുദ്ധിമുട്ടുണ്ട്. നിയമത്തിൽ നടപടികൾക്ക് 'വിധേയമായി' എന്നാണ് പറഞ്ഞിട്ടുള്ളത്. തമിഴ്നാടിന് വെള്ളം കൊടുക്കുന്നതിന് പ്രതിപക്ഷം എതിരല്ല. പക്ഷേ നിയമാനുസൃതമായ നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടും സാധിച്ചില്ല. ആൾപാർട്ടി മീറ്റിംഗ് വിളിച്ചുകൂട്ടാൻ തീരുമാനിച്ചെങ്കിലും നടന്നില്ല. നടപടിക്രമങ്ങൾ പൂർത്തിയാക്കി നിയമത്തിന് വിധേയമാക്കി വെള്ളം കൊടുക്കുന്നതിന് എതിരല്ല. നിയമത്തിന് വിരുദ്ധമായി പ്രമേയം കൊണ്ടുവരികയും അതിൽത്തന്നെ ഉറച്ചുനിൽക്കുകയും ചെയ്യുന്ന

ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശേഷിക്കുന്ന സഭാ നടപടികൾ ബഹിഷ്ക്കരിക്കുന്നു.

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം തുടർന്നുള്ള സഭാനടപടികൾ ബഹിഷ്ക്കരിച്ച് സഭവിട്ട് പുറത്തുപോയി.)

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

പ്രമേയം സഭ പാസ്സാക്കി.

സഭ വൈകുന്നേരം 6.44–ന് പിരിഞ്ഞു.